Q. 1164

# പുരാണകഥകൾ.

P. G. PILLAI,
TRIVANDRUM.

[വില അണ 6.

# പുരാണകഥകൾ.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

SREE KRISHNA VILASOM GRANDHASALA
9450
11/64

പി. ജി. പിള്ള,
തിരുവനന്തപുരം.

[വില അണ 6.

തിരുവനന്തപുരം

വി. വി. ബുക്കുഡിപ്പോ ഉടമസ്ഥനുവേണ്ടി,

കൊല്ലം വി. വി. പ്രെസ്സിൽ അച്ചടിക്കപ്പെട്ടതു്.

2-ാം പതിപ്പു കാപ്പി---1000.

1111.

# വിഷയവിവരം.

1 ശ്രീകൃഷ്ണജനനം.
2 കൃഷ്ണന്റെ ബാല്യചരിത്രം.
3 കൃഷ്ണനും, അൎജ്ജുനനും.
4 ധ്രുവചരിതം.
5 പരീക്ഷിത്ത്.
6 ദേവയാനിയുടെ ചരിത്രം.
7 ദശരഥനും ശ്രീരാമനും.
8 പരശുരാമനും രേണുകയും.
9 രാമനും ഭരതനും.
10 ജടായു.
11 ശ്രീകൃഷ്ണനും കുചേലനും.
12 ധൎമ്മപുത്രരും ശല്യരും.
13 പ്രഹ്ലാദൻ.
14 സത്യകാമജാബാലൻ.
15 ധൎമ്മപുത്രർ.
16 സുമിത്ര.
17 ഭീഷ്മർ.
18 അനുസരണം.
19 കണ്ണൻ.
20 ജീമൂതവാഹനൻ.

21 വിശ്വാമിത്രൻ.

22 ഒരു കഥ.

23 സ്യമന്തകം.

24 ദുൎയ്യോധനൻ.

25 രാവണൻ.

26 ദുൎവ്വാസാവു്.

27 നളൻ.

28 ഉദാരമതിയായ ഉദയൻ.

29 മന്ഥര.

30 വിഭീഷണൻ.

31 ബാലിവധം.

32 സീതാപരിത്യാഗം.

33 ഹരിശ്ചന്ദ്രൻ.

# പുരാണകഥകൾ.

---

9450
a. 1164

## ശ്രീകൃഷ്ണജനനം.

ഇന്ത്യാരാജ്യത്തിലുള്ള ലക്ഷോപലക്ഷം ജനങ്ങൾ കൃഷ്ണനെ ഈശ്വരന്റെ അവതാരമായി ആരാധിച്ചുവരുന്നു. അതുകയാൽ ഈ ഉത്തമപുരുഷന്റെ ചരിത്രം അറിയേണ്ടതു് ആവശ്യംതന്നെ. ആദ്യംഅദ്ദേഹത്തിന്റെ ജനനത്തെപ്പററിയുള്ള വിവരങ്ങൾ എന്തെല്ലാമെന്നു നോക്കാം.

ഭോജന്മാരുടെ രാജാവായി ഉഗ്രസേനൻ എന്നൊരാളുണ്ടായിരുന്നു. കംസൻ ഉഗ്രസേനന്റെ പുത്രനായിരുന്നു. പ്രായപൂർത്തിവന്നതോടുകൂടെ കംസൻ പിതാവിനെ വിഗണിച്ചു് ഭോജദേശത്തിന്റെ അധിപനായി. കംസൻ കാലനേമി എന്നൊരു അസുരൻ വീണ്ടും ഭൂലോകജാതനായതാണെന്നത്രേ ഐതിഹാസമതം. ഏതായാലും അയാൾ മദാന്ധനും ദുഷ്ടനും ആയിരുന്നു. ഉത്തരമഥുരയുടെ നാഥനായ ശൂരസേനന്റെ പുത്രൻ വസുദേവർ ബാലനായിരുന്നതിനാൽ മഥുരാരാജ്യത്തെ കംസൻ ബലാൽക്കാരേണ ഭരിച്ചുവന്നു. വസുദേവക്കു പ്രായപൂത്തിവന്നു; സുപ്രതിഷ്ഠിതനായ കംസനോടു പിണങ്ങി ജീവിക്കുന്നതു് അസാദ്ധ്യമെന്നുകണ്ടു് അദ്ദേഹം കംസന്റെ സോദരിയായ ദേവകിയെ വിവാഹംചെയ്തു് അയാളുടെ ബന്ധുവായി തീരാമെന്നുറച്ചു. വിവാഹവും നടന്നു.

അനന്തരം ധാരാളം സ്ത്രീധനത്തോടും ദേവകിയോടും വസുദേവൻ മഥുരയിലേക്കു പുറപ്പെടാനാരംഭിച്ചു. സോ

ദരിയിലുള്ള പ്രീതിമൂലം സാരഥിയായി കംസൻതന്നെ അവരുടെ തേർ നടത്തി. മാർഗ്ഗമദ്ധ്യേ എല്ലാവരും കേൾക്കത്തക്കവണ്ണം ഒരു അശരീരിയുണ്ടായി. അതു ഇപ്രകാരമായിരുന്നു. "അല്ലേ കംസാ! ഇത്രമാത്രം പ്രിയപ്പെട്ട നിൻെറ ഈ സോദരി പെററുണ്ടാകുന്ന എട്ടാമത്തെ പുത്രൻ നിന്നെ നിഗ്രഹിക്കും. നിനക്ക് അവനോടു നേർക്കാൻ സാധിക്കയില്ല. രക്ഷനേടാൻ ഉപായങ്ങൾ ആലോചിച്ചുകൊൾക." വിശദമായും സ്ഫുടാക്ഷരമായും ഉള്ള ഈ അശരീരിവാക്യം കേട്ട കംസൻ വല്ലാതെ അമ്പരന്നു. അയാളുടെ മനോഭാവം എല്ലാം പാടെ മാറി. ദേവകി തൻെറ ശത്രുവിൻെറ ഉൽപത്തിസ്ഥാനമെന്നു കണ്ടു് കുപിതനായ കംസൻ തേരുനിത്തിയിട്ടു് അവളുടെ തലമുടി ചുററിപ്പിടിച്ചുകൊണ്ടു് ഗളച്ഛേദം ചെയ്വാൻ വാളൂരിയോങ്ങി. സംഭ്രാന്തചിത്തയായ യുവതി ഉറക്കെ കരഞ്ഞു. ഈ കാഴ്ചകണ്ടു സഹിക്കാൻ കഴിയാതെ വസുദേവൻ ചെന്നു് കംസൻെറ ഖഡ്ഗോദ്യതകരം ഗ്രഹിച്ചുകൊണ്ടു് സമാധാനങ്ങൾ പലതും പറഞ്ഞുനോക്കി. ഒന്നും കംസനോടു ഫലിക്കുന്നില്ലെന്നുകണ്ടു് ഒടുവിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു. "അങ്ങു് ഇപ്പോൾ യൗവനയുക്തയും നവപരിണീതയും ആയ സ്വന്തം സോദരി, ദേവകിയെ കൊല്ലരുതു്. പെൺകൊലചെയ്തു എന്ന ലോകാപവാദം അങ്ങയ്ക്കുണ്ടാകും. മരണത്തിൽ ഇത്രമാത്രം ഭയമുണ്ടെന്നിരിക്കിൽ ഞാൻ ഒരു ഉപായം പറയാം. ഇവൾ പ്രസവിച്ചുണ്ടാകുന്ന ബാലകന്മാരെയെല്ലാം ഞാൻ അങ്ങയുടെ പക്കൽ ഏല്പിക്കാം. അവരെ ഇഷ്ടംപോലെ അങ്ങു ചെയ്തുകൊള്ളുക. ദേവകി അങ്ങയ്ക്കു നിരുപദ്രവയാകയാൽ അവളെ നിർദ്ദയം കൊല്ലേണ്ടാ."

ഇതു ശരിയാണെന്നു വിചാരിച്ചു് കംസൻ സഹോദരിയെ കൊല്ലാതെ ഭർത്താവുമൊത്തു യാത്രയാക്കിയിട്ടു് കൊ

ട്ടാരത്തിലേക്കു തിരിച്ചു. അന്നുമുതൽ അയാളുടെ മനസ്സ് അസ്വസ്ഥമായിത്തീർന്നു. ദേവകി ആദ്യം ഒരു ബാലകനെ പ്രസവിച്ചു. വാഗ്ദാനം അനുസരിച്ച് വസുദേവൻ കുട്ടിയെയുംകൊണ്ട് കംസസന്നിധിയിൽ ചെന്നു. തനിക്ക് ദേവകിയുടെ എട്ടാമത്തെ പുത്രനെ തന്നാൽ മതിയെന്നു കല്പിച്ച് സന്തുഷ്ടനായ കംസൻ ആ ബാലകനെ വസുദേവർ കൊണ്ടുപൊയ്ക്കൊള്ളുന്നതിന് അനുവദിച്ചു. വസുദേവർ ആനന്ദഭരിതനായി മടങ്ങി. അക്കാലം ദേവർഷി, നാരദൻ കംസനെ കാണ്മാൻ വന്നു. സംഭാഷണമദ്ധ്യേ മഹർഷി കംസനോടു ഇപ്രകാരം പറഞ്ഞു. "കംസാ! നീയും നിന്റെ ബന്ധുക്കളും അസുരവർഗ്ഗക്കാരാണ്. നിങ്ങളുടെ ശത്രുക്കളായ ദേവവർഗ്ഗത്തിലുൾപ്പെട്ട ചിലർ വൃഷ്ണ്യന്ധകഭോജന്മാരിൽവന്നു പിറന്നിരിക്കുന്നു. ഈശ്വരൻ യാദവാന്വയത്തിൽ നിന്നെ കൊല്ലുവാൻവേണ്ടി ഇതാ ജനിക്കാൻ പോകുന്നു. സ്വരക്ഷയ്ക്കുള്ള ഉപായം ശീഘ്രം ആലോചിച്ചുകൊൾക." നാരദൻ പോയി. കംസൻ പരിഭ്രമിച്ചു വശായി. ഈശ്വരഭക്തന്മാരായ ആളുകളെ അയാൾ നിഷ്ഠുരതരമായി ഉപദ്രവിച്ചുതുടങ്ങി. ആദ്യമായി വിഷ്ണുഭക്തനായ തന്റെ സ്വന്തം അച്ഛൻ ഉഗ്രസേനനെത്തന്നെ കംസൻ കാരാഗൃഹത്തിൽ അടച്ചു. അനന്തരം പൂതന തുടങ്ങിയുള്ള രാക്ഷസിമാരെയും വിവിദൻ തുടങ്ങിയ രാക്ഷസന്മാരെയും വൃഷ്ണികൾ, അന്ധകർ, ഗോപന്മാർ മുതലായവരിൽ ഉള്ള ശത്രുക്കളെ അന്വേഷിച്ചറിഞ്ഞു നിഗ്രഹിക്കുവാൻ ചാരരായി വിട്ടു. കംസന്റെ ഉപദ്രവം സഹിക്കാൻ ശക്തരല്ലാതെ പലരും കോസലം, വിദേഹം, വിദർഭം, നിഷധം എന്നിങ്ങനെയുള്ള രാജ്യങ്ങളിൽപോയി പാർപ്പുതുടങ്ങി.

ദേവകിക്കു ഏഴാമത്തെ ഗർഭം ഉണ്ടായി. എന്നാൽ ഭഗവന്മാഹാത്മ്യംകൊണ്ട് ആ ഗർഭം രോഹിണിയിൽ

പകൻ. ആ സ്ത്രീ ബലഭദ്രരാമനെ പ്രസവിച്ചു. അദ്ദേഹം അനന്തൻെറ അംശമാണെന്നത്രെ പൌരാണികമതം. ദേവകിയിൽ എട്ടാമത്തെ ഗർഭം ഉല്പാദിച്ചു. കംസന് ഹൃദയകമ്പം തുടങ്ങി. അയാൾ വസുദേവരേയും പത്നിയേയും കാരാഗാരത്തിൽ അടച്ചു്, ശൃംഖലകൊണ്ടു് ബന്ധിച്ചു. ഗർഭം പരിപൂർത്തിയെ പ്രാപിച്ചതോടെ കംസൻ സോദരിയെ വന്നു കണ്ടു. അംഗങ്ങളിൽ അസാധാരണമായ ഒരു തേജസ്സ് കാണുകയാൽ, ഉദരത്തിൽ തൻെറ വൈരിയായ വിഷ്ണുതന്നെ കിടക്കുന്നു എന്നു കംസൻ തീർച്ചപ്പെടുത്തി. പ്രസവിച്ചാൽ ഉടൻതന്നെ കുട്ടിയെ കൊന്നുകളവാൻവേണ്ടി ആ സമയം തെര്യപ്പെടുത്താൻ ഭോജേശൻ തൻെറ കിങ്കരന്മാരെ വസുദേവരും ദേവകിയും കിടക്കുന്ന ബന്ധനാലയത്തിനു ചുററും കാവലിട്ടു.

ചിങ്ങമാസത്തിൽ കറുത്തപക്ഷത്തിലെ അഷ്ടമിനാളിൽ നേരം അർദ്ധരാത്രിയായി. ഇടിമുഴക്കവും കുറേശ്ശ മഴയും ഉണ്ടായിരുന്നു. ആളുകൾ എല്ലാവരും ഉറക്കമായി. ആസമയം സ്വന്തം വിശ്വരൂപത്തിൽ വിഷ്ണു കൃഷ്ണനായി അവതരിച്ചു. വസുദേവൻ കൃഷ്ണനെ സ്തുതിച്ചു. കംസൻെറ ആളുകൾ പ്രസവവാർത്ത അറിഞ്ഞാൽ ഉടൻ എത്തുമെന്നും, അദ്ദേഹത്തെ വധിക്കുമെന്നും അറിയിച്ചു. തങ്ങളെയും ജനങ്ങളെയും കംസൻെറ അന്യായമായ ഭരണത്തിൽ നിന്നു രക്ഷിക്കണമെന്ന് വസുദേവർ അദ്ദേഹത്തോടു പ്രാർത്ഥിച്ചു. താൻ ശിശുവായിത്തീരുന്നുണ്ടെന്നും അപ്രകാരമായാൽ കംസൻ വരുംമുൻപെതന്നെ എടുത്തുകൊണ്ടു വൃന്ദാവനത്തിൽ എത്തി അവിടെ നന്ദഗോപരുടെ ഭാര്യയായ യശോദയുടെ സമീപം കിടത്തിയിട്ട് അവിടെനിന്നും യശോദ പ്രസവിച്ചിട്ടുള്ള പെൺകുട്ടിയെ കൊണ്ടുപോന്നുകൊള്ളണമെന്നും അങ്ങിനെ ആയാൽ എല്ലാം

PRESENTED BY:
SRI M. K. VASUDEVAN NAIR

ശുഭമായിത്തീരുമെന്നും കൃഷ്ണൻ പറഞ്ഞു; അനന്തരം അദ്ദേഹം ശിശുവായിത്തീൎന്നു.

ഈശ്വരകാരുണ്യത്താൽ വസുദേവരുടെ ബന്ധനം ഉടൻ വേർപെട്ടു. അദ്ദേഹം ശിശുവിനെയുംകൊണ്ടു് യമുനാനദി കടന്നു് അമ്പാടിയിൽ ചെന്നു. ഭഗവദ്വചനംപോലെ യശോദയുടെ അരികിൽ അപ്പോൾ പ്രസവിച്ച ഒരു പെൺകുട്ടി കിടപ്പുണ്ടായിരുന്നു. വസുദേവർ ആ പെൺകുട്ടിയെ എടുത്തിട്ടു് പുത്രനെ തൽസ്ഥാനത്തു കിടത്തി, ആരുമറിയാതെ മടങ്ങിപ്പോന്നു. പഴയപടി അദ്ദേഹം ബന്ധനഗൃഹത്തിൽ ആകയും ചെയ്തു. കുട്ടിയുടെ കരച്ചിൽ ഉച്ചത്തിൽ കേട്ടു കംസഭൃത്യന്മാർ ഉണൎന്നു. അവർ ഝടിതിയിൽ വിവരം ഭോജാധിപനെ അറിയിച്ചു. കംസൻ വേഗം എത്തി സോദരിയുടെ എട്ടാമത്തെ പ്രസവം അശരീരിവാക്കിനു വിരുദ്ധമായി ഒരു പെൺകുട്ടിയാണല്ലോ എന്നു് കംസൻ ആശ്ചര്യപ്പെട്ടു. ദേവകി വളരെ അഭ്യൎത്ഥിച്ചെങ്കിലും അതൊന്നും ശ്രദ്ധിക്കാതെ കംസൻ ശിശുവിനെയുംകൊണ്ടു് ഒരു പാറയുടെ സമീപം എത്തി. കംസൻ പെൺപൈതലിന്റെ പാദങ്ങൾ രണ്ടും ഗ്രഹിച്ചു പാറയിൽ അടിച്ചുകൊല്ലാൻ ഉയൎത്തി. തൽക്ഷണം ആ ശിശു അയാളുടെ കൈയിൽനിന്നും വഴുതി ആകാശത്തേയ്ക്കു് ഉയൎന്നു. കംസൻ മേൽപോട്ടു നോക്കി. കനകവൎണ്ണത്തിൽ ഉജ്ജ്വലിക്കുന്ന ഒരു സ്ത്രീയുടെ രൂപം അയാൾ കണ്ടു. തന്നെ ഹിംസിക്കാൻ തുടങ്ങിയതിന്റെ ഫലം അചിരേണ അയാൾക്കുണ്ടാകുമെന്നും, അയാളുടെ കാലനായി ഒരാൾ ഗോകുലവാടത്തിൽ ജനിച്ചിട്ടുണ്ടെന്നും അറിയിച്ചു് ആ ദിവ്യരൂപം മറഞ്ഞു. കംസൻ ഭയവിഹ്വല

നായി മടങ്ങി. മന്ത്രിമാരുടെ ആലോചനയോടുകൂടി പൂതനാദികളെ ശിശുവധത്തിനായി എല്ലാ പ്രദേശങ്ങളിലേക്കും അയച്ചു. എല്ലാ കുട്ടികളെയും നിഗ്രഹിച്ചാൽ ആ കൂട്ടത്തിൽ തന്റെ ശത്രുവും ഉൾപ്പെട്ടിരിക്കുമല്ലോ എന്നായിരുന്നു കംസന്റെ ആലോചന.

---

## കൃഷ്ണന്റെ ബാല്യചരിത്രം.

---

'വിളയുംവിത്ത് മുളയിലറിയാം' എന്ന പഴമൊഴി യഥാർത്ഥമാണ്. അനന്തരകാലങ്ങളിൽ വലിയ രാജ്യതന്ത്രജ്ഞനും, ബുദ്ധിമാനും, സർവ്വജ്ഞനുമായിത്തീർന്ന കൃഷ്ണൻ ആ വക ഗുണങ്ങളുടെ ലക്ഷണങ്ങളെല്ലാം ബാലനായിരുന്നപ്പോൾതന്നെ പ്രദർശിപ്പിച്ചുതുടങ്ങി. കൃഷ്ണന്റെ പ്രവൃത്തികളെല്ലാം സാധാരണയിൽ കവിഞ്ഞിരിക്കയാൽ അദ്ദേഹത്തെ അവതാരപുരുഷനായി പൌരാണികന്മാർ കീർത്തിച്ചിരിക്കുന്നു. ഹിന്ദുക്കൾ അമാനുഷനായ അദ്ദേഹത്തെ ഈശ്വരൻ എന്ന് ആരാധിച്ചുവരുന്നു.

യശോദ പ്രസവിച്ചത് ഒരു ആൺകുട്ടിയാണെന്നു കണ്ട് നന്ദഗോപൻ ഏററവും സന്തോഷിച്ചു. അദ്ദേഹം ഉടൻതന്നെ ബ്രാഹ്മണരെ വരുത്തി കുട്ടിയുടെ ജാതകർമ്മം വിധിയാംവണ്ണം നടത്തി. അടുത്ത ഒരു ദിനത്തിൽ നന്ദഗോപൻ ഭോജാധിപന് കപ്പംകൊടുക്കാനായി പോയി. മടങ്ങുംവഴി വസുദേവരെ കാണുകയും സൌഹാർദ്ദത്തോടെ ഇരുവരും കുശലപ്രശ്നംചെയ്കയും ചെയ്തു. പിരി

യുന്ന അവസരത്തിൽ, കാലം വളരെ ചീത്തയാണെന്നും ശത്രുക്കൾ ധാരാളം ഉള്ളതിനാൽ വളരെ സൂക്ഷിച്ചിരിക്കണമെന്നും വസുദേവർ നന്ദഗോപരെ ഓർമ്മിപ്പിച്ചു. നന്ദഗോപൻ വൃന്ദാവനത്തിൽ മടങ്ങിയെത്തിയപ്പോൾ അത്ഭുതാവഹവും ഭയോൽപാദകവുമായ ഒരു വാർത്ത കേട്ടു. ആയതു കംസൻെറ കിങ്കരിയായ പൂതനയെന്ന ഒരു രാക്ഷസിയെ പാലപ്പിള്ളയായ കൃഷ്ണൻ ജീവഹാനിവരുത്തിയ വൃത്താന്തമായിരുന്നു. പൂതന സുന്ദരിയായ ഒരു സ്ത്രീയുടെ വേഷം എടുത്തു് യശോദയുടെ ഭവനത്തിൽ ചെന്നു. അവൾ നേരേ കൃഷ്ണൻെറ അടുക്കൽ എത്തി. ഏതോ ഒരു ഗോപസ്ത്രീ ആയിരിക്കുമെന്നാണ് അവിടെ നിന്നവർ വിചാരിച്ചതു്. പൂതന ശിശുവിനെ എടുത്തു പതിവുപോലെ മുലകൊടുക്കാൻ തുടങ്ങി. അവളുടെ മുലയ്ക്കു് വിഷം തേച്ചിട്ടുണ്ടായിരുന്നു. കൃഷ്ണൻ തൃപ്തിയാംവണ്ണം മുല കുടിച്ചു. വിഷദോഷം കുട്ടിക്കു പററിയില്ല. മുലയിൽ പാൽ തീൎന്നു എന്നുകണ്ടു് കുട്ടി രക്തം ഊററി കുടിക്കുവാൻ തുടങ്ങി. രക്തംവഴിയായി ബാലകൃഷ്ണൻ പൂതനയുടെ പ്രാണങ്ങളേയും അപഹരിച്ചു. ഭീഷണമായ ആകൃതിയോടുകൂടെ അവൾ മരിച്ചുവീണപ്പോൾ മാത്രമാണ് അവൾ രാക്ഷസിയാണെന്ന കഥ എല്ലാവൎക്കും മനസ്സിലായതു്.

ഒരുദിവസം നന്ദഗോപരുടെ വസതിയിൽ വാതിൽപുറപ്പാടു സംബന്ധിച്ച ആഘോഷമായിരുന്നു. കൃഷ്ണനെ തനിയേ കിടത്തിയിട്ടു് യശോദ എന്തോ കാൎയ്യത്തിനായി അകലത്തായിരുന്നു. ഈ തക്കംനോക്കി കംസഭൃത്യനായ ശകടൻ എന്ന അസുരൻ ഉറങ്ങിക്കിടന്ന കുഞ്ഞിൻെറ അടുത്തെത്തി. അവിടെ വലിയ ഒരു ചാടു കിടപ്പുണ്ടായിരുന്നു! ശകടൻ അതിൽ പ്രവേശിച്ചു കുട്ടിയുടെ നേക്കു് ഉരുണ്ടുചെന്നു. കൃഷ്ണനു കാൎയ്യം മനസ്സിലായി. അദ്ദേ

ഹം കാൽമടക്കി ചാടിനെ ഒന്നു തൊഴിച്ചു. അതോടു കൂടി ചാടു തകൎന്നു് അസുരൻ മരിച്ചുവീണു. വലിയ ശബ്ദം കേട്ടു് ആളുകൾ എല്ലാവരും ഓടി എത്തി. യശോദ പുത്രനെ എടുത്തു. പരുക്കുകൾ ഒന്നും പററിയിട്ടില്ലെന്നു കണ്ടു് സമാശ്വസിച്ചു.

വേറൊരുദിവസം യശോദ കൃഷ്ണനെ എടുത്തുകൊണ്ടു നിൽക്കയായിരുന്നു. ക്രമേണ കുഞ്ഞിന്റെ ശരീരത്തിനു ഭാരം വൎദ്ധിച്ചുവരുന്നതായി യശോദയ്ക്കു തോന്നി. വഹിച്ചുകൊണ്ടു നില്ക്കാൻ കഴിയാതെ, അവൾ കുട്ടിയെ താഴെ കിടത്തി. ഉടൻതന്നെ തൃണാവൎത്തൻ എന്ന അസുരൻ ഒരു ചുഴലിക്കാററായി അടുത്തെത്തി, കൃഷ്ണനേയും കൊണ്ടു മേല്പോട്ടുയൎന്നു.

ധൂളിപടലം സൎവ്വത്ര വ്യാപിച്ചു് ആളുകൾക്കു കണ്ണു കാണ്മാൻ കഴിയാതായി. ചെറിയ കല്ലുകൾകൂടി, ചുഴന്നു പൊങ്ങുന്ന കാററിൽ ആകാശത്തിൽ ഉയൎന്നു എന്നു വരുമ്പോൾ കാററിന്റെ ഉഗ്രശക്തി ഇത്രമാത്രമെന്നു പറയേണ്ടല്ലോ. നന്ദഗോപൻ, യശോദ തുടങ്ങിയുള്ള ഗോപന്മാരും ഗോപികമാരും മോഹിച്ചുനിന്നു. പശുക്കൾ എല്ലാം വാലുംപൊക്കി നാലുദിക്കിലേക്കും കുതിച്ചു മണ്ടി. അല്പം കഴിഞ്ഞപ്പോൾ കല്ലുകൾ, മരക്കഷണങ്ങൾ, ഇലകൾ ഇവ ഓരോന്നായി നിലംപതിച്ചു. തൃണാവൎത്തൻ കൃഷ്ണനെ വളരെ മുകളിൽ കൊണ്ടുപോയി ഹിംസിക്കാൻ ഭാവിച്ചു. കൃഷ്ണൻ അസുരന്റെ കണ്ഠത്തിൽ അമുൎത്തിപ്പിടിച്ചു. ശ്വാസംവിടാൻ സാധിക്കാതെ ആ ദുഷ്ടൻ ശരീരം കുഴഞ്ഞു കീഴ്പോട്ടു പതിച്ചു. ഒരു പാറപ്പുറത്തു മലൎന്നുവീണു മരിച്ച തൃണാവൎത്തന്റെ നെഞ്ചത്തു പററിപ്പിടിച്ചു് നന്ദഗോപരുടെ മകനും ഇരിപ്പുണ്ടായിരുന്നു. ശിശുവിനു് യാതൊരു ക്ഷതങ്ങളും ഏററിട്ടില്ലെന്നുകണ്ടു് എ

ല്ലാവരും സന്തോഷഭരിതരായി. ബാലകൻ അമാനുഷൻതന്നെ എന്നും തീൎച്ചപ്പെടുത്തി. ഇപ്രകാരം അനവധി അപകടങ്ങളിൽനിന്നും സ്വജീവനെക്കൂടി രക്ഷിക്കേണ്ട ജോലി കൃഷ്ണനുണ്ടായിരുന്നു. ധൎമ്മസ്ഥാപനത്തിനുവേണ്ടി അനവധി പ്രതിബന്ധങ്ങളും തട്ടിത്തകൎക്കേണ്ട ശ്രമം അദ്ദേഹത്തിനു വന്നുകൂടി.

ഗൎഗ്ഗൻ എന്ന മുനിയാണ് യശോദയുടേയും, രോഹിണിയുടേയും പുത്രന്മാൎക്കു നാമകരണംചെയ്തതു്. മുനി, രൌഹിണേയനു് രാമനെന്നും, യശോദാനന്ദനനു് കൃഷ്ണൻ എന്നും പേർ കൊടുത്തു. കൃഷ്ണനിൽ മഹാപുരുഷലക്ഷണങ്ങൾ കാൺകയാൽ, കുട്ടി അമാനുഷനാണെന്നും തന്മൂലം പല ദുഷ്കരക്രിയകളും ചെയ്തു്, മേലിൽ തജ്ജന്യങ്ങളായ വിവിധനാമങ്ങൾ സ്വീകരിക്കുമെന്നും, ഈശ്വരന്റെ അവതാരംതന്നെയാണ് കൃഷ്ണനെന്നും മുനി നന്ദനോടു പറഞ്ഞു.

ബാല്യകാലത്തു കൃഷ്ണനോളം വിലാസഭംഗിയുള്ള കുട്ടികൾ ഇല്ലായിരുന്നു. കിങ്ങിണി, തള, വള, മണി, തുടൽ, പൊന്നരഞ്ഞാൺ, പുലിനഖം, കുഴൽമോതിരം ഇങ്ങിനെയുള്ള ആഭരണങ്ങളും അണിഞ്ഞുനില്ക്കുന്ന കാൎവ്വൎണ്ണനായ കൃഷ്ണനെ കാണുന്നതു് അമ്പാടിയിലെ പെണ്ണുങ്ങൾക്കൊക്കെ നേത്രോത്സവമായിരുന്നു. വളരെ ചെറുപ്പത്തിൽതന്നെ കൃഷ്ണനോളം വാഗ്മിത്വവും കൌശലവും ഉള്ള ബാലന്മാർ ഉണ്ടായിരുന്നില്ല. ഉദാഹരണമായി ഒരു കഥ പറയാം. യശോദ ഒരിക്കൽ കുറെ പുത്തുവെണ്ണ കൃഷ്ണൻകുട്ടിക്കു ഭക്ഷിക്കാൻ നല്കി. അദ്ദേഹം അതു വായിലിട്ടു വിഴുങ്ങി. കുറെ പാൽകൂടി കിട്ടിയാൽ കൊള്ളാമെന്നു കൊതിതോന്നി. അമ്മയുടെ അടുക്കൽനിന്നും അതുകൂടി തട്ടിക്കണമെന്നു നിശ്ചയിച്ചു് ആ മിടുമിടുക്കൻ ഒരു പ്രയോ

ഗംചെയ്യു. കുട്ടി, കണ്ണുതുറിച്ചു കണ്ഠവും വീൎപ്പിച്ചുനിന്നു് ഞെളിഞ്ഞുപിരിഞ്ഞു. ഇടയ്ക്കിടെ വിമ്മിഷ്ടപ്പെട്ടു ശ്വാസവും വിട്ടുതുടങ്ങി. പുത്രൻെറ ഈ ഭാവവ്യത്യാസം കണ്ടു പരിഭ്രമിച്ചു് യശോദ ഓടിവന്നു് കാരണം ചോദിച്ചു. താൻ മുൻപു ഭക്ഷിച്ച വെണ്ണ കണ്ഠത്തിൽ വിലങ്ങിയിരിക്കുന്നെന്നും, വേഗം കുറെ ചൂടുപാൽ വായിൽ ഒഴിച്ചുതരണമെന്നും, അല്ലാത്തപക്ഷം ശ്വാസം തടഞ്ഞു മരിച്ചുപോകുമെന്നും പ്രാണവേദനയോടെ മകൻ അമ്മയോടു പറഞ്ഞു. മകനോടുള്ള സ്നേഹാധിക്യത്താൽ സ്ത്രീയായ യശോദ പറഞ്ഞതു മുഴുവൻ വിശ്വസിച്ചു് വേഗം ഒരു പാത്രം പാലെടുത്തു കൊടുത്തു. അതു മുഴുവൻ കുടിച്ചു വയർ വീൎത്തപ്പോൾ അമ്മ മകനോടു കണ്ഠപ്രതിബന്ധം തീൎന്നോ എന്നു ചോദിച്ചു. താൻ വെണ്ണ വിലങ്ങിയെന്നു പറഞ്ഞതു് കള്ളമായിരുന്നെന്നും, പാലുകിട്ടാൻവേണ്ടി മാത്രം ആ പണിയെടുത്തതായിരുന്നുവെന്നും, അങ്ങിനെ ചെയ്തിരുന്നില്ലെങ്കിൽ അമ്മ പാൽ കൊടുക്കയില്ലായിരുന്നെന്നും കൃഷ്ണൻ പറഞ്ഞു. കുട്ടിയുടെ വാഗ്മിത്വത്തിനും, നയത്തിനും, ബുദ്ധിക്കും ഉദാഹരണങ്ങളായ ഇപ്രകാരമുള്ള അനവധി കഥകൾ ഉണ്ടു്. നിൎഭയമായി പ്രവൎത്തിക്കാൻ ഇത്ര പ്രാപ്തിയുള്ള ഒരാളിനെ കാണ്മാൻ പ്രയാസം തന്നെ.

നന്ദഗോപർ അമ്പാടിയിലെ ഇടയന്മാരുടെ നാഥനായിരുന്നു. ഇടയന്മാരുടെ കുലവൃത്തി ഗോരക്ഷയായിരുന്നു. രാമനും കൃഷ്ണനും ആ കുലത്തിൽ വളരുകയാൽ പ്രായമായപ്പോൾ മററു ഗോപാലന്മാരുമൊത്തു് പശുക്കളെ മേയ്ക്കാൻപോയി. ഇക്കാലങ്ങളിൽ കൃഷ്ണനെ കൊല്ലുന്നതിനായി കംസൻ പല ദുഷ്ടന്മാരെ അയച്ചുകൊണ്ടിരുന്നു. കേശി മുതലായ അവരെ കൃഷ്ണൻ കൊന്നു. കൂടാതെ ജനോപദ്രവകരങ്ങളായ പല സംഗതികൾക്കും അദ്ദേഹം

ശമനമുണ്ടാക്കി. കാളിന്ദിയിൽനിന്നും കാളിയനെന്ന സർപ്പത്തെ മാററിപ്പാർപ്പിച്ചു. ഗോപന്മാർ അനാവശ്യമായി ഇന്ദ്രനെ പൂജിച്ചുവന്ന പതിവു നിർത്തി. ഇന്ദ്രൻ കോപിച്ചു്, പേമഴകൊണ്ടു് അമ്പാടിവാസികളെ ഉപദ്രവിച്ചപ്പോൾ കൃഷ്ണൻ ഗോവർദ്ധനപർവ്വതം കുടയാക്കിപ്പിടിച്ചു് അവരെ രക്ഷിച്ചു.

ദിവ്യപുരുഷനായതുകൊണ്ടു് കൃഷ്ണന്റെ യൌവനാരംഭം കാലേകൂട്ടി വന്നുചേർന്നു. ഈ കാലം അമ്പാടിയിലെ നല്ലാർജ്ജനങ്ങൾക്കു് ഉത്സവമായിരുന്നു. അക്കാലത്തു കൃഷ്ണന്റെ ആകൃതിപ്രകൃതിവേഷങ്ങൾ ഇപ്രകാരമായിരുന്നു. വണ്ണം, ശ്യാമളം, വളർന്നുചുരുണ്ട തലമുടി, രക്താന്തങ്ങളായ ലോചനങ്ങൾ, ചെമന്ന അധരം, വിരിഞ്ഞ മാറു്, പാടലമായ കൈത്തലം, ആ നിറംതന്നെയുള്ള പാദം, ഈ വിധം ആകൃതിമനോഹരമായിരുന്നു. തലയിൽ മയിൽപീലി തിരുകിയ കേശഭാരവും, നെററിയിൽ ചന്ദനപ്പൊട്ടും, കഴുത്തിൽ പൊന്മണിയും വിശേഷപ്പെട്ട വനമാലയും, അരയിൽ പീതാംബരംചുററി വാലിട്ടുടുത്തതിന്മുകളിൽ ഉള്ള പൊന്നേലസ്സും, എല്ലാംകൂടി നന്നായിരുന്നു. എല്ലാവരെയും മയക്കുകയും എല്ലാവരെയും ഒരുപോലെ സ്നേഹിക്കയുംചെയ്യുന്ന പ്രകൃതമാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. ഈ കാലത്തു് അദ്ദേഹത്തിനു മധുരമാംവണ്ണം മുരളി വായിക്കാൻ സാധിക്കുമായിരുന്നു.

യൌവനയുക്തകളായ ഗോപികമാരിൽ ഏറിയകൂറും കൃഷ്ണന്റെ സ്നേഹിതകളായിരുന്നു. അവരിൽ സുശീലയും സദ്വൃത്തയും സുന്ദരിയും ആയ രാധയോടു് അദ്ദേഹത്തിനു പ്രത്യേക സ്നേഹവും ഉണ്ടായിരുന്നു. വഞ്ജുളവല്ലികൾകൊണ്ടു് നിബിഡവും വൃന്ദാവനസാമീപ്യംകൊണ്ടു ശീത

ളപ്പുമായ രേവാനദിയുടെ തീരത്തിൽ കൃഷ്ണൻ ഗോപികമാരുമൊത്ത് ആടുകയും പാടുകയും ചെയ്തുവന്നു.

ഈ കാലത്തു രാമനും കൃഷ്ണനുംകൂടി, താൻ തുടങ്ങുന്ന ചാപയജ്ഞത്തിൽ സംബന്ധിക്കുവാൻ വന്നുചേരണമെന്ന് കംസൻെറ ക്ഷണത്തെ അക്രൂരൻ അമ്പാടിയിൽ വന്നറിയിച്ചു; രാമനും കൃഷ്ണനും അക്രൂരനുമൊന്നിച്ചു പുറപ്പെടുന്നതിനും നിശ്ചയിച്ചു. രാവിലെ അവർ ഭോജരാജധാനിയിലേക്കു തിരിച്ചു. രാമകൃഷ്ണന്മാരെ കൊല്ലുന്നതിനായിട്ടാണ് ദുഷ്ടനായ കംസൻ ആളയച്ചുവരുത്തിയതു്. ഈ കാര്യം നിർവ്വഹിക്കുന്നതിനായി വഴിയിൽ നാൽക്കൊമ്പനാനയേയും, മല്ലന്മാരേയും നിർത്തിയിട്ടുണ്ടായിരുന്നു. എന്നാൽ ഈശ്വരാംശസംഭവനും, അമിതബലവാനും ആയ കൃഷ്ണനെ കൊല്ലാൻ ആർക്കു കഴിയും. അദ്ദേഹം ഗജത്തെയും ചാണൂരാദികളായ മല്ലന്മാരെയും നിഗ്രഹിച്ചിട്ട് കംസനെ മഞ്ചത്തിൽനിന്നും തള്ളിയിട്ട് പ്രേതാലയത്തിന്നയച്ചു.

---

## കൃഷ്ണനും അർജ്ജുനനും.

കൃഷ്ണനും അർജ്ജുനനും നരനാരായണന്മാരുടെ അവതാരമാണെന്ന് ഐതിഹാസികന്മാർ പറയുന്നു. ഏതായിരുന്നാലും അവർതമ്മിലുള്ള സഖ്യം ദൃഢമായിരുന്നു. രൂപസൌഭാഗ്യവും, യുദ്ധനൈപുണ്യവും, വിലാസാദികളും രണ്ടാൾക്കും ഏകദേശം സമമായിരുന്നു. ഇത്ര സൌഹാർദ്ദത്തോടെ വർത്തിച്ചിട്ടുള്ള രണ്ടു സ്നേഹിതന്മാരെ കാണ്മാൻ പ്രയാസം.

അജ്ജുനനും സഹോദരന്മാരും കൃഷ്ണന്റെ അച്ഛൻ പെങ്ങളുടെ മക്കളാണെന്നുള്ള വസ്തുത എല്ലാവക്കും അറിയാമല്ലോ. അതുകൊണ്ടു് അക്കാലത്തെ രാഷ്ട്രീയസംഭവങ്ങളിൽ കൃഷ്ണനു പാണ്ഡവപക്ഷപാതം ഉണ്ടായിരുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പാണ്ഡവന്മാർ അരക്കില്ലത്തിൽ വെന്തുപോകാതെ രക്ഷപ്പെട്ടു് പാണ്ഡവപ്രസ്ഥത്തിങ്കൽ താമസിക്കുന്ന കാലത്തു കൃഷ്ണൻ ദ്വാരകയിൽനിന്നും അവിടെ ചെന്നു് അവരെ സന്ദർശിച്ചു. കുന്തി തന്റെ മക്കളുടെ ഭാവിസ്ഥിതികളെല്ലാം കൃഷ്ണനെ ഏൽപ്പിച്ചു നമ്മുടെ വിചാരംപോലെയെല്ലാം പൂണ്ണ[illegible]രില്ലെന്നും സവ്വവും ദൈവാധീനമാണെന്നും കൃഷ്ണൻ കുന്തീദേവിയെ സാന്ത്വനംചെയ്തു. അന്നുമുതൽ അജ്ജുനനും കൃഷ്ണനുമായുള്ള പരിചയം വദ്ധിച്ചു.

TRIVANDRUM

പാണ്ഡവപ്രസ്ഥത്തിങ്കൽ താമസിക്കുന്ന കാലം അവർ രണ്ടാളുമൊത്തു വിവിധങ്ങളായ ദുഷ്ടജന്തുക്കൾ അടങ്ങിയ ഖാണ്ഡവം എന്ന ഒരു ഘോരകാന്താരത്തെ അഗ്നിയുടെ വിശപ്പടക്കാൻ ദഹിപ്പിച്ചു. സംതൃപ്തനായ അഗ്നി അജ്ജുനനു് ഗാണ്ഡീവം എന്നൊരു വില്ലും 'ശരമൊടുങ്ങാത്ത ശരധി'യും കൊടുത്തു. വനദാഹമദ്ധ്യേ മയൻ എന്ന ഒരു ദാനവാശാരിയെ രക്ഷിക്കയാൽ പാണ്ഡവന്മാർ ഇന്ദ്രപ്രസ്ഥത്തിൽ താമസം ഉറപ്പിച്ചപ്പോൾ, അവൻ അവക്കു സ്ഥലജലഭ്രാന്തിയുണ്ടാക്കുന്ന ഒരു സഭ നിർമ്മിച്ചു കൊടുത്തു. ഇന്ദ്രപ്രസ്ഥത്തിൽവച്ചു ധർമ്മപുത്രർ നടത്തിയ രാജസൂയത്തിൽ കൃഷ്ണൻ വേണ്ട സഹായങ്ങൾചെയ്തു. ചുരുക്കം പറയുന്നപക്ഷം കൃഷ്ണൻ പാണ്ഡവന്മാരുടെ ഉപദേഷ്ടാവായിത്തീൎന്നു. പാണ്ഡവന്മാക്കു് അദ്ദേഹത്തിൽ വളരെ ഭക്തിയുമായിരുന്നു. കൃഷ്ണനെ കണ്ടാൽപിന്നെ ധർമ്മപുത്രർ തല നേരേ ഉയത്തുകില്ല. അദ്ദേഹത്തിനു് അത്ര വിനയം ഉണ്ടായിരുന്നു.

തന്റെ അത്യന്തം ഇഷ്ടനായ അൎജ്ജുനന് കൃഷ്ണൻ തന്റെ പ്രിയസോദരിയായ സുഭദ്രയെ വിവാഹം ചെയ്തു കൊടുത്തു. ഈ സംബന്ധം ബലഭദ്രരാമൻ തുടങ്ങിയുള്ളവരുടെ ഇഷ്ടാനുസരണമല്ല നടത്തിയതു്. ബലഭദ്രരാമന് സുഭദ്രയെ തന്റെ പ്രിയശിഷ്യനായ ദുൎയ്യോധനനു നൽകണമെന്ന് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ ഈ ഉദ്ദേശം നയോപായങ്ങളോടെ കൃഷ്ണൻ തെററിക്കയാണുണ്ടായതു്.

അൎജ്ജുനൻ തീൎത്ഥയാത്രചെയ്തു് പല സ്ഥലങ്ങളിലും സഞ്ചരിച്ചു് പടിഞ്ഞാറെ സമുദ്രതീരംവഴിയായി പ്രഭാസതീൎത്ഥത്തിൽ വന്നു. അവിടെവെച്ചു് ദ്വാരകാവാസിയായ ഗദനെന്ന യാദവൻ സുഭദ്രാഗുണങ്ങളെപ്പററി അൎജ്ജുനനോടു വളരെ പ്രശംസിച്ചു പറഞ്ഞു. മദ്ധ്യമപാണ്ഡവന കൃഷ്ണസോദരിയെ വിവാഹം ചെയ്താൽ കൊള്ളാമെന്ന് ആഗ്രഹം വൎദ്ധിച്ചു. എന്നാൽ അതിന് ഒരു വഴികാണാതെ നിരാശനായ അയാറം സന്ന്യസിക്കാൻ നിശ്ചയിച്ചു. അൎജ്ജുനൻ ദ്വാരകയിൽ ഉണ്ടെന്നും സുഭദ്രയെ വിവാഹം ചെയ്യാൻ ശ്രമിച്ചതിൽ സാധിക്കാതെ ഹതാശനായി കാപാലീവൃത്തിയവലംബിച്ചിരിക്കുന്നെന്നും കൃഷ്ണൻ മനസ്സിലാക്കി. ഒരുദിവസം രാത്രി പ്രിയപത്നിയായ സത്യഭാമയുമൊത്തു കൃഷ്ണൻ അൎജ്ജുനൻ ഇരിക്കുന്ന ആൽച്ചുവട്ടിൽ ചെന്നു; കണ്ടപ്പോറംതന്നെ ഒന്നു ചിരിച്ചു. ഫൽഗുനൻ തന്റെ പ്രിയസുഹൃത്തിനോടു മനസ്സു മുഴുവൻ തുറന്നുപറഞ്ഞു. കൃഷ്ണൻ കാൎയ്യം സാധിച്ചുകൊടുക്കാമെന്നും ഏററു.

കൃഷ്ണൻ രൈവതകപൎവ്വതത്തിൽ ഒരു ഉത്സവം നിശ്ചയിച്ചു. ബലഭദ്രൻ തുടങ്ങിയ യാദവന്മാരെല്ലാം ഉത്സവംകാണ്മാൻ പോയി. ദ്വാരക തന്മൂലം ജനശൂന്യമായിരുന്നു. കൃഷ്ണൻ കപടസന്ന്യാസിവേഷം ധരിച്ച അൎജ്ജു

നനെ ബലഭദ്രരാമന്റെ മുൻപിൽ ചാടിച്ചു. രാമൻ സന്യാസിയെ വന്ദിക്കയും ദ്വാരകയിലുള്ള കന്യകാമഠത്തിൽ താമസിച്ചുകൊള്ളണമെന്ന് അഭ്യർത്ഥിക്കയും ചെയ്തു. സുഭദ്ര തുടങ്ങിയുള്ള യദുകന്യകകൾ സന്യാസിയെ ഭക്തിബഹുമാനപുരസ്സരം ശുശ്രൂഷിക്കുന്നതിനും ശട്ടംകെട്ടി. മുന്നമേ അർജ്ജുനന്റെ കീർത്തികേട്ട് അയാളിൽ അനുരക്തയായിരുന്ന സുഭദ്രയ്ക്ക് ആൾ ഇന്നാരെന്നു മനസ്സിലായി. ചുരുക്കത്തിൽ ബലഭദ്രാദികൾ ഉത്സവംകണ്ടു രസിച്ചുവാഴുന്നതിനിടയ്ക്ക് അർജ്ജുനൻ സുഭദ്രയെയുംകൊണ്ട് ഇന്ദ്രപ്രസ്ഥത്തിലെത്തി. സുഭദ്രാഹരണവാർത്തയറിഞ്ഞപ്പോൾ ദ്വാരകയിൽ ചില ക്ഷോഭങ്ങൾ ഉണ്ടായെങ്കിലും കൃഷ്ണൻ അവയെല്ലാം ശമിപ്പിച്ചു. സുഭദ്രയുടെ മകന്റെ മകൻ പരീക്ഷിത്താണ് ഒടുവിൽ ഹസ്തിനപുരം ഭരിച്ചത്.

G. 1164

ഭാരതയുദ്ധത്തിലാണ് കൃഷ്ണൻ തന്റെ പ്രിയമിത്രത്തിനെ ഏററവും സഹായിച്ചത്. ദുര്യോധനൻ കൌരവപക്ഷത്തേക്കു കൃഷ്ണനെ ക്ഷണിച്ചു. കൃഷ്ണൻ അതിൽനിന്നും തന്ത്രത്തിൽ ഒഴിയുകയും അർജ്ജുനന്റെ രഥം നടത്തുവാൻ സന്നദ്ധനാകയും ചെയ്തു. ഭീഷ്മർ കർണ്ണൻ മുതലായവരോടു കഠിനമായി യുദ്ധം ചെയ്യുന്ന അവസരങ്ങളിൽ അർജ്ജുനനെ പല വിഷമഘട്ടങ്ങളിൽനിന്നും കൃഷ്ണൻ രക്ഷിച്ചു. സർവ്വോപരി യുദ്ധാരംഭത്തിൽ ധർമ്മസംമൂഢചേതസ്സായിട്ടു ദുർബ്ബലഹൃദയനായി ഭവിച്ച അർജ്ജുനന്റെ മോഹത്തെ വിജ്ഞാനസാരംകൊണ്ടു നശിപ്പിച്ചു പൂർവ്വാധികം ഉജ്ജ്വലഹൃദയനാക്കിത്തീർത്തു.

കൃഷ്ണാർജ്ജുനന്മാർ അവസാനംവരെ അത്യന്തം ഇഷ്ടന്മാരായിരുന്നു. യദുകുലനാശവും കൃഷ്ണന്റെ സ്വർഗ്ഗാരോ

ഹണാവും കേട്ടപ്പോൾ അജ്ജുനൻ വാവിട്ടു കരഞ്ഞുപോയി. അതോടുകൂടി അജ്ജുനൻെറ സവ്വശക്തികളും സവ്വജ്ഞാനപുണ്യങ്ങളും അന്തദ്ധാനം ചെയ്യുകയാണുണ്ടായതു്. കൃഷ്ണനും അജ്ജുനനും എപ്രകാരമുള്ള പ്രാണസ്നേഹിതന്മാർ ആയിരുന്നു എന്നുള്ളതു് ഇതിൽനിന്നൂഹിക്കാമല്ലൊ.

---

## ധ്രുവചരിതം.

---

ഉത്താനപാദനെന്ന രാജാവിനു് സുനീതിയെന്നും സുരുചിയെന്നും രണ്ടു ഭാൎയ്യമാർ ഉണ്ടായിരുന്നു. അവരിൽ സുനീതി മൂത്തവളും സുരുചി ഇളയവളുമായിരുന്നു. ധ്രുവനെന്നും ഉത്തമനെന്നും യഥാക്രമം ഇവൎക്കു് പുത്രന്മാരുമുണ്ടായി.

സുരുചിയെ ഉത്താനപാദൻ പക്ഷപാതത്തോടെ സ്നേഹിച്ചുവന്നു. തന്മൂലം അവളുടെ പുത്രനോടും അധികവാത്സല്യം പ്രദർശിപ്പിച്ചു. അജ്ഞനായ ഭൂപാലൻ സുരുചിയുടെ വലയിലാണെന്നു പറഞ്ഞാൽ മാത്രം മതിയാകും. ഒരുദിവസം രാജാവു് ഉത്തമനെ ലാളിച്ചുകൊണ്ടിരിക്കയായിരുന്നു. തത്സമയം കളിച്ചുനടക്കുന്ന ധ്രുവൻ അവിടെ എത്തി. അച്ഛൻെറ മടിയിൽ കയറി ഇരിക്കണമെന്നുള്ള ആഗ്രഹം ആ ബാലകൻെറ ഹൃദയത്തിലും അങ്കുരിച്ചു. എന്നാൽ ഉത്താനപാദനാകട്ടെ ധ്രുവൻ വന്നുനില്ക്കുന്നു എന്നുപോലും ഗണിച്ചില്ല. അച്ഛൻെറ ഈ അവജ്ഞ കണ്ടിട്ടു് ധ്രുവൻ ഏങ്ങിക്കരഞ്ഞുതുടങ്ങി. അപ്പോൾ രാജാവി

PRESENTED BY
SRI M. K. VASUDEVAN NAIR
MANJYARA VEEDU
MALAYINKIL

ൻെറ സമീപം ഇരുന്ന സുരുചി കുമാരനോട്ട് ഇപ്രകാരം പറഞ്ഞു. "കുട്ടീ നീ കരഞ്ഞാൽ ഫലമില്ല. നിൻെറ അമ്മയോടു ചെന്നുപറഞ്ഞാൽ കാൎയ്യം സാധിക്കും. ഞാൻ രാജ്ഞിയല്ല, സുനീതി രാജ്ഞിയാണ്. നീ ചെകിടു തരിപ്പിക്കാതെ ദൂരെയൊരുദിക്കിൽ പോയിരുന്നു കരയൂ. ഈ രാജ്യത്തെ രാജാവിൻെറ മടിയിലിരിക്കാൻ യോഗ്യനായിട്ട് ഉത്തമൻ മാത്രമെ ജനിച്ചിട്ടുള്ളു. നിനക്ക് രാജാവിൻെറ മടിയിൽ ഇരിക്കണമെന്ന് അതിമോഹമുണ്ടെങ്കിൽ ഒരു കാൎയ്യം ചെയ്യുക. നാരായണനെ ഭജിച്ച്, തൽപ്രസാദത്താൽ എൻെറ ഗൎഭത്തിൽ ജനിക്കണം. എന്നാൽ സാധിക്കും." ഈ കഠിനവാക്കുകൾ കേട്ട് ഉത്താനപാദൻെറ അകം നൊന്തു; എങ്കിലും സുരുചിയിലുള്ള രാഗംകൊണ്ടു് രാജാവു് ഒന്നും പറഞ്ഞില്ല. കരിങ്കൽപാറയെ നോക്കുംപോലെ രാജാവു് ആ കോമളരൂപത്തെ ഒന്നു നോക്കുക മാത്രം ചെയ്തു.

ബാലനായ ധ്രുവൻ രോദനംചെയ്തുകൊണ്ടു മാതാവിൻെറ മടിയിൽ ചെന്നു വീണു്, തൻെറ സങ്കടത്തിൻെറ കാരണം അമ്മയോടു സവിസ്തരം പറഞ്ഞു. മകൻെറ ദയനീയമായ അവസ്ഥ കണ്ടു് സുനീതിയുടെ ഹൃദയം തകൎന്നു! അവർ ഇപ്രകാരം മകനോടു പറഞ്ഞു:—"മകനേ! സുരുചി പറഞ്ഞതു കഠിനമായ വാക്കുകളാണ്. അതു് രാജാവിനു രുചിച്ചിട്ടായിരിക്കും അദ്ദേഹം മൌനമവലംബിച്ചതു്. സുരുചി ഭാഗ്യവതിയാണ്. ഞാൻ ദുൎഭഗയാകുന്നു. എൻെറ പേർ കേൾക്കുന്നതുകൂടി ഭൎത്താവിനു നാണവും ദുഃഖവുമാകുന്നു. സുരുചി പറയുംപോലെ നാരായണൻെറ പ്രസാദമൊന്നേ ഇനി ഗതിയുള്ളു. മനുഷ്യർ കൊണ്ടു് ഒന്നും ചെയ്വാൻ സാധ്യമല്ല എന്നു വന്നല്ലോ." ധ്രുവനും അതു സമ്മതിച്ചു. അമ്മയുടെ അനുഗ്രഹവും വാങ്ങി ആ കൊച്ചുകുട്ടി നാരായണനെ പ്രസാദിപ്പിക്കാ

നായി നടന്നു. മാർഗ്ഗമദ്ധ്യേ ധ്രുവൻ നാരദനെ കണ്ടു. കുമാരനിൽനിന്നും വർത്തമാനങ്ങളാസകലം ഗ്രഹിച്ച നാരദൻ അയാൾക്കു വേണ്ട ഉപദേശങ്ങൾ നൽകി, അഭീഷ്ട സിദ്ധിയുണ്ടാകുമെന്നനുഗ്രഹിച്ചിട്ട് പോയി.

മഹർഷി ഉത്താനപാദനേയും സുനീതിയേയും കണ്ട് മകൻെറ വൃത്താന്തങ്ങൾ എല്ലാം പറഞ്ഞു. ധ്രുവൻ വലിയ ഭക്തനും ജനമുഖ്യനുമായിത്തീരുമെന്നും, അവർ അയാളുടെ വേർപാടിൽ ഒട്ടും ദുഃഖിക്കരുതെന്നും മഹർഷി ആ മാതാപിതാക്കന്മാരെ സാന്ത്വനപ്പെടുത്തി.

ധ്രുവൻ നേരെ മധുവനത്തിൽ എത്തി. നാരദൻെറ ഉപദേശമനുസരിച്ചുള്ള ചടങ്ങുകളോടു് അദ്ദേഹം തപസ്സിനു കോപ്പിട്ടു. ധ്രുവൻെറ തപസ്സ് ഒന്നിനൊന്നു വർദ്ധിച്ചുവന്നു. അഞ്ചാംമാസമായപ്പോൾ അദ്ദേഹം തൻെറ എന്നല്ല, ലോകത്തിൻെറ പ്രാണൻകൂടി അടക്കിക്കളഞ്ഞു. എല്ലാ പ്രാണികൾക്കും വീർപ്പുമുട്ടിത്തുടങ്ങി. ജഗത്തിനു മുഴുവൻ ഒരു സ്തംഭനം ഉണ്ടായതുപോലെയായി. ദേവന്മാർ ബദ്ധപ്പെട്ട് ബ്രഹ്മാവിൻെറ അടുക്കൽ ഈ പുതിയ സങ്കടം ബോധിപ്പിച്ചു. ബ്രഹ്മാവ് ദേവന്മാരുമൊത്തിറങ്ങി ശിവനേയും കൂട്ടിക്കൊണ്ട് നേരെ പാലാഴിക്കരയിൽ ചെന്ന് വിഷ്ണുവിനെ സ്തുതിച്ചു. വിഷ്ണു പ്രത്യക്ഷനായി. ഔത്താനപാദി തപസ്സുതുടങ്ങിയിട്ടുണ്ടെന്നും, അതിൻെറ ശക്തികൊണ്ടാണ് ജഗത്തിനു പ്രാണനിരോധം ഭവിച്ചതെന്നും, താൻ അയാൾക്കു വേണ്ട വരം കൊടുത്ത് ലോകത്തെ നിർഭയമാക്കുന്നുണ്ടെന്നും വിഷ്ണു പറഞ്ഞു. ശങ്കരപ്രമുഖന്മാർ കൈലാസം മുതലായ അവരവരുടെ വസതികളിലേക്കു പോകയും ചെയ്തു.

മഹാവിഷ്ണു ഗരുഡന്റെ കഴുത്തിൽ കയറി, മധുവനത്തിൽ ചെന്നിറങ്ങി. ഭഗവാൻ പ്രത്യക്ഷനായപ്പോൾ ധ്രുവൻ കവിഞ്ഞൊഴുകുന്ന ഭക്തിയോടെ അദ്ദേഹത്തെ കുമ്പിട്ടു സ്തുതിച്ചു. ധ്രുവന്റെ വിനയവും, വിശ്വാസവും, ഭക്തിയും കണ്ടിട്ട് വിഷ്ണുവിന്റെ മനസ്സു പ്രസാദിച്ചു. സിംഹാസനത്തിന് അർഹനായിത്തീരാൻ നാരായണനെ ഭജിക്കുന്ന പക്ഷം പിന്നെ സുരുചിയുടെ ഗർഭത്തിൽ ഉത്ഭവിക്കേണ്ടെന്നും, ധ്രുവൻ വളരെക്കാലം രാജ്യം ഭരിക്കുമെന്നും, അയാൾ വിഷ്ണുഭക്തന്മാരിൽ അത്യുത്തമനാകുമെന്നും, അഭീഷ്ടങ്ങൾ സർവ്വം സാധിക്കുമെന്നും, വിഷ്ണു വരം നൽകി, മറഞ്ഞു. ധ്രുവൻ നേരെ രാജധാനിക്കും പുറപ്പെട്ടു. അമ്മയുടെ കഠിനവാക്കുകേട്ടു പോയ ജ്യേഷ്ഠൻ തിരികെ വരുന്നുവെന്നു കേട്ട് സുരുചിയുടെ പുത്രൻ അയാളെ എതിരേററു സല്ക്കരിച്ചു. ധ്രുവൻ അച്ഛനെക്കണ്ടു. ഉത്താനപാദൻ മകന്റെ ഉൽക്കർഷത്തിൽ അത്യധികം സന്തോഷിച്ചു. അദ്ദേഹം ധ്രുവനെ യുവരാജാവായി അഭിഷേകം ചെയ്തു. വാർദ്ധക്യം പ്രാപിച്ചതോടെ ഉത്താനപാദൻ വാനപ്രസ്ഥാശ്രമത്തെ സ്വീകരിച്ചു.

ധ്രുവൻ ധർമ്മത്തോടെ രാജ്യപരിപാലനം ചെയ്തു. സുരുചിയുടെ പുത്രനാകട്ടെ, ഒരുദിനം നായാട്ടിനായി കാട്ടിൽ പോയി. അവിടെവച്ച് അയാൾ ഒരു രാക്ഷസനുമായി യുദ്ധംചെയ്തു. യുദ്ധത്തിൽ ധ്രുവന്റെ ഭ്രാതാവു മരിച്ചു. പുത്രനെ അന്വേഷിച്ച് സുരുചി കാന്താരങ്ങളിൽ സഞ്ചരിക്കവേ, കാട്ടുതീയിൽപ്പെട്ട് അവളും മരിച്ചു. ധ്രുവൻ ഈ വിവരങ്ങൾ അറിഞ്ഞു് വമ്പിച്ച സേനാസന്നാഹത്തോടുകൂടി ചെന്ന് ഭ്രാതൃഹന്താക്കളെ ഒരു പാഠം പഠിപ്പിച്ചു. അനന്തരം കീർത്തിയോടുകൂടി വളരെനാൾ രാജ്യം ഭരിച്ചു.

# പരീക്ഷിത്ത്.

ധൎമ്മപുത്രരുടെ സ്വൎഗ്ഗാരോഹണത്തിനുശേഷം ഹസ്തിനപുരം പരിപാലിച്ചതു പരീക്ഷിത്തായിരുന്നു. അദ്ദേഹത്തിന്റെ അച്ഛൻ പാൎത്ഥപുത്രനായ അഭിമന്യുവും അമ്മ വിരാടനന്ദിനിയായ ഉത്തരയും ആണു്. പതിനെട്ടു വയസ്സായ അഭിമന്യു ഷഡ്രഥന്മാരാൽ ഭാരതയുദ്ധത്തിൽ ഹതനായ കാലത്തു പരീക്ഷിത്തു് ഉത്തരയുടെ ഗൎഭത്തിലായിരുന്നു. യുദ്ധാവസാനത്തിൽ അശ്വത്ഥാമാവു്, പാണ്ഡവന്മാരെയും, അവരുടെ വംശത്തേയും ഒന്നായി നശിപ്പിക്കുവാൻ നാരായണാസ്ത്രം പ്രയോഗിച്ചു. ആ അസ്ത്രം പരീക്ഷിത്തിനെ കൊല്ലുവാനായി ഉത്തരയുടെ ഗൎഭത്തിലും പ്രവേശിച്ചു. എന്നാൽ ഈ സംഭവം മുൻകൂട്ടി കണ്ടിരുന്ന കൃഷ്ണൻ ശിശുവിന്റെ രക്ഷയ്ക്കുവേണ്ടി, തന്റെ ചക്രായുധത്തെ കാലേകൂട്ടി ഉത്തരയുടെ ഉദരത്തിൽ പ്രവേശിപ്പിച്ചിരുന്നു. ചക്രം കുട്ടിയെ ചുററി സഞ്ചരിച്ചുകൊണ്ടിരുന്നു. തന്നെ വലയംചെയ്തു ദ്രുതഗമനം ചെയ്യുന്ന ചക്രത്തേയും അതിനു പുറമേ ചുററുന്ന അശ്വത്ഥാമാവിന്റെ അസ്ത്രത്തേയും, അനുക്ഷണം നോക്കി, നോക്കി, ഒടുവിൽ ബാലകന്റെ ശിരസ്സിനു് ശരീരാപേക്ഷകൂടാതെ നാലുപാടും തിരിഞ്ഞുനോക്കാനുള്ള അഭ്യാസം സിദ്ധിച്ചു. പ്രസവാനന്തരം പാണ്ഡവന്മാരുടെ മേൽനോട്ടത്തിൽ പരീക്ഷിത്തു സമൎത്ഥനായി വളൎന്നുവന്നു.

ധൎമ്മാനുസരണം രാജ്യം പരിപാലിച്ചു വാഴുന്നകാലത്തു്, ഒരുദിവസം പരീക്ഷിത്തു നായാട്ടിനു പോയി. നട്ടുച്ചയ്ക്കു് നായാടിത്തളരുകയാൽ, ദാഹിച്ചും ക്ഷീണിച്ചും ജലാൎത്ഥിയായ രാജാവു് ഒരു താപസാശ്രമത്തിൽ ചെന്നു.

അവിടെ ശമീകനെന്ന തപോധനൻ സമാധിയിൽ ഇരി ക്കുണ്ടായിരുന്നു. പരീക്ഷിത്ത് അദ്ദേഹത്തോടു ദാഹശമ നത്തിനായി ജലം ആവശ്യപ്പെട്ടു. ധ്യാനത്തിൽ ബാഹ്യ ലോകം മറന്നിരുന്ന തപോധനൻ രാജാവിന്റെ ആഗമ നംപോലും അറിഞ്ഞിരുന്നില്ല. തന്നെ ധിക്കരിക്കയാ ണെന്ന് തെററിദ്ധരിക്കയാൽ പരീക്ഷിത്തു കുപിതനായി. അദ്ദേഹം അവിടെക്കിടന്ന ഒരു മൃതസപ്പത്തെ അമ്പുകൊ ണ്ടു കോരിയെടുത്തു താപസന്റെ ചുമലിൽ ഇട്ടിട്ട് അവി ടെനിന്നും പോയി. അനന്തരം സേനയോടുകൂടി രാജാ വ് സ്വരാജധാനിയെ പ്രാപിക്കയും ചെയ്തു.

കൃശൻ എന്ന മഹർഷികുമാരൻ ഇതെല്ലാം കണ്ടു കൊണ്ടു നിന്നിരുന്നു. അയാൾ ശമീകപുത്രനായ തന്റെ സ്നേഹിതൻ ശൃംഗിയോട് ഈ വിവരം പറഞ്ഞു. ശൃംഗി കോപിഷ്ഠനായി, മദ്ധ്യാഹ്നാലംഘനം ചെയ്ത് താപസനെ ആക്ഷേപിച്ചു, പരീക്ഷിത്തിനെ ഏഴു ദിവസത്തിനകം തക്ഷകൻ എന്ന കാളസപ്പം കടിച്ചുകൊല്ലട്ടേ, എന്നു ശ പിച്ചു. അനന്തരം ശൃംഗി അച്ഛന്റെ ചുമലിൽനിന്നും മൃതസപ്പത്തെ എടുത്തു ദൂരത്തെറിഞ്ഞു. സമാധിയിൽനി ന്നും വിരമിച്ച ശമീകൻ പുത്രനോടു വൃത്താന്തം ചോദി ച്ചു. അയാൾ ഉണ്ടായ സംഭവം മുഴുവൻ അച്ഛനെ അറി യിച്ചു. ഭക്തശിരോമണിയായ രാജാവിനെ ശൃംഗി ശപി ച്ചതു മോശമായിപ്പോയിയെന്ന് ശമീകൻ പറഞ്ഞു. അന ന്തരം വിവരം രാജാവിനെ തെര്യപ്പെടുത്തുവാൻ അദ്ദേഹം ഗൌരമുഖനെന്ന തന്റെ ശിഷ്യനെ ഹസ്തിനപുരിക്കയ ച്ചു. അയാൾ അവിടെയെത്തി, പരീക്ഷിത്തിനോടു അവ സ്ഥകളെല്ലാം രഹസ്യമായി പറഞ്ഞു. പരീക്ഷിത്തു വ ല്ലാതെ പരിഭ്രമിച്ചു എങ്കിലും, എല്ലാം ഭവിതവ്യമാണെന്നു സങ്കല്പിച്ച് രാജ്യഭാരം പുത്രനെ ഏൽപ്പിച്ചിട്ട് സൽഗതി നേടാനുള്ള ഉദ്യമം തുടങ്ങി.

പരീക്ഷിത്തു, ഗംഗയിൽ ഏകസ്തംഭാഗ്രത്തിൽ ദുരാരോഹമായ ഒരു പ്രാസാദം പണികഴിപ്പിച്ചു. അതിൽ ദർഭ വിരിച്ച്, നിരാഹാരവ്രതക്കാരനായ രാജാവ് ഉത്തരാദിക്കിന്നഭിമുഖനായി മോക്ഷാർത്ഥം ഇരുന്നു. ഈ വാർത്ത കേട്ടു മുനികളും ബ്രാഹ്മണരും പരീക്ഷിത്തിനെ കാണാൻ വന്നു. രാജാവ് അവരെയെല്ലാം സൽക്കരിച്ചു. ഏഴുദിവസം രാജാവുമൊത്തു കഴിച്ചുകൂട്ടണമെന്ന് അവർ എല്ലാവരും നിശ്ചയിച്ചു. മോക്ഷപ്രാപ്തിക്ക് ഏററവും എളുതായ മാർഗ്ഗം എന്താണെന്നു പരീക്ഷിത്തു താപസന്മാരോടു ചോദിച്ചു. ഈ പ്രശ്നത്തിനു ശരിയായ ഒരുത്തരം കൊടുക്കാൻ നിവൃത്തിയില്ലാതെ താപസന്മാർ കുഴങ്ങുമ്പോൾ തേജസ്വിയായ ശ്രീശുകൻ അവിടെ ആവിർഭവിച്ചു. താപസന്മാരും രാജാവും എഴുന്നേററ് മഹർഷിയെ സൽക്കരിച്ച് പ്രഥമസ്ഥാനംകൊണ്ടു പൂജിച്ചു. തങ്ങളോടു ചോദിച്ച ചോദ്യം ശ്രീശുകനോടായാൽ സംശയങ്ങൾ എല്ലാം തീരുന്നതാണെന്നു താപസന്മാർ പരീക്ഷിത്തിനെ അറിയിച്ചു. രാജാവ് ഭക്തിബഹുമാനപുരസ്സരം മോക്ഷപ്രാപ്തിയ്ക്ക് ലഘുവായ ഒരു മാർഗ്ഗം അരുളിച്ചെയ്യണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെട്ടു. കലിയുഗത്തു ഭക്തിമാർഗ്ഗത്തോളം ലഘുതരമായ വഴി കൈവല്യമടയുവാൻ ഇല്ലെന്നും ആകയാൽ ഭാഗവതപുരാണം കേൾക്കുന്നതും ഭാഗവതധർമ്മാനുസരണം ജീവിക്കുന്നതുമാണ് ശ്രേയസ്കരമെന്നും മഹർഷി പറഞ്ഞു. അതനുസരിച്ച് ഏഴുദിവസംകൊണ്ടു ഭാഗവതംപുരാണം മുഴുവൻ ശുകമഹർഷി പരീക്ഷിത്തിൻെറ സന്നിധാനത്തിൽ ആഖ്യാനം ചെയ്തു.

പാണ്ഡവദ്രോഹംമൂലം പാണ്ഡവവംശത്തോടൊട്ടുക്ക തക്ഷകനു വൈരമുണ്ടായിരുന്നു. അങ്ങിനെ ഇരിക്കുമ്പോളാണ് ശൃംഗിമുനിയുടെ ശാപം ഉണ്ടായത്. തക്ഷകൻെറ പ്രതികാരബുദ്ധിക്ക് ഉന്മേഷം കൂടി. ഭയങ്കരനായ അ

കാളസൎപ്പം പരീക്ഷിത്തിനെ കടിച്ചുകൊല്ലാനായി പുറപ്പെട്ടു. വഴിമദ്ധ്യേ തക്ഷകൻ സ്വപിതാവായ കാശ്യപമുനിയെ കണ്ടു. ഭുജംഗശ്രേഷ്ഠൻ കിഴവനായ ഒരു സന്യാസിയുടെ വേഷത്തിൽ അദ്ദേഹത്തിൻെറ സമീപത്തുചെന്ന് എവിടെ പോകയാണെന്നു ചോദിച്ചു. ശൃംഗിയുടെ ശാപംമൂലം തക്ഷകൻ കടിക്കുന്ന മഹാനായ ശ്രീപരീക്ഷിത്തിൻെറ വിഷഭയം തീൎക്കാനാണ് താൻ പോകുന്നതെന്നു കാശ്യപൻ മറുപടിപറഞ്ഞു. അപ്രകാരം ചെയ്താൽ അങ്ങേയ്ക്കെന്തു ലാഭമാണുണ്ടാകാൻ പോകുന്നതെന്നു തക്ഷകൻ ചോദിച്ചു. ധാരാളം ധനം രാജസമ്മാനമായി ലഭിക്കുന്നതുകൂടാതെ, അനേകം മനുഷ്യരെ സംരക്ഷിക്കുന്ന രാജാവിനെ രക്ഷിച്ച പുണ്യവും തനിക്കു കിട്ടുമെന്ന് കാശ്യപൻ പറഞ്ഞു. കാശ്യപൻ അതിസമൎത്ഥനാണെങ്കിലും ദൈവവിധിമൂലം മരിക്കുവാൻപോകുന്ന പരീക്ഷിത്തിനെ രക്ഷിക്കാൻ പ്രാപ്തനാകയില്ലെന്നു തക്ഷകൻ വാദിച്ചു. ഒടുവിൽ തക്ഷകൻ സ്വന്തരൂപത്തിൽ പ്രത്യക്ഷപ്പെട്ട്, അപ്പോൾത്തന്നെ പരീക്ഷ നടത്തിക്കൊള്ളണം എന്നു പിതാവിനോടു പറഞ്ഞു. അവിടെ അത്യുന്നതമായ ഒരു പേരാൽമരം നില്പുണ്ടായിരുന്നു. തക്ഷകൻ ആ വൃക്ഷത്തിന്മേൽ ഒന്നു കടിച്ചു. തൽക്ഷണം സൎവ്വത്ര വിഷജ്വാല വ്യാപിച്ച് ആ വന്മരം കുറേ ചാമ്പൽമാത്രമായി ആ സ്ഥലത്ത് അവശേഷിച്ചു. കാശ്യപൻ ഉടൻതന്നെ താഴ്ന്നിരുന്ന് മരംനിന്നിരുന്ന സ്ഥലത്തു കൈതൊട്ടു ജപിച്ച് തൻെറ കമണ്ഡലുവിൽനിന്നും കുറേ തണ്ണീരും തളിച്ചു. പേരാൽമരം മുന്നേതിലും പുഷ്ടിയോടെ അവിടെ കാണപ്പെട്ടു. "ഇപ്പരീക്ഷിച്ചതു നന്നേററമെങ്കിലുമിപ്പരീക്ഷിത്തു ജീവിക്കുന്നതില്ലല്ലോ" എന്നുമാത്രം തക്ഷകൻ പറഞ്ഞു. അനന്തരം പലതും പറഞ്ഞ് വേണ്ട ധനങ്ങളും നൽകി, തക്ഷകൻ അച്ഛനെ മടക്കി അയച്ചിട്ട് ഭാഗീരഥിയെ ലക്ഷ്യമാക്കി പോയി.

പരീക്ഷിത്തു വസിക്കുന്ന പ്രാസാദത്തിൽ കടക്കുവാൻ ഒരു മാർഗ്ഗവും കാണാതെ തക്ഷകൻ വിഷണ്ണനായി. ഒടുവിൽ അയാൾ തൻെറ വർഗ്ഗക്കാരിൽ കുറേപ്പേരെ വിളിച്ച് തപോധനന്മാരുടെ വേഷത്തിൽ ഒരു ഫലവുംകൊടുത്ത് അവരെ പരീക്ഷിത്തിൻെറ സന്നിധിയിൽ വിട്ടു. തക്ഷകൻ ഒരു കൃമിയായി ആ ഫലത്തിൽ ഇരുന്നു.

ശാപാവധിയുടെ അവസാനത്തെ ദിവസവും അസ്തമിക്കാൻതുടങ്ങി. അതുവരെ തക്ഷകദംശനം ഉണ്ടാകാതിരിക്കയാൽ അതിനുമേൽ ശാപം ഫലിക്കുന്നതല്ലെന്നു പരീക്ഷിത്തും മററുള്ളവരും സന്തോഷിച്ചു. എന്നാൽ 'വാച്യം ദൈവവിധിക്കു നീക്കമൊരുനാളുണ്ടോ?' തപോധനന്മാർ കാഴ്ചവച്ച ഫലം മുറിച്ച് രാജാവു് എല്ലാവക്കും പകുത്തുകൊടുത്തു. ഒടുവിൽ ഒരു ഭാഗംതാനും ഭക്ഷിപ്പാനെടുത്തു. അതിൽ ഒരു ചെറിയ കൃമിയിരിക്കുന്നതു പരീക്ഷിത്തു കണ്ടു. അതിന് തക്ഷകൻ എന്നു പേരിട്ട് തൻെറ ദേഹത്തിൽ കടിപ്പിച്ചാൽ ശാപത്തിന് ഒരു പ്രതിവിധിയായല്ലോ, എന്നു രാജാവു പറഞ്ഞു. ആയതു കൊള്ളാമെന്നു പലരും സമ്മതിച്ചു. രാജാവു് അപ്രകാരം ചെയ്തു. പരീക്ഷിത്തിൻെറ ശരീരത്തിൽ വെച്ചപ്പോഴേക്കും കൃമിയുടെ ഭാവമെല്ലാം മാറി. തക്ഷകൻ ഭീകരമായ സ്വരൂപത്തിൽ രാജാവിൻെറ കഴുത്തിൽ ചുററി, കോപത്താൽ വിഷമൂർച്ഛിതനായി ഒരു കടി കടിച്ചു. അവിടെയുണ്ടായിരുന്നവരെല്ലാം ഓടിപ്പോയി. പരീക്ഷിത്തുമഹാരാജാവു് മരിക്കയുംചെയ്തു. "അഥവാ ഭവിതവ്യാനാം ദ്വാരാണി ഭവന്തി സർവ്വത്ര" എന്നുള്ള ഒരു മഹാകവിവചനം സ്മരിക്കമാത്രമാണ് ഈ ഘട്ടത്തിൽ നാം ചെയ്യുന്നതു്.

---

# ദേവയാനിയുടെ ചരിത്രം.

## I

ദേവന്മാരും അസുരന്മാരും നിത്യവൈരികളാണെന്ന വസ്തുത സുപ്രസിദ്ധമാണല്ലോ. ഒരു പ്രാവശ്യം രണ്ടുകൂട്ടരുംതമ്മിൽ ഘോരമായ സമരം നടന്നു. രണ്ടുപക്ഷത്തിലും ആളുകൾ ധാരാളം മരിച്ചു. എന്നാൽ അസുരന്മാരുടെ ആചാര്യനായ ശുക്രന് മൃതസഞ്ജീവനിവിദ്യ അറിയാമായിരുന്നതുകൊണ്ടു്, ദാനവന്മാരിൽ മൃതരായവരെയെല്ലാം അദ്ദേഹം ജീവിപ്പിച്ചു. ദേവഗുരുവായ ബൃഹസ്പതിക്കു് ഈ വിദ്യ പരിചിതമല്ലായിരുന്നു. തന്മൂലം ദേവപക്ഷം തോല്ക്കുകതന്നെ ചെയ്തു. ഖേദാർത്തിയായ ബൃഹസ്പതി തൻെറ പുത്രന്മാരിൽ മൂത്തവനായ കചനെ വിളിച്ചു് ആരും അറിയാതെ ശുക്രൻെറ ശിഷ്യനായും ശുക്രപുത്രിയായ ദേവയാനിയുടെ പ്രിയസഹചരനായും ഭവിച്ചു് വല്ലതരത്തിലും മൃതസഞ്ജീവനിവിദ്യ കയ്ക്കലാക്കിക്കൊണ്ടുവരണമെന്നാവശ്യപ്പെട്ടു. ശുക്രൻ താമസിച്ചിരുന്നതു് വൃഷപർവ്വാവെന്ന അസുരരാജാവിൻെറ രാജധാനിയിലായിരുന്നു. കചൻ ഉടൻതന്നെ ആ നഗരിക്കു പുറപ്പെട്ടു.

കചൻ ശുക്രൻെറ ശിഷ്യനായി. അദ്ദേഹം കചനെ മൃതസഞ്ജീവനിയൊഴികെയുള്ള എല്ലാ വിദ്യകളും പഠിപ്പിച്ചു. ദേവയാനിയെന്ന കന്യകയ്ക്കു് വേണ്ടുന്ന ഉപചാരങ്ങളെല്ലാം സ്നേഹാദരപുരസ്സരം കചൻ ചെയ്തുകൊടുത്തു. കചൻെറ രൂപഗുണവും സ്വഭാവനൈർമ്മല്യവുംകൊണ്ടു് ദേവയാനിക്കു അയാളോടു് അതിരററ സ്നേഹം ഉണ്ടായിരുന്നു. ദേവവർഗ്ഗത്തിൽപെട്ട ഒരാൾ ഇപ്രകാരം ശുക്രശി

ഷ്യനായി അടുത്തുകൂടിയിട്ടുണ്ടെന്നുള്ള വിവരം അസുരന്മാർ എങ്ങിനെയോ അറിഞ്ഞു. ഒരുദിവസം കചൻ തനിയെ കാനനത്തിൽ കാലികളെ മേച്ചുകൊണ്ടുനില്ക്കുന്ന സമയം, അവർ ചെന്ന് ആ യുവാവിനെ വെട്ടിനുറുക്കി ചെന്നായ്ക്കൾക്കു തീററിയായിട്ടു് കൊടുത്തു. കചനെ കാണായ്കയാൽ ദേവയാനി ഖിന്നയായി, അച്ഛനോട്ട് വിവരം പറഞ്ഞു. ശുക്രൻ മൃതസഞ്ജീവനി മന്ത്രം ചൊല്ലി കചനെ വിളിക്കയും ചെന്നായ്ക്കളുടെ വയററിൽനിന്നും കചൻ മുന്നേപ്പോലെ ഓടിയെത്തുകയും ചെയ്തു. മന്ദഹസിച്ചു, കചൻ അസുരന്മാരുടെ ക്രൂരകർമ്മത്തെ ദേവയാനിയോട്ട് പറഞ്ഞു. മറെറാരു ദിവസം കചൻ ബലിപുഷ്പങ്ങൾക്കായി കാട്ടിൽപോയ തക്കത്തിന് അസുരന്മാർ കചനെ കൊന്ന് മൃതശരീരം പൊടിച്ച് സമുദ്രത്തിൽ കലക്കി. ദേവയാനിയുടെ ദുഃഖം കണ്ടു് ശുക്രൻ വീണ്ടും കചനേ ജീവിപ്പിച്ചു. മേലിലും അപ്രകാരം വരരുതെന്നു നിശ്ചയിച്ച് അസുരന്മാർ അടുത്തതായി മറെറാരു പണിചെയ്തു. അവർ കചന്റെ ഉടൽ വറുത്തുപൊടിച്ച് മദ്യത്തിൽ കലക്കി, അതു് ശുക്രനു കുടിക്കുവാൻ കൊടുത്തു. ശുക്രൻ അയതു് സേവിച്ചു. പണ്ടേപ്പോലെ കചനെ കാണായ്കയാൽ ദേവയാനി വിലപിച്ചു. അവളുടെ അച്ഛൻ ശിഷ്യനെ വിളിച്ചു. കചൻ ഗുരുവിന്റെ ഉദരത്തിൽ കിടന്നുകൊണ്ടു് വിളികേട്ടു. എങ്ങിനെയാണ് കചനെ ജീവിപ്പിക്കേണ്ടതെന്നു ശുക്രൻ വിഷണ്ണനായി. ഒന്നുകിൽ താൻ മരിച്ചിട്ടു് കചൻ ജീവിക്കും; അല്ലെങ്കിൽ കചൻ മരിച്ചിട്ടു താൻ ജീവിച്ചിരിക്കും; ഇതിൽ ഏതാണിഷ്ടം എന്ന് അസുരാചാര്യൻ തന്റെ പ്രിയപുത്രിയോട്ട് ചോദിച്ചു. ഒരാൾ മരിച്ചിട്ടു് ഒരാളെ രക്ഷിക്കുകയെന്നതു് സാധാരണന്മാർക്കും കഴിയുമെന്നും "അച്ഛനും കചനുമൊരന്തരം കൂടാതെ കണ്ടു്" അഭീഷ്ടസിദ്ധി ഉണ്ടാകുന്നതിലാണ് തനിക്കു താല്പര്യം എന്നും ദേവയാനി പറഞ്ഞു. ഉടൻതന്നെ ശ്രദ്ധമാ

യ മൃതസഞ്ജീവനി ശുക്രൻ കചനുപദേശിച്ചു. ആചാൎയ്യൻ വിളിച്ചപ്പോൾ അദ്ദേഹത്തിന്റെ വലത്തുഭാഗംപൊട്ടി കചൻ വെളിയിൽവന്നു. തനിക്കു സിദ്ധമായ മന്ത്രത്തിന്റെ ശക്തികൊണ്ട് അയാൾ ഗുരുവിനേയും ജീവിപ്പിച്ചു. ഇത്രമാത്രം അപത്ഥമുണ്ടാകുവാൻ ഒരു കാരണമായിഭവിച്ച മദ്യത്തെ പാനംചെയ്യുന്നവർ ജാതിഭ്രഷ്ടരും പാപികളുമായിത്തീരട്ടെ എന്നു ശുക്രൻ ശപിച്ചു.

കചൻ വന്ന കാൎയ്യം സാധിച്ചു. അയാൾ ആചാൎയ്യനോട് അനുമതിയും വാങ്ങിപ്പോകാനായി ഭാവിച്ചു. അപ്പോൾ ദേവയാനി തട്ടത്തു് വളരെനാൾ ഒന്നിച്ചു പാൎത്ത കൂട്ടുകാരൻ യാത്രകൂടി ചോദിക്കാതെ പോകാൻ ഭാവിക്കുന്നതുകണ്ടു് സങ്കടമുണ്ടെന്നു ദേവയാനിപറഞ്ഞു. കചന്റെ ബ്രഹ്മചൎയ്യാവ്രതം കഴിയുന്നതും പാൎത്തു അവൾ ഇരിക്കയായിരുന്നെന്നും, ഇനി കചൻ അവളെ വിവാഹംചെയ്യണമെന്നും ദേവയാനി സ്നേഹിതനെ ധരിപ്പിച്ചു. കചൻ ഇതിനനുകൂലിച്ചില്ല. പല പ്രാവശ്യം മരണത്തിൽനിന്നു് രക്ഷിച്ചതിന്റെ നന്ദി മറന്നുപോകരുതെന്നു് ദേവയാനി തുടൎന്നു. അപ്രകാരം തനിക്കു് ജീവനെ നല്കിയ ദേവയാനി ഒരുകണക്കിനു് അമ്മയും,കചൻ ശുക്രനിൽനിന്നും വീണ്ടും ജനിക്കയാൽ അവൾ അയാൾക്കു് ഭഗിനിയുമാണെന്നും മററും യുവാവു പറഞ്ഞു. ഈവണ്ണം പല യുക്തികളും പറഞ്ഞു് കചൻ തന്റെ അഭ്രഗഹത്തെ അവഗണിക്കുകയാണെന്നു കണ്ടപ്പോൾ നിൎബ്ബന്ധശീലയായ ദേവയാനിക്കു കോപം വന്നു. പഠിച്ച വിദ്യയെല്ലാം നിഷ്ഫലമായിപ്പോകട്ടെ എന്നു ദേവയാനി കചനെ ശപിച്ചു. കചനും വിട്ടില്ല. മുനിമാരിലും ബ്രാഹ്മണരിലും ഉള്ളവരിലാരും അവളെ വേൾക്കാതെ പോകട്ടെയെന്നു ദേവയാനിയെ കചനും ശപിച്ചു. അവർ അന്യോന്യം പ്രണനെന്നേക്കും പിരിയുകയുംചെയ്തു.

## II

ഒരുദിവസം വൃഷപൎവ്വാവിൻെറ മകളായ ശൎമ്മിഷ്ഠയും അവളുടെ സഖിമാരും നഗരത്തിനു വെളിയിലുള്ള താമരപ്പൊയ്കയിൽ കുളിക്കുകയായിരുന്നു. ദേവയാനിയും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. കാററിൻെറ വികൃതിമൂലം കരയ്ക്കൽവച്ചിരുന്ന് അവരുടെ വസ്ത്രങ്ങൾ എല്ലാം പറന്നുപോയി. കന്യകമാർ കുളി മതിയാക്കി, കരയ്ക്കുകയറി അവരവരുടെ വസ്ത്രങ്ങൾ എടുത്തു ധരിച്ചു. ശൎമ്മിഷ്ഠ ഉടുത്ത പുടവ ദേവയാനിയുടേതായിരുന്നു. ദേവയാനി അവളോട്ട് തൻെറ വസ്ത്രം തിരികെ തരണമെന്നാവശ്യപ്പെട്ടു. താൻ ശൎമ്മിഷ്ഠയേക്കാൾ ശ്രേഷ്ഠയാണെന്നും ആകയാൽ അവളുടെ വസ്ത്രം ധരിക്കുന്നത് വിഹിതമല്ലെന്നും അഭിമാനംപറഞ്ഞു. അവിടെവച്ച് അവർതമ്മിൽ വാഗ്വാദമുണ്ടായി. ദേവയാനി വസ്ത്രത്തിനു പിടിയിട്ടപ്പോൾ ശൎമ്മിഷ്ഠ അവളെ പിടിച്ചുതള്ളി. ദേവയാനി അടുത്തുണ്ടായിരുന്ന ഒരു പൊട്ടക്കിണററിൽ വീണു. വൃഷപൎവ്വാവിൻെറ പുത്രിയും തോഴിമാരും കൊട്ടാരത്തിലേയ്ക്കു പോകയുംചെയ്തു. ദേവയാനി സങ്കടപ്പെട്ട് കരഞ്ഞും കോപിച്ചും ശകാരിച്ചും കയറിപ്പോകാൻ നിവൃത്തിയില്ലാതെ അ അന്ധകൂപത്തിൽ കിടന്നു.

യദൃച്ഛയാ, നഹുഷൻെറ പുത്രനായ യയാതി എന്ന രാജാവ് മൃഗയാവിവശനായി ദാഹിച്ച് ദേവയാനി കിടന്ന കിണററിൽ വെള്ളംകാണുമെന്നാശിച്ചു ചെന്നുനോക്കി. അപ്പോൾ അയാൾ, ജലത്തിനുപകരം മിന്നൽകൊടിപോലെ പ്രകാശിക്കുന്ന ദേവയാനിയെയാണ് അതിൽ കണ്ടത്. രാജാവ് അവളെ എടുത്തു കരയ്ക്കുകയററി; വിവരങ്ങൾ ചോദിച്ചപ്പോൾ താൻ ശുക്രൻെറ പുത്രി ദേവയാനിയാണെന്നും മററുമുള്ള സകല വിവരങ്ങളും അറിയിച്ചു.

അനന്തരം അവൾ രാജാവിനെപ്പററി ചോദിച്ചു. യയാതി തൻെറ വംശനാമാദികൾ ദേവയാനിയോട്ട് പറഞ്ഞു. തൻെറ പാണി പിടിക്കയാൽ രാജാവു തന്നെ വിവാഹംചെയ്യണമെന്ന് ദേവയാനി ആവശ്യപ്പെട്ടു. യയാതിയാകട്ടെ അതു സമ്മതിച്ചില്ല. ക്ഷത്രിയൻ ബ്രാഹ്മണസ്ത്രീയെ വിവാഹംചെയ്യുന്നത് പ്രാതിലോമ്യവിവാഹമാണെന്നും പല കാരണങ്ങൾകൊണ്ടും അപ്രകാരമുള്ള ബന്ധം യോജിക്കാതെ വന്നേക്കുമെന്നും യയാതി സമാധാനം പറഞ്ഞു. വിശേഷിച്ചും ശുക്രനെ വളരെ ഭയമായിരുന്നതിനാൽ ദേവയാനിയുടെ പ്രാത്ഥന കൈക്കൊള്ളാതെ നഹുഷനന്ദനൻ അവിടെനിന്നും പോയി.

ദേവയാനി ഒരു വൃക്ഷത്തിൻെറ ചുവട്ടിൽ ദീനയായിരുന്നു. ശർമ്മിഷ്ഠയുടെ അച്ഛൻെറ കൊട്ടാരത്തിലേക്ക് അവൾ മേലിൽ പോകയില്ലെന്നായിരുന്നു നിർബന്ധം. അവളെ അന്വേഷിച്ചു പുറപ്പെട്ടവരിൽ ഒരാൾ ദേവയാനിയെ കാണുകയും മടങ്ങിച്ചെന്ന് വിവരം ശുക്രനെ അറിയിക്കയുംചെയ്തു. ശുക്രൻ വന്ന് രാജധാനിയിലേക്കു പോകാൻ മകളെ വിളിച്ചു. ദേവയാനി നടന്ന സംഭവങ്ങളെല്ലാം അച്ഛനെ ധരിപ്പിക്കയും അത്രമാത്രം നിന്ദയുള്ളവരുടെ വസതിയിൽ താമസിക്കാൻ താൻ ചെല്ലുകയില്ലെന്നു ശഠിക്കയും ചെയ്തു. ശുക്രൻ വാത്സല്യഭാജനമായ പുത്രിയുടെ ഹിതാനുസരണം അവളുമൊത്തു വല്ലയിടത്തും പോകാൻനിശ്ചയിച്ചു. വൃഷപവ്ാവു് ഈ വിവരം അറിഞ്ഞു് അപ്രകാരം ചെയ്യരുതെന്നു ശുക്രനോടു യാചിച്ചു. പുത്രിയെ സമ്മതിപ്പിക്കാമെങ്കിൽ തനിക്കുംസമ്മതമാണെന്ന് ശുക്രൻ പറഞ്ഞു. ദേവയാനിക്ക് എന്തെല്ലാം അഭീഷ്ടങ്ങൾ ഉണ്ടോ അതെല്ലാം സാധിച്ചുകൊടുക്കാമെന്നും കൊട്ടാരം വിട്ടുപോകരുതെന്നും അസുരരാജാവു് അപേക്ഷിച്ചു. ശർമ്മിഷ്ഠയും അവളുടെ ആയിരം ദാസികളും തൻെറ തോഴി

കളായി വൎത്തിക്കാമെങ്കിൽ, ചെയ്ത അപരാധങ്ങളഖിലം മറന്ന് താൻ കൊട്ടാരത്തിൽ ചെല്ലാമെന്ന് ദേവയാനി പറഞ്ഞു. അവളുടെ നിർബന്ധംതന്നെ ജയിച്ചു. അച്ഛന്റെ അനുഗ്രഹപ്രകാരം ശൎമ്മിഷ്ഠയും അവളുടെ ദാസികളും ദേവയാനിയുടെ കാൽക്കൽ വീണ് അവളുടെ തോഴികളാണെന്നറിയിച്ചു. ദേവയാനി പ്രീതയായി അസുരപുരത്തിലേക്ക് അച്ഛനമൊത്തുപോയി.

## III

അങ്ങിനെയിരിക്കുന്ന കാലത്ത് ഒരുദിവസം യയാതി പണ്ടേപ്പോലെ മൃഗയാപരിശ്രാന്തനായി വരികയായിരുന്നു. വനസീമയിൽ ദേവയാനിയേയും അവളുടെ പാദം തലോടിയുംകൊണ്ടിരിക്കുന്ന സുന്ദരിയായ ശർമ്മിഷ്ഠയേയും, മററു ദാസിമാരേയും അദ്ദേഹം കണ്ടു. ശർമ്മിഷ്ഠയെ കണ്ടപ്പോൾതന്നെ രാജാവിന് അവളോട്ടു നിസ്സീമമായ സ്നേഹം തോന്നി. അവർ ആരാണെന്നു തിരക്കിയപ്പോൾ ദേവയാനി സകല വിവരവും പറഞ്ഞു. അന്നത്തേപ്പോലെ വീണ്ടും തന്നെ വിവാഹം ചെയ്യണമെന്ന് ദേവയാനി യയാതിയോടാവശ്യപ്പെട്ടു. ശർമ്മിഷ്ഠയും ദേവയാനിയോടൊത്തുപോരുമെന്നുള്ളതുകൊണ്ടും, അവളെ തന്റെ ഭാൎയ്യയായി സ്വീകരിക്കാൻ അനുഗ്രഹം തോന്നിയതിനാലും അതവണ രാജാവു് ഒഴികഴിവുകൾ ഒന്നും പറയാതെ, ശുക്രൻ അനുവദിക്കുന്നപക്ഷം അപ്രകാരം ചെയ്യാമെന്നു സമ്മതിച്ചു. ദേവയാനി ഉടനേതന്നെ അച്ഛനെ വരുത്തി വിവരങ്ങൾ പറഞ്ഞു; പുത്രിയുടെ നിർബ്ബന്ധശീലം ഓൎത്തും, കചന്റെ ശാപം സ്മരിച്ചും, ശുക്രൻ പുതിയ ഒരു വിവാഹവിധി ഉണ്ടാക്കി, പുത്രിയെ യയാതിക്കു വിവാഹം ചെയ്തുകൊടുത്തു. സ്വാൎത്ഥത്തിനുവേണ്ടി പൊതുവേ ചേൎക്കേണ്ടനിയമങ്ങൾ ഉണ്ടാക്കിയാൽ വരുന്ന കുഴപ്പങ്ങൾ വ

ഴിയേ അറിയാവുന്നതാണ്. ശർമ്മിഷ്ഠയും ദേവയാനിയെ അനുഗമിച്ചു. ശർമ്മിഷ്ഠയോടു സംസാരിക്കപോലും ചെയ്യരുതെന്ന് ദേവയാനിയുടെ ദുശ്ശീലം അറിഞ്ഞിരുന്ന ശുക്രൻ രാജാവിനോടു പ്രത്യേകം ശട്ടംകെട്ടി. യയാതി സ്വരാജ്യത്തേക്കു മടങ്ങുകയും ചെയ്തു.

രാജാവു് ശർമ്മിഷ്ഠയെ വളരെ അകലെ ഉദ്യാനത്തിൻെറ ഒരു കോണിൽ പാൎപ്പിച്ചു. ദേവയാനിയിൽ, യദുവെന്നും തുർവ്വസുവെന്നും രണ്ടു പുത്രന്മാർ രാജാവിനുണ്ടായി. ദേവയാനിയുടെ അറിവുകൂടാതെ രാജാവു് ശർമ്മിഷ്ഠയെ കാണാറുണ്ടായിരുന്നു. അവളിൽ അദ്ദേഹത്തിനു് മൂന്നു പുത്രന്മാർ ഉണ്ടായി. അവരുടെ പേർ ദ്രുഹ്യു, അനുദ്രുഹ്യു, പൂരു എന്നാകുന്നു. ഗർവ്വിൻെറ കൂടുതൽകൊണ്ടു ചിലപ്പോൾ ദേവയാനി രാജാവിനെ നിന്ദിക്കാറുണ്ടായിരുന്നു. ശർമ്മിഷ്ഠയുടെ സ്വഭാവഗുണംകൊണ്ടു രാജാവിനു് അവളോടു വളരെ പ്രീതിയും തോന്നിയിരുന്നു.

ഒരുദിവസം യാദൃച്ഛികമായി രാജാവിനെ ശർമ്മിഷ്ഠയുടെ വീട്ടിൽ കുട്ടികളുമൊത്തു വിനോദിക്കുന്നതു ദേവയാനി കണ്ടു. അവൾ കാൎയ്യങ്ങളെല്ലാം മനസ്സിലാക്കി. കരഞ്ഞലച്ചുകൊണ്ട് ദേവയാനി ശുക്രൻെറ അടുക്കൽ എത്തി. വൃത്താന്തം മുഴുവനും പറഞ്ഞു. യയാതി ശാപം ഭയപ്പെട്ടു പിറകേയെത്തി. പറഞ്ഞ വാക്കുകളെ ലംഘിക്കയാൽ, ജരാനര ഭവിച്ചുപോകട്ടെയെന്നു ശുക്രൻ രാജാവിനെ ശപിച്ചു. ശാപമോക്ഷം വേണമെന്ന് രാജാവു് മുനിയുടെ പാദങ്ങളിൽ വീണപേക്ഷിച്ചു. രാജാവു് തൻെറ മക്കളിൽ ആക്കെങ്കിലും ജരാനരകൊടുത്തിട്ട് അവരുടെ യൌവനം വാങ്ങുന്നതിനും തിരികെ അതു മാററം ചെയ്യുന്നതിനും പ്രാപ്തനായി ഭവിക്കുമെന്നു് ശുക്രൻ ശാപമോക്ഷം കൊടുത്തു. തൻെറ ജരാനര വാങ്ങുന്നവൎക്കു

രാജ്യാവകാശം ഉണ്ടായിരിക്കയുള്ളുവെന്നും പിന്നീട് അഥവാ ദേവയാനിയുടെ പുത്രന്മാർക്ക് അതു കിട്ടാതെ വന്നാൽ കോപിക്കരുതെന്നും രാജാവു് ശുക്രനു് മുന്നറിവുകൊടുത്തു. ഇല്ലായെന്നു ശുക്രൻ അഭിനന്ദിച്ചു പറഞ്ഞു. രാജാവു് ദേവയാനിയുമൊത്തു പോകയും ചെയ്തു.

യയാതി, പുത്രന്മാരിൽ ഓരോരുത്തരോടും തൻെറ വാൎദ്ധക്യം വാങ്ങിക്കൊണ്ടു് അവരുടെ യൌവനം തരണമെന്നു് ആവശ്യപ്പെട്ടു. ദേവയാനിയുടെ മക്കൾ അദ്ദേഹത്തെ ആക്ഷേപിക്കയാണു ചെയ്തതു്. ശർമ്മിഷ്ഠയുടെ പുത്രന്മാരിൽ മൂത്തവർ രണ്ടുപേരും അദ്ദേഹത്തിൻെറ ആജ്ഞയ്ക്കു വഴിപ്പെട്ടില്ല. ഇളയ മകനായ പൂരു അച്ഛൻെറ ഹിതാനുസരണം പ്രവൎത്തിച്ചു. രാജാവു് ഒടുവിൽ പൂരുവിനോടു വാൎദ്ധക്യം വാങ്ങി അയാളുടെ യൌവനം തിരികെക്കൊടുത്തു. രാജ്യാവകാശവും യയാതി പൂരുവിനുതന്നെ നൽകി. പൂരു പ്രതാപത്തോടെ രാജ്യം പരിപാലിച്ചു. ശർമ്മിഷ്ഠ ഭാഗ്യവതിയായിത്തീൎന്നു. ഗർവ്വും, നിർബന്ധവുംകൊണ്ടു് ദുഷ്ടശീലയായ ദേവയാനിയുടെ പുത്രന്മാരിൽ ഒരാൾക്കെങ്കിലും രാജ്യഭാരം കിട്ടിയില്ല. ആ കുഴപ്പങ്ങൾക്കെല്ലാം കാരണം അവളുടെ ശീലദോഷമായിരുന്നു.

---

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# പിതൃഭക്തി.

---

## ദശരഥനും—ശ്രീരാമനും.

ദശരഥൻ രഘുവിൻെറ കുലത്തിൽ ജനിച്ച ഒരു രാജാവായിരുന്നു. അദ്ദേഹത്തിന് നാലു പുത്രന്മാർ ഉണ്ടായിരുന്നു. അവരുടെ പേരുകൾ ശ്രീരാമൻ, ഭരതൻ, ലക്ഷ്മണൻ, ശത്രുഘ്നൻ എന്നത്രെ. ദശരഥൻെറ ഈ നാലു മക്കളിൽവച്ചു മൂത്തയാൾ ശ്രീരാമനായിരുന്നു. അദ്ദേഹത്തോളം എല്ലാ ഗുണങ്ങളും തികഞ്ഞവർ പുരുഷന്മാരിൽ ആരും ഉണ്ടായിരുന്നില്ല. അതുകൊണ്ടു ശ്രീരാമനെ അയോദ്ധ്യയിലുള്ള എല്ലാവരും അതിരററു സ്നേഹിച്ചുവന്നു. അദ്ദേഹത്തെ കാണുന്നതുതന്നെ ആളുകൾക്കു സന്തോഷമായിരുന്നു.

ശ്രീരാമനു പ്രായപൂർത്തിവന്നു എന്നുകണ്ടു ദശരഥൻ മകനെ യുവരാജാവായി അഭിഷേകംചെയ്യണമെന്നു നിശ്ചയിച്ച് അദ്ദേഹം ഈ സംഗതി കുലഗുരുവായ വസിഷ്ഠനോടും സുമന്ത്രർ തുടങ്ങിയ മന്ത്രിമാരോടും ആലോചിച്ചു.

അവരെല്ലാവരും മഹാരാജാവിൻെറ ആഗ്രഹത്തെ അഭിനന്ദിച്ച് അടുത്തദിവസംതന്നെ ശ്രീരാമനെ അഭിഷേകംചെയ്യുന്നതിനു തീർച്ചയാക്കി. അയോദ്ധ്യാപുരി മുഴുവൻ കൊടിക്കൂറകളും തോരണങ്ങളും മററുംകൊണ്ട് അലങ്കരിക്കുന്നതിനു രാജാവു കല്പനകൊടുത്തു. ആളുകൾക്ക് ഇതു കേൾക്കാത്ത താമസമേ ഉണ്ടായിരുന്നൊള്ളു. എന്തെന്നാൽ അവർ തങ്ങളുടെ കണ്ണിലുണ്ണിയായ ശ്രീരാമൻ രാജാവായി കാണുവാൻ കൊതിച്ചിരിക്കയായിരുന്നു. ജന

ങ്ങൾ ഒത്തുചേർന്ന് ആർത്തുവിളിച്ച് പട്ടണം മുഴുവൻ ഉത്സാഹത്തോടെ അലങ്കരിച്ചുതുടങ്ങി. കഷ്ടം അവരെല്ലാവരും ഒടുവിൽ നിരാശപ്പെടേണ്ടിവന്നു.

ദശരഥൻെറ രണ്ടാമത്തെ ഭാര്യയായ കൈകേയി ശ്രീരാമൻെറ അഭിഷേകത്തിന് തടസ്സക്കാരിയായിത്തീർന്നു. അവൾ വൈകുന്നേരം ഈ കഥകേട്ട ദുഃഖിച്ചും കോപിച്ചും നേരെ രാജാവിൻെറ അടുക്കൽചെന്നു. കൈകേയിക്ക് ആവശ്യപ്പെടുമ്പോൾ രണ്ടു വരം കൊടുത്തുകൊള്ളാമെന്നു ദശരഥൻ പണ്ടു വാക്കുപറഞ്ഞിട്ടുണ്ടായിരുന്നു. ആയതു രണ്ടും അപ്പോൾതന്നെ വേണമെന്ന് അവൾ രാജാവിനോട് അർത്ഥിച്ചു. അദ്ദേഹം അങ്ങിനെയാകട്ടെ എന്നും സമ്മതിച്ചു. കൈകേയിയുടെ ആദ്യത്തെ വരം ശ്രീരാമൻ സന്യാസിയെപ്പോലെ പതിന്നാലു വർഷം കാട്ടിൽ താമസിക്കണമെന്നും, രണ്ടാമത്തെ വരം അവളുടെ മകനായ ഭരതനെ യുവരാജാവായി അഭിഷേകംചെയ്യണമെന്നും ആയിരുന്നു. കൈകേയി ചോദിക്കുന്ന വരങ്ങൾ രണ്ടും ഇതായിരിക്കുമെന്ന് ദശരഥൻ സ്വപ്നത്തിൽകൂടി ഓർത്തിരുന്നില്ല. രാജാവു വിഷണ്ണനായി; പ്രിയപുത്രനായ ശ്രീരാമനെ കാട്ടിൽ അയയ്ക്കുവാൻ ഒരിക്കലും കഴികയില്ല എന്നാൽ അപ്രകാരം ചെയ്യാതെയിരുന്നാൽ സത്യത്തിനു ഭംഗവും വരും. എന്തുചെയ്യണമെന്ന് രൂപമില്ലാതെ രാജാവുതന്നെ കുഴങ്ങി. അദ്ദേഹം ഇതിൽപരമില്ലാതെ വ്യസനിച്ചു നിലത്തുവീണു കിടപ്പുമായി.

ആ രാത്രി അങ്ങിനെ കഴിഞ്ഞു. അടുത്ത ദിവസം സൂര്യൻ ഉദിച്ചു ശ്രീരാമൻ അച്ഛനെ കാണ്മാനായിവന്നു. അപ്പോൾ വിവരങ്ങൾ എല്ലാം അറിഞ്ഞു. ശ്രീരാമൻെറ പിതൃഭക്തി അപ്പോഴാണു തെളിഞ്ഞത്. അദ്ദേഹം രാജ്യം വിട്ടുകൊടുക്കയില്ലെന്നും കാട്ടിൽ പോകാൻ മടിക്കുമെ

നും ഇക്കഥയറിഞ്ഞവർ സകലരും വിചാരിച്ചിരുന്നു. എന്നാൽ അവരുടെ വിചാരം തെററിപ്പോയി. അച്ഛൻെറ സത്യത്തെ പരിപാലിപ്പാൻ അപ്പോൾ താനല്ലാതെ മററാരുമില്ലെന്ന് അദ്ദേഹം നല്ലപോലെ മനസ്സിലാക്കി. ശ്രീരാമൻ കാട്ടിൽപോകാൻ ഒരുക്കംതുടങ്ങി. അച്ഛനോടും അമ്മമാരോടും ഗുരുക്കന്മാരോടും എല്ലാം യാത്രചോദിച്ചുകൊണ്ട് ലക്ഷ്മണനും തൻെറ ഭാര്യയായ സീതയും ഒരുമിച്ചു ശ്രീരാമൻ വനത്തിലേക്കു യാത്രയായി. നഗരവാസികളെല്ലാം അദ്ദേഹത്തോടുള്ള ഇഷ്ടംകൊണ്ടു പിന്നാലെ തിരിച്ചു. അന്നുരാത്രി അവരാരും കാണാതെ ഗംഗയും കടന്ന് അദ്ദേഹം കൊടുങ്കാട്ടിൽ മറഞ്ഞു.

ഭരതൻ മാതുലഗൃഹത്തിൽനിന്നും മടങ്ങിയെത്തിയപ്പോൾ ഈ സംഭവങ്ങളെല്ലാം അറിഞ്ഞു. ശ്രീരാമൻ കാട്ടിൽപോകാൻ അച്ഛൻ അനുവദിച്ചതു കുലധർമ്മത്തിനും നീതിക്കും വിരുദ്ധംതന്നെ എന്ന് അയാൾ അഭിപ്രായപ്പെട്ടു. ഇവയ്ക്കെല്ലാം കാരണഭൂതയായ തൻെറ മാതാവിനെ ഭരതൻ നിശ്ശേഷം വെറുത്തു. മരിച്ചുപോയ അച്ഛൻെറ സംസ്കാരകർമ്മങ്ങൾ എല്ലാം അദ്ദേഹം വിധിയാംവണ്ണം ചെയ്തു. അനന്തരം രാജ്യം ഭരിക്കുവാൻ ജ്യേഷ്ഠനെ കാട്ടിൽനിന്നും തിരികെ വിളിക്കണമെന്നു നിശ്ചയിച്ച് അടുത്ത പ്രഭാതത്തിൽ കൈകേയി ഒഴിച്ചുള്ള അമ്മമാരോടും, മന്ത്രികളോടും വസിഷ്ഠൻ തുടങ്ങിയുള്ള താപസന്മാരോടുംകൂടി ഭരതൻ ശ്രീരാമനെ തേടി പുറപ്പെട്ടു. വനത്തിൽ കണ്ടുമുട്ടിയ പല മുനികളോടും ചോദിച്ചതിൽ ശ്രീരാമൻ ഗംഗയുടെ വടക്കേക്കരയിൽ ചിത്രകൂടപർവ്വതത്തിൻെറ ചെരുവിലുള്ള ആശ്രമത്തിലാണു പാർക്കുന്നതെന്നു തുമ്പുകിട്ടി.

ഭരതൻ അവിടെയെത്തി ജ്യേഷ്ഠനെക്കണ്ടു വണങ്ങി. അയോദ്ധ്യയിൽവന്ന് രാജധർമ്മം അനുസരിച്ചു പ്രജകളെ

രക്ഷിക്കണമെന്ന് അദ്ദേഹത്തോടു പ്രാൎത്ഥിച്ചു. അങ്ങിനെയല്ലെന്നും എല്ലാററിലുംവച്ചു മുഖ്യമായി അച്ഛൻെറ ആജ്ഞയനുസരിക്കുന്നതാണ് പരമധൎമ്മം എന്നും ശ്രീരാമൻ പറഞ്ഞു. അതനുസരിച്ച് അങ്ങുചെന്ന് രാജ്യം ഭരിച്ചുകൊള്ളുവാൻ അദ്ദേഹം അനുജനെ നിൎബന്ധിച്ചു. എന്തെല്ലാംപറഞ്ഞിട്ടും ആരെല്ലാം വാദിച്ചിട്ടും ശ്രീരാമൻ അച്ഛൻെറ ആജ്ഞെയ്ക്കു വിപരീതം ചെയ്കയില്ലെന്നുതന്നെ തീൎത്തുപറഞ്ഞു. അച്ഛൻെറയും അമ്മയുടെയും കല്പനയനുസരിക്കുന്നതുതന്നെ എല്ലാററിലുംവച്ച് ശ്രേഷ്ഠമായ ധൎമ്മമെന്ന് അദ്ദേഹം സമൎത്ഥിച്ചു. ഒടുവിൽ ഭരതൻ ജ്യേഷ്ഠൻെറ പാദുകകളുംകൊണ്ടു് വസിഷ്ഠാദികളുമൊത്തു മടങ്ങേണ്ടിവന്നു. അദ്ദേഹം ആ പാദുകകൾവച്ചു പൂജിച്ചുകൊണ്ടു പതിന്നാലുവൎഷം ശ്രീരാമൻെറ പ്രതിപുരുഷനായി അയോദ്ധ്യാരാജ്യം ഭരിച്ചു. അത്രയുംകാലം കഴിഞ്ഞപ്പോൾ ശ്രീരാമൻ വനവാസംകഴിഞ്ഞു തിരികെവന്നു രാജ്യം കയ്യേററുവാങ്ങി. ഇപ്രകാരം അദ്ദേഹം താതൻെറ കല്പന അക്ഷരംപ്രതി നിൎവ്വഹിച്ചു.

---

## മാതൃഭക്തി.

---

### പരശുരാമനും രേണുകയും.

പരശുരാമൻ ബ്രാഹ്മണവൎഗ്ഗത്തിൽ ജനിച്ചു. എങ്കിലും അദ്ദേഹം ഒരു ക്ഷത്രിയനേക്കാൾ ശൂരനായിരുന്നു. തൻെറ ഗുരുവായ ശിവൻ കൊടുത്ത പരശു എന്ന ആയുധം സദാ ധരിക്കയാലാണ് അദ്ദേഹത്തിന് ഈ നാമം സിദ്ധിച്ചതു്. പരശുരാമൻെറ അച്ഛൻ ജമദഗ്നിയും അമ്മ രേണുകയുമായിരുന്നു. ഇവൎക്കു പരശുരാമനെക്കൂടാ

തെ വേറെയും പുത്രന്മാർ ഉണ്ടായിരുന്നു. ജമദഗ്നി വളരെ തപശ്ശക്തിയുള്ള ഒരു മഹർഷിയായിരുന്നു എന്ന സംഗതി പുരാണപ്രസിദ്ധമാണ്.

ഒരുദിവസം രേണുക ആശ്രമത്തിൽനിന്നും വെള്ളംകോരാൻപുറപ്പെട്ടു. അടുത്തുനദിയുണ്ട്. രേണുക അതിൽനിന്നും ജലവുമേന്തിക്കൊണ്ടു കരയ്ക്കുകയറി. അപ്പോൾ തന്റെ മുൻപിൽ താഴെക്കൂടി ഒരു നിഴൽ പോകുന്നതുകണ്ടു് മുനിപത്നി മേല്പോട്ടുനോക്കി. അപ്പോൾ പല വർണ്ണത്തിൽ മിന്നുന്ന ഒരു വിമാനം ആകാശമാർഗ്ഗമായി മന്ദംമന്ദം പോകുന്നതുകണ്ടു. വിമാനത്തിൽ യാത്രചെയ്തുകൊണ്ടിരുന്നതു് ചിത്രാംഗദൻ എന്നൊരു ഗന്ധർവ്വനായിരുന്നു. ഗന്ധർവ്വന്റെയും വിമാനത്തിന്റെയും, ആകാശസഞ്ചാരത്തിന്റെയും അഴകുനോക്കിക്കൊണ്ടു് രേണുക കുറേനേരം അവിടെ തന്നത്താൻ മറന്നുനിന്നുപോയി. മുനിപത്നി വേഗം നടന്നു് ആശ്രമത്തിലെത്തി. അത്രമാത്രം താമസിച്ചതിന്റെ കാരണമെന്തായിരുന്നുവെന്നു് ജമദഗ്നി ചോദിച്ചു. ഭർത്താവിനെയല്ലാതെ അന്യപുരുഷന്മാരെ സ്ത്രീകൾ നോക്കുന്നതു് അധർമ്മമായി കരുതിവന്നിരുന്നു. തന്മൂലം ചിത്രാംഗദനെ നോക്കിക്കൊണ്ടുനിന്നു എന്നു പറയാൻ രേണുക മടിച്ചു. പത്നി കുഴങ്ങുന്നതുകണ്ടു് മഹർഷി സ്വരം മൂപ്പിച്ചു വീണ്ടും ചോദിച്ചു. രേണുക ഉത്തരമൊന്നും പറയാതെ ഭയന്നു വിറച്ചുതുടങ്ങി. ജമദഗ്നി കുറേനേരം ഓർത്തിരുന്നു. മഹർഷി ദിവ്യദൃഷ്ടികൊണ്ടു് നടന്ന വിശേഷങ്ങൾ എല്ലാം കണ്ടു. അദ്ദേഹത്തിന്റെ കോപം ജ്വലിച്ചു. അധർമ്മം ആചരിച്ച ആ സ്ത്രീ വധ്യയാണെന്നു മഹർഷി വിധിച്ചു.

ജമദഗ്നിപുത്രന്മാരിൽ ഓരോരുത്തരോടും അവരുടെ അമ്മയായ രേണുകയെ വെട്ടിക്കൊല്ലുവാൻ ആജ്ഞാപി

ച്ചു. പെററതള്ളയെ വധിക്കയെന്നോ! അവർ അച്ഛൻെറ കല്പന കേട്ടപ്പോൾതന്നെ ഭയന്ന് ചെവിപൊത്തിക്കൊണ്ട് ആ പാപകർമ്മം ചെയ്യുവാൻ കഴികയില്ലെന്നു പറഞ്ഞൊഴിഞ്ഞു. എല്ലാവരിലും ഇളയവനായ പരശുരാമനോടു മഹർഷി ഈ കാൎയ്യം പറഞ്ഞു. ബുദ്ധിമാനും ധീരനുമായ അദ്ദേഹം അപ്രകാരം ചെയ്യാമെന്നു സമ്മതിച്ചു. പുത്രൻെറ അനുസരണകണ്ടു വളരെ സന്തോഷിച്ച് അയാൾക്ക് എന്തു വരം വേണമെങ്കിലും നല്കാമെന്നു ജമദഗ്നി വാഗ്ദാനംചെയ്തു. പരശുരാമൻ അമ്മയെ വെട്ടിക്കൊന്നു. അനന്തരം എന്തു വരമാണു വേണ്ടതെന്ന് മഹർഷി പുത്രനോടു ചോദിച്ചു. അമ്മയെ പൂൎവസ്ഥിതിയിൽ ജീവനോടെകിട്ടണം; ആ ഒററ വരം മതിയാകുമെന്ന് അദ്ദേഹം വിനയംപൂൎവ്വം അച്ഛനോടുണൎത്തിച്ചു. ജമദഗ്നി സമ്മതിച്ച് ആ വരം പ്രദാനംചെയ്തു. രേണുക പഴയപടി ജീവിച്ചു. ഇപ്രകാരം ഒരേ അവസരത്തിൽതന്നെ അച്ഛനോടുള്ള അനുസരണയും അമ്മയോടുള്ള ഭക്തിയും ബുദ്ധിമാനായ പരശുരാമൻ പ്രത്യക്ഷപ്പെടുത്തി.

---

## സഹോദരസ്നേഹം.

---

### രാമനും ഭരതനും.

ദശരഥനു മൂന്നു ഭാൎയ്യമാരുണ്ടായിരുന്നു. അവർ കൌസല്യയും, കൈകേയിയും, സുമിത്രയും ആയിരുന്നു. രാമനും ഭരതനും ഒരമ്മമക്കളല്ല. ഒന്നാമൻ കൌസല്യയുടെ പുത്രനും രണ്ടാമൻ കൈകേയിയുടെ പുത്രനും ആയിരുന്നു; എങ്കിലും ഭരതനു രാമനോടുള്ള ഭക്തിയും സ്നേഹവും അ

ദരവും മററു സഹോദരന്മാരിൽ കാണുന്നതു പ്രയാസം തന്നെ.

Ja-1164

രാമൻ കാട്ടിലേക്ക പോയപ്പോഴും, ദശരഥൻ മരിച്ചപ്പോഴും ഭരതൻ അയോദ്ധ്യയിൽ ഇല്ലായിരുന്നു. അദ്ദേഹം മാതുലഗൃഹത്തിലായിരുന്നു. ഭരതൻ വന്നപ്പോൾ രാമനെ തിരക്കി. അദ്ദേഹം സീതയും ലക്ഷ്മണനുമൊത്ത് വനവാസത്തിനു പോയെന്നും രാജ്യംഭരിക്കേണ്ടതു ഭരതനാണെന്നും കൈകേയി പറഞ്ഞു; മരിച്ചുപോയ അച്ഛൻെറ നിശ്ചയം അപ്രകാരമായിരുന്നുവെന്നും അവൾ പുത്രനെ ധരിപ്പിച്ചു. ഭരതൻ ആ നിശ്ചയത്തെ നിഷേധിക്കുകയും ജ്യേഷ്ഠൻെറ വനയാത്രയ്ക്കു കാരണം കൈകേയിയായിരുന്നുവെന്നറിഞ്ഞ് ആ അമ്മയോടു വളരെ കയൎക്കയും ചെയ്തു.

അച്ഛൻെറ ശേഷക്രിയകളെല്ലാംകഴിഞ്ഞു ഭരതൻ വിശ്രമിക്കുമ്പോൾ അയോദ്ധ്യയിലെ രാജാവാകണമെന്ന് വസിഷ്ഠൻ അദ്ദേഹത്തോടുപദേശിച്ചു. ആയതു താതനിയോഗമാകയാൽ പാതകമുണ്ടാകയില്ലെന്നും ധരിപ്പിച്ചു. തനിയ്ക്കു രാജ്യം തീരെ വേണ്ടെന്നും, ജ്യേഷ്ഠനാണ് രാജാവെന്നും, താൻ അദ്ദേഹത്തിൻെറ വേലക്കാരൻ മാത്രമാണെന്നും ഭരതൻ പറഞ്ഞു. അടുത്ത സൂൎയ്യോദയത്തിൽ ഭരതൻ രാമനെ കൂട്ടിക്കൊണ്ടുവരുവാൻ അരണ്യത്തിലേക്ക പുറപ്പെട്ടു. ചിത്രകൂടാചലത്തിൽവച്ചു ഭരതൻ സന്യാസം സ്വീകരിച്ചിരുന്ന രാമനെക്കണ്ടു. അദ്ദേഹം ജ്യേഷ്ഠൻെറ മുൻപിൽ നമസ്കരിച്ചു. അനന്തരം അയോദ്ധ്യയിൽവന്നു രാജ്യംഭരിക്കണമെന്ന് തൊഴുതപേക്ഷിച്ചു. അവിടെ രാമനും ഭരതനുംതമ്മിൽ ഒരു വാദംനടന്നു. പ്രജകളെ രക്ഷിക്കയാണ് ഒരു രാജാവിൻെറ കടമയെന്ന് ഭരതനും അച്ഛൻെറ ആജ്ഞ അനുസരിക്കുന്നതാണ് ഒരു പുത്രൻെറ പരമധൎമ്മമെന്നു രാമനും തൎക്കിച്ചു.

രാമൻ പറഞ്ഞതിനെ എതിർക്കാൻ ആർക്കും ശക്തിയു ണ്ടായില്ല. അച്ഛന്റെ നിയോഗപ്രകാരം പോയി രാജ്യം രക്ഷിക്കണമെന്ന് ജ്യേഷ്ഠൻ അനുജനോടു നിർബന്ധിച്ചു. ഭരതൻ കാട്ടിൽനിന്നും പോകയില്ലെന്നും, ജ്യേഷ്ഠനുള്ള പ്പോൾ താൻ രാജാവായിരിക്കുന്നതല്ലെന്നും സത്യം ചെയ്തു. ഭരതന്റെ ഭ്രാതൃഭക്തികണ്ടു് രാമൻ വിസ്മയിച്ചു. അനുജ നോടു ക്രമത്തിലധികം സ്നേഹം തോന്നി. പതിന്നാലു സംവത്സരക്കാലം ഭരതൻ രാജ്യം ഭരിക്കണമെന്നും അതി ന്റെശേഷം താൻ വന്നു രാജ്യാവകാശം സ്വീകരിച്ചു കൊള്ളാമെന്നും രാമൻ ഭരതനോടു് അനുനയപൂർവ്വം പറ ഞ്ഞു. ഒരുവിധത്തിൽ അദ്ദേഹം സമ്മതിച്ചു മടങ്ങി. രാമ ന്റെ രത്നങ്ങൾ പതിച്ച പാദുകകളും കൊണ്ടു് അദ്ദേഹ ത്തിന്റെ പ്രതിപുരുഷനായി രാജ്യം പരിപാലിക്കാൻ മാ ത്രമാണ് ഭരതൻ പോന്നതു്. നാട്ടിൽ വന്നെങ്കിലും അദ്ദേ ഹം അയോദ്ധ്യാപുരിയിൽ പ്രവേശിച്ചില്ല. താപസവേ ഷത്തോടുകൂടി നന്ദിഗ്രാമത്തിൽ പാർത്തു ജ്യേഷ്ഠന്റെ പാ ദുകകൾവച്ചു പൂജിക്കയും വസിഷ്ഠാദികളുടെ സഹായ ത്തോടെ രാജ്യം ഭരിക്കയും ചെയ്തു.

---

# മിത്രധൎമ്മം.

---

## ജടായു.

അഞ്ചുവടവൃക്ഷങ്ങൾ വളൎന്നില്ക്കുന്നതിനാലാണ് ആ പ്രദേശത്തിനു പഞ്ചവടി എന്നു പറയുന്നത്. രാമനും ലക്ഷ്മണനും ജാനകിയും അഗസ്ത്യമഹൎഷിയെ സന്ദൎശിച്ചു വന്ദിച്ചശേഷം പഞ്ചവടിയിലേക്കു വരികയായിരുന്നു. പഞ്ചവടിയോ ഒരു കൊടുംകാടാണ് വഴിമദ്ധ്യേ വലിയ ഒരു ജന്തു ഇരിക്കുന്നതുകണ്ടു് അതൊരു രാക്ഷസനായിരിക്കുമെന്നു രാമൻ ശങ്കിച്ചു. അദ്ദേഹം അതിനെ കൊല്ലുവാൻ ഭാവിച്ചു. തത്സമയം ആ ജന്തു ഒന്നിളകി. അതു ഒരു പക്ഷിയാണെന്ന് അവൎക്കു മനസ്സിലായി. പക്ഷിയുടെ പേർ 'ജടായു' എന്നായിരുന്നു. തന്നെക്കാൾ വലിപ്പമുള്ള സമ്പാതിയെന്നൊരു മൂത്ത ജ്യേഷ്ഠനും അയാൾക്കുണ്ടായിരുന്നു. രാമൻ തന്നെ കൊല്ലുവാൻ ഒരുമ്പെടുന്നതുകണ്ടു് ഭീതനായ ജടായു പറഞ്ഞു.

ജടായു:—"എന്നെ കൊല്ലരുതു്. ഞാൻ ഒരു പൂൎവ്വബന്ധുവാണ്. അങ്ങയുടെ അച്ഛൻ ദശരഥനും ഞാനും ചെറുപ്പത്തിൽ ഇഷ്ടന്മാരായിരുന്നു. നിന്തിരുവടിയുടെ അഭീഷ്ടാനുസരണം പ്രവൎത്തിക്കുന്നതിന് ഇന്നും ജടായു സന്നദ്ധനാണ്."

രാമൻ:—"കഷ്ടം! കഷ്ടം!! നീ ശത്രുവാണെന്നു സംശയിച്ചു. നിനക്കു യാതൊരുപദ്രവവും ഞാൻചെയ്യുയില്ല. ഇനിമേൽ ഞാൻ താമസിക്കുന്നയിടത്തു എന്റെ കിങ്കരനായി പാൎത്തുകൊൾക."

ജടായു:—"തൃപ്പാദഭക്തനായ അടിയന് അയതു സന്തോഷംതന്നെയാണ്."

അന്നുമുതൽ ജടായു രാമന്റെ പാൎപ്പിടത്തിന്റ സമീപദേശത്തുതന്നെ താമസമായി. പഞ്ചവടിയിലെ പൎണ്ണശാലയിൽ രാമാദികളുടെ ജീവിതം സുഖമായി കഴിഞ്ഞുവന്നു. അങ്ങിനെ ഇരിക്കുമ്പോൾ ആപത്തുകൾ നേരിട്ടു. ലങ്കയിലെ രാജാവായ രാവണന്റെ സോദരി, ശൂൎപ്പണഖ മൂലം രാമന്ന ഖരൻമുതലായ രാക്ഷസന്മാരോടു യുദ്ധംചെയ്യേണ്ടിവന്നു. അദ്ദേഹം അവരെ മുഴുവൻ നശിപ്പിച്ചു. രാവണൻ ഇതറിഞ്ഞു് രാമനെ ഉപദ്രവിക്കാനായി "അമ്മാവനാകുന്ന മാരീചനെച്ചെന്നു പൊന്മാൻ വടിവാക്കി വിട്ടു." പൊന്മാൻ സീതയുടെ സമീപത്തുവന്നു തുള്ളിച്ചാടി നിന്നു;പിടിക്കുവാൻ ചെന്നപ്പോൾ ഓടിക്കളഞ്ഞു, രാമൻ പിന്നാലെ അതിനെ കരസ്ഥമാക്കാൻ പൎണ്ണശാല വിട്ടു. ലക്ഷ്മണൻ കുറേക്കഴിഞ്ഞു് അദ്ദേഹത്തെ സഹായിക്കാൻ പുറപ്പെട്ടു. ഈ തക്കംനോക്കി രാവണൻ ഭിക്ഷുവേഷത്തിൽവന്നു സീതയെ തേരിലേററി ആകാശമാൎഗ്ഗത്തുടെ കൊണ്ടുപോയി. സീത നിസ്സഹായയായിക്കരഞ്ഞു. കരച്ചിൽകേട്ടു ജടായു പറന്നെത്തി. തന്റെ സ്വാമിയുടെ പത്നിയെ മോഷ്ടിച്ചുകൊണ്ടുപോകുന്ന രാവണനോടു പക്ഷീന്ദ്രൻ ഘോരമായി യുദ്ധംചെയ്തു. ചിറകുകൾകൊണ്ടടിച്ചും, നഖങ്ങൾകൊണ്ടു കീറിയും, ചുണ്ടുകൊണ്ടുകൊത്തിയും ജടായു രാക്ഷസരാജാവിനെ ഇട്ടു നട്ടംതിരിച്ചു. രാവണന്റെ വെട്ടേററു നിലംപതിക്കുന്നതുവരെ ജടായു ബന്ധുസ്നേഹത്താൽ രാക്ഷസനെ തടഞ്ഞുനിൎത്തി. ജടായു ചിറകററുവീണപ്പോൾ രാവണൻ പൊയ്ക്കളഞ്ഞു.

സീതയെക്കാണാഞ്ഞു ദുഃഖിച്ചുനടക്കുന്ന രാമലക്ഷ്മണന്മാർ ജടായുവിനെക്കണ്ടു. പക്ഷി സകല വിവരങ്ങളും

അവരോടു പറഞ്ഞിട്ടു് മരിച്ചു. പിതൃമിത്രത്തിൻെറ അതിരററ സ്നേഹംകണ്ടു രാമൻെറ കണ്ണിൽ വെള്ളംനിറഞ്ഞു. അദ്ദേഹം കാരുണ്യത്തോടെ ജടായുവിൻെറ തല മടിയിൽ വച്ചു തലോടി. ലക്ഷ്മണൻ വേഗം ഒരു ചിതകൂട്ടി. അവർ രണ്ടുപേരുംകൂടി ജടായുവിനെ ദഹിപ്പിച്ചു; കുളിച്ചു് സംസ്കാരകർമ്മങ്ങളുംചെയ്തു. ഇങ്ങിനെ ജടായു മിത്രാത്ഥം മരിച്ചു. ആ പക്ഷിക്കു മുക്തികിട്ടി.

---

## ബാല്യചങ്ങാത്തം.

ഒ൧൫൦

---

### ശ്രീകൃഷ്ണനും കുചേലനും.

ശ്രീകൃഷ്ണൻ യാദവവംശത്തിൽ ജനിച്ച രാജ്യാവകാശം ഇല്ലാത്ത ഒരു ക്ഷത്രിയനും കുചേലൻ ഒരു ബ്രാഹ്മണനുമായിരുന്നു. സാന്ദീപനിയെന്ന ദേശികൻെറ അടുത്തു വിദ്യാഭ്യാസം ചെയ്തുകൊണ്ടിരുന്നകാലത്തു് ഇവർ രണ്ടാളും വലിയ ചങ്ങാതിമാരായിരുന്നു. സൽകർമ്മങ്ങളും അവർ ഒന്നിച്ചുതന്നെ അനുഷ്ഠിച്ചുവന്നു. പഠിത്തം കഴിഞ്ഞു് രണ്ടുപേരും അവരവരുടെ പ്രവൃത്തിക്കു പോയി. ശ്രീകൃഷ്ണൻ ദ്വാരകയിൽ രാജതുല്യനായി തീൎന്നു; കുചേലൻ ഇടിഞ്ഞു പൊളിഞ്ഞു് പുല്ലുംകിളിർത്ത തൻെറ മഠത്തിൽ ഒരു ദരിദ്രനായി ഭവിച്ചു.

കുചേലനു് ഒരു ഭാൎയ്യയും അഞ്ചാറുമക്കളും ഉണ്ടായിരുന്നു. സ്വത്തു ശകലംപോലുമില്ലാത്ത അവർ ഭിക്ഷകൊണ്ടാണു് ഉപജീവനം കഴിച്ചുവന്നതു്. കുചേലബ്രാഹ്മണൻ പകലിൻെറയും രാത്രിയുടെയും ഒട്ടുമുക്കാൽഭാഗവും ജപവും ധ്യാനവുംകൊണ്ടു കഴിച്ചുകൂട്ടി. അദ്ദേഹം

പരമഭക്തനായിരുന്നു. കാലം പോയതോടുകൂടി ദാരിദ്ര്യം എന്തെന്നില്ലാതെ വൎദ്ധിച്ചു. കുട്ടികളുടേയും തള്ളയുടേയും എല്ലുകളെല്ലാം ഓരോന്നായി പെറുക്കിയെടുക്കാമെന്നമട്ടായി. കുചേലൻെറ കാൎയ്യം പിന്നെ പറയാനുമില്ല. തീരെ നിവൃത്തിയില്ലെന്നായപ്പോൾ ഒരുദിവസം ഭാൎയ്യ പതുക്കെ ഭൎത്താവിൻെറ മുൻപിൽവന്നു. അവൾ വിളൎത്തു കൃശയായിരുന്നു. ആ സ്ത്രീ ഭൎത്താവിനെ ഭക്തിയോടെ തൊഴുതുകൊണ്ടു പറഞ്ഞു. "ഭൎത്താവേ! ദാരിദ്ര്യം സഹിക്കാൻ മേലാ. കുട്ടികൾ എല്ലാവരും വിശന്നു കരയുന്നു. പട്ടിണികിടന്ന് എനിക്കും അനങ്ങാൻ കഴിയാതായി. നമ്മെ സഹായിക്കാൻ ഇവിടെയെങ്ങും ആരുമില്ല. എന്നാൽ അങ്ങേയ്ക്കു ഒരു ചങ്ങാതിയുള്ളതായിപ്പറഞ്ഞിട്ടുണ്ടല്ലോ—ആ ദ്വാരകാവാസിയായ ശ്രീകൃഷ്ണൻ! അദ്ദേഹത്തിൻെറ അടുത്തുചെന്ന് അവസ്ഥയറിയിച്ചാൽ വല്ലതും സഹായിക്കും." കുചേലൻ ഭാൎയ്യയുടെ നിൎബ്ബന്ധംമൂലം തൻെറ ചങ്ങാതിയായ ശ്രീകൃഷ്ണൻെറ അടുക്കൽ പോകുവാൻ തീൎച്ചയാക്കി. അദ്ദേഹത്തിനു കാഴ്ചവയ്ക്കാൻ പല വീടുകളിൽനിന്നും യാചിച്ചു വാങ്ങിയ നെല്ലുകൊണ്ട് കുറെ അവലും ഉണ്ടാക്കി. അതു ഒരു കീറത്തുണിയിൽകെട്ടി ഭാൎയ്യ ഭൎത്താവിനെ ഏല്പിച്ചു.

അന്നുതന്നെ കുചേലൻ ദ്വാരകയിലേക്കു പുറപ്പെട്ടു. ഭസ്മക്കുറികളും ചന്ദനപ്പൊട്ടും എല്ലാം ഉണ്ട്. എങ്കിലും കുചേലൻെറ മെലിഞ്ഞ ശരീരവും, ഒട്ടിയ വയറും, ശോഷിച്ച കവിൾത്തടങ്ങളും, കീറിപ്പറിഞ്ഞ മലിനവസ്ത്രവും, കണ്ടാൽ ആരും സങ്കടപ്പെടും. കുചേലൻ ദ്വാരകയിൽ എത്തി. ശ്രീകൃഷ്ണൻെറ ഗൃഹത്തിൽ അദ്ദേഹം കടന്നുചെന്നു. അവിടുത്തെ വലിയ മതിലുകളും, നല്ല പടിപ്പുരകളും, പൊക്കമുള്ള ഉഗ്രൻ കെട്ടിടങ്ങളുംകണ്ട് അമ്പരന്ന് അകത്തുകടക്കാൻ മടിച്ച് ബ്രാഹ്മണൻ വെളിയിൽ

നിന്നു. ശ്രീകൃഷ്ണൻ തന്റെ ഭാൎയ്യയായ രുഗ്മിണിയുടെ മാളികയിൽ ഇരിക്കയായിരുന്നു. ജനാലയിൽകൂടി അദ്ദേഹം കുചേലനെ കണ്ടു; ആൾ ആരെന്നു മനസ്സിലാക്കി. തന്റെ ചങ്ങാതി ദരിദ്രനാണെന്നറിഞ്ഞു് അദ്ദേഹം കണ്ടില്ലെന്നു നടിക്കയല്ല ചെയ്തതു്; വേഗം എഴുനേററു കോണിപ്പടിയിറങ്ങിച്ചെന്നു് കുചേലനെ ആലിംഗനം ചെയ്തു. അനന്തരം ശ്രീകൃഷ്ണൻ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുചെന്നു് കസവുപട്ടുവിരിച്ച മെത്തയിൽ ഇരുത്തി. കുചേലനെ ഇത്രമാത്രം സൽക്കരിക്കുന്നതുകണ്ടു് രുഗ്മിണി ആശ്ചൎയ്യപ്പെട്ടു. പരസ്പരം കണ്ടപ്പോൾ. ചങ്ങാതിമാൎക്കുണ്ടായ സന്തോഷത്തിനു് അളവില്ലായിരുന്നു. ശ്രീകൃഷ്ണൻ കുശലങ്ങൾ ചോദിച്ചു. അവർ വിദ്യാൎത്ഥികളായിരുന്ന കാലത്തെ കഥകൾ പറഞ്ഞു ആനന്ദിച്ചു. കുചേലൻ കാഴ്ചദ്രവ്യമായിക്കൊണ്ടുവന്ന അവലിന്റെ കഥയോൎത്തു; എങ്കിലും നാണിച്ചു് അതു ശ്രീകൃഷ്ണനെ കാട്ടാൻതന്നെ മടിച്ചു. അദ്ദേഹം ഒളിച്ചുവച്ചിരുന്ന അവൽപ്പൊതി കണ്ടുപിടിക്കയും വളരെ സ്വാദോടെ അതു തിന്നുകയും ചെയ്തു. ഒടുവിൽ കുചേലൻ യാത്രപറഞ്ഞു് ഇറങ്ങിനടന്നു. ശ്രീകൃഷ്ണനെക്കണ്ട സന്തോഷത്തിൽ സൎവ്വും മറന്നു്, ധനം അൎത്ഥിക്കാനും സാധുബ്രാഹ്മണൻ വിട്ടുപോയി. വീടടുക്കാറായപ്പോളാണു് കുചേലൻ ഭാൎയ്യ പറഞ്ഞയച്ച സംഗതി ഓൎത്തതു്. എന്തുചെയ്യാം; ഇനി നിവൃത്തിയില്ലല്ലോ എന്നുറച്ചു അദ്ദേഹം നിരുത്സാഹനായി നടന്നു. ഭാൎയ്യയോടു് അദ്ദേഹം എന്തുപറയും! വന്നതെന്തിനെന്നു പറവാൻ തന്റെ ചങ്ങാതി മറന്നുപോയെങ്കിലും ശ്രീകൃഷ്ണൻ അദ്ദേഹത്തെ കണ്ടപ്പോൾതന്നെ കാൎയ്യമെല്ലാം ധരിച്ചു. ഉടൻ അദ്ദേഹം വേണ്ടതു പ്രവൎത്തിച്ചുംകഴിഞ്ഞു. കുചേലൻ വീട്ടിൽ വന്നപ്പോൾ ഭാൎയ്യയ്ക്കും കുട്ടികൾക്കും ധാരാളം ധനം ലഭിച്ചിരിക്കുന്നതുകണ്ടു് അത്ഭുതപ്പെട്ടു. ഉത്തമപു

രുഷനായ തൻെറ ചങ്ങാതിയുടെ സഹായം ഉണ്ടായി എന്നു് അദ്ദേഹം നിശ്ചയിച്ചു.

## ആശ്രിതവാത്സല്യം.

### ധർമ്മപുത്രരും ശ്വാവും.

ധർമ്മപുത്രർ കേൾവികേട്ട രാജാക്കന്മാരിൽ ഒരാളായിരുന്നു. അദ്ദേഹം സത്യത്തോടും നീതിയോടും വളരെനാൾ കുരുരാജ്യം ഭരിച്ചു. അനന്തരം കലിയുഗത്തിൻെറ ആരംഭം തെളിഞ്ഞുതുടങ്ങിയപ്പോൾ അദ്ദേഹം, ഭീമൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ എന്നീ അനുജന്മാരോടും ഭാര്യയായ പാഞ്ചാലിയോടുംകൂടി തീർത്ഥയാത്രയ്ക്കു പുറപ്പെട്ടു. വഴിമദ്ധ്യേ ഒരു ശ്വാവു് ധർമ്മപുത്രരുടെ പിന്നാലെ കൂടി. നായുടെ ശരീരം മുഴുവൻ രോമം കൊഴിഞ്ഞു വ്രണങ്ങൾ നിറഞ്ഞു പുഴുത്തിരുന്നു. പരവശനായ ആ ശ്വാവും വാലും താഴ്ത്തി മുതുകും വളച്ചു തൊന്തിത്തൊന്തി രാജാവിനെ അനുഗമിച്ചു.

വഴിയിൽ അവിടവിടെവച്ചു് ധർമ്മപുത്രരുടെ സഹോദരന്മാരും ഭാര്യയും ഓരോരുത്തരായി വീണുമരിച്ചു. എന്നിട്ടും ആ നായു് രാജാവിനെ പിന്തുടൎന്നുകൊണ്ടിരുന്നു. സ്വർഗ്ഗത്തുനിന്നും ദേവദൂതന്മാർ വിമാനവുമായി ധർമ്മപുത്രരുടെ മുമ്പിൽവന്നു. അതിൽ കയറണമെന്നു് അവർ അദ്ദേഹത്തോടാവശ്യപ്പെട്ടു. ധർമ്മപുത്രർ തിരിഞ്ഞുനോക്കി. വൃത്തികെട്ട ആ ശ്വാവു് ദയനീയമായി രാജാവിൻെറ മുഖത്തുനോക്കിക്കൊണ്ടു് കുനിപ്പിടച്ചിരുന്നു വിറയ്ക്കുന്നുണ്ടായിരുന്നു. തന്നെ ഇത്ര വളരെദൂരം അനുഗമിച്ച ആ നാ

യെക്കൂടി വിമാനത്തിൽ കയററണമെന്നു് ധൎമ്മപുത്രർ ദേവദൂതന്മാരോടാവശ്യപ്പെട്ടു. തൊട്ടാൽ കുളിക്കേണ്ട നികൃഷ്ടജന്തുവായ ശ്വാവിനെ സ്വൎഗ്ഗത്തിലെ വിമാനത്തിൽ കയററിക്കൂടെന്നും, അതിനെ ഉപേക്ഷിച്ചു് രാജാവു് വിമാനത്തിൽ കയറിക്കൊള്ളണമെന്നും ദേവദൂതന്മാർ പറഞ്ഞു. എത്ര ഹീനമായ ഒരു ജന്തുവായാലും തന്നെ ആശ്രയിച്ചു് കൂടെപ്പോന്നസ്ഥിതിക്കു് നായെ ഉപേക്ഷിക്കുന്നതു ധൎമ്മമല്ലെന്നും, അതിനേക്കൂടി കയററാത്തപക്ഷം താനും വിമാനത്തിൽ കയറുവാൻ തയാറില്ലെന്നും, വിമാനം തിരികെ കൊണ്ടുപൊയ്ക്കൊള്ളുന്നതു സമ്മതം തന്നെയെന്നും ധൎമ്മപുത്രർ തീൎത്തുപറഞ്ഞു. അദ്ദേഹം വീണ്ടും നടന്നുതുടങ്ങി.

ധൎമ്മപുത്രരെ അനുഗമിച്ചതു നായല്ലായിരുന്നു. എന്നാൽ ധൎമ്മരാജാവായ യമൻ ഒരു ശ്വാവിന്റെ രൂപം എടുത്തു സ്വപുത്രനെ പരീക്ഷിക്കാൻ വന്നതായിരുന്നു. അദ്ദേഹം നായുടെ വേഷംമാററി സ്വന്തരൂപത്തിൽ ധൎമ്മപുത്രരുടെ മുൻപിൽനിന്നു. അദ്ദേഹം പിതാവിനെ വണങ്ങി. യമൻ ധൎമ്മപുത്രരുടെ ധൎമ്മനിഷ്ഠയും ആശ്രിതവാത്സല്യവുംകണ്ടു സന്തോഷിച്ചു് അദ്ദേഹത്തെ അനുഗ്രഹിച്ചു. ധർമ്മപുത്രർ വിമാനത്തിൽ കയറി മേല്പോട്ടുയൎന്നു. അചിരേണ ആ പുണ്യവാൻ ദേവദൂതന്മാരോടൊത്തു സ്വൎഗ്ഗത്തിൽ ചെന്നുചേൎന്നു.

# ഈശ്വരഭക്തി.

---

## പ്രഹ്ലാദൻ.

ഉഗ്രന്മാരും മുഷ്കരന്മാരുമായ ഹിരണ്യാക്ഷനും ഹിരണ്യകശിപും അസുരരാജാക്കന്മാരായിരുന്നു. ധർമ്മനീതിയില്ലാത്ത അവർ ജനങ്ങളെ അന്യായമായി പീഡിപ്പിച്ചു. ഹിരണ്യാക്ഷനെ സാക്ഷാൽ ഈശ്വരനായ നാരായണൻ പന്നിയായി അവതരിച്ചു നിഗ്രഹിച്ചു. ഈ സംഭവം ഹിരണ്യകശിപുവിനു നാരായണന്റെ നേക്കുള്ള ദ്വേഷത്തെ ഒന്നുകൂടി വദ്ധിപ്പിച്ചു. അയാൾ തപസ്സുചെയ്തു ബ്രഹ്മാവിനെ പ്രത്യക്ഷമാക്കി, വളരെ വരങ്ങൾ വാങ്ങിച്ചു. ശക്തനായ ഹിരണ്യകശിപു സജ്ജനങ്ങളെ ഉപദ്രവിച്ചു താൻതന്നെയാണ് ഈശ്വരനെന്നുംതന്നെ എല്ലാവരും ആരാധിച്ചുകൊള്ളണമെന്നും അയാൾ ചട്ടം ഏർപ്പെടുത്തി. ഇതിനു വിപരീതമായി വല്ലവരും ശിവനെയോ വിഷ്ണുവിനെയോ (നാരായണനേയോ) ഭജിക്കുന്നതായി അറിഞ്ഞാൽ ഉടൻതന്നെ ഹിരണ്യകശിപു ചെന്ന് അവരെ നിഗ്രഹിച്ചുവന്നു.

ഈശ്വരവിലാസം അത്ഭുതം തന്നെയാണ്! ഹിരണ്യകശിപുവിന് പ്രഹ്ലാദൻ എന്നു പേരോടുകൂടിയ ഒരു പുത്രനുണ്ടായി. പ്രഹ്ലാദൻ സ്വതേ ശാന്തനും വിഷ്ണുഭക്തനുമായിരുന്നു. അസുരരാജാവു് മകനെ പഠിക്കുവാൻ ഗുരുവിന്റെ പക്കൽ ഏർപ്പെടുത്തി. പ്രഹ്ലാദൻ പഠനം തുടങ്ങി. ഒരുദിവസം പിതാവു് പുത്രനെ വിളിച്ചു് മടിയിൽ ഇരുത്തിക്കൊണ്ടു ചോദിച്ചു. “മകനേ നീ പഠിച്ചതിൽ ഉത്തമമായിട്ടുള്ളതെന്താണ്?” പ്രഹ്ലാദൻപറഞ്ഞു:— “അച്ഛാ! ജഗൽക്കാരണനായ വിഷ്ണുവിൽ ഉള്ള ഭക്തി

യാണ്.'' വൈരിയുടെ നാമം സ്വന്തം മകൻ പറയുന്നതുകേട്ട കോപിച്ച് ഹിരണ്യകശിപു പുത്രനെ പിടിച്ചു തള്ളി. അനന്തരം ഗുരുവിനെ വരുത്തി ആരാണ് പ്രഹ്ലാദനെ അപ്രകാരം പഠിപ്പിച്ചതെന്നു ചോദിച്ചു. അത് ആരും പഠിപ്പിച്ചതല്ലെന്നും കുമാരൻ തന്നത്താൻ വശമാക്കിയതാണെന്നും ഗുരു ഉത്തരം പറഞ്ഞു. പ്രഹ്ലാദൻെറ ആ ശീലം വേഗം മാററിയില്ലെങ്കിൽ ഗുരുവിനെ ശിക്ഷിക്കുന്നതാണെന്നു ഹിരണ്യകശിപു ഭയപ്പെടുത്തിവിട്ടു. ഗുരു പ്രഹ്ലാദനോട്ട് പഠിച്ചപണി മുഴുവൻ നോക്കി. ഒന്നും തന്നെ ഫലിച്ചില്ല. കുമാരൻ ഉറക്കെ വിഷ്ണുനാമം ഉച്ചരിക്കാൻ തുടങ്ങി. എന്നുമാത്രമല്ല തൻെറ സഹപാഠികളോടു വിഷ്ണുമാഹാത്മ്യം ഉപദേശിക്കാനും ആരംഭിച്ചു. ഗുരു പരിഭ്രമിച്ച് ഈ വിവരം ഹിരണ്യക്ശിപുവിൻെറ അടുക്കൽ ബോധിപ്പിച്ചു. അദ്ദേഹം മകനേ വിളിച്ച് പഠിച്ചതെന്തെല്ലാമെന്നു ചോദിച്ചു. പ്രഹ്ലാദൻ പഴയപടി ഉത്തരംപറഞ്ഞു. ഹിരണ്യകശിപുകോപിച്ച് ചുണ്ടുകടിച്ചു. പ്രഹ്ലാദനെ വെട്ടിക്കൊല്ലുവാൻ ആ ദുഷ്ടൻ വാൾക്കാരെ നിയോഗിച്ചു. എന്നാൽ എന്തൊരത്ഭുതമാണ്! കൊലസ്ഥലത്തുവച്ച് വാൾക്കാർ തമ്മിൽ ശണ്ഠയിട്ടു പരസ്പരം കൊന്നു. പ്രഹ്ലാദന് ഒരു പരുക്കും പററിയില്ല.

ഈ കഥ നാടെങ്ങും പരന്നു. ഹിരണ്യകശിപുവിൻെറ ആജ്ഞയെ അയാളുടെ മകൻതന്നെ ലംഘിച്ചുതുടങ്ങിയെന്നുകേട്ട് ആളുകൾ പരിഹസിച്ചു. മകനെക്കൊല്ലുവാൻ ഹിരണ്യകശിപു പല വിദ്യകളും നോക്കി. വിഷം കൊടുപ്പിച്ചു; വിഷം ഏററില്ല. കൊലയാനകളെക്കൊണ്ടു പ്രഹ്ലാദനെ കുത്തിച്ചു. ഗജങ്ങളുടെ കൊമ്പുകൾ ഒടിഞ്ഞതല്ലാതെ കുമാരന് അപകടമൊന്നും ഉണ്ടായില്ല. സാധുവായ ആ ബാലനെ വരിഞ്ഞുകെട്ടി സമുദ്രത്തിൽ എറിഞ്ഞു. കെട്ടുകൾ താനേ പൊട്ടുകയും വരുണദേവൻ പ്രഹ്ല

ദനെ കരയിൽകൊണ്ടാക്കുകയും ചെയ്തു. ഒരുദിവസം ഹിരണ്യകശിപു പുത്രനെ വളരെ പൊക്കമുള്ള മാളികയിൽനിന്നും പിടിച്ചുതള്ളി. പ്രഹ്ലാദൻ താഴെവീണു പൊട്ടിച്ചിതറുന്നതിന്നു മുൻപായി ഭൂമിദേവി ബാലനെ കയ്യിൽ വാങ്ങി നിലത്തുനിർത്തി. ഈ കാലങ്ങളിലെല്ലാം പ്രഹ്ലാദന്റെ ഈശ്വരഭക്തി ഒന്നിനൊന്നു വർദ്ധിച്ചുകൊണ്ടിരുന്നു. ഹിരണ്യകശിപു സഹികെട്ടു. അയാൾ പ്രഹ്ലാദനെ വിളിച്ചു മുൻപിൽ നിർത്തിക്കൊണ്ട് ഈശ്വരൻ എവിടെയെന്നും ആ ഈശ്വരൻ കുമാരനെ രക്ഷിക്കുമോയെന്നും കോപത്തോടെ ചോദിച്ചു. ഈശ്വരൻ എല്ലാവസ്തുക്കളിലും ഉണ്ടെന്നും കരുണാനിധിയായ അദ്ദേഹം തന്നെ രക്ഷിക്കുമെന്നും പ്രഹ്ലാദൻ മറുപടി പറഞ്ഞു. ഹിരണ്യകശിപു പുത്രനെ വെട്ടി രണ്ടുതുണ്ടാക്കാനായി മൂർച്ചയുള്ള തന്റെ വാൾ ഊരി കയ്യിൽ പിടിച്ചിട്ടുണ്ടായിരുന്നു. 'ഈ തൂണിലുള്ള ഈശ്വരൻ നിന്നെ രക്ഷിക്കുന്നതു കാണട്ടെ' എന്നു പരിഹാസമായി പറഞ്ഞ് ആദ്യം തൂണിൽ ശക്തിയോടെ ഒരു വെട്ടുവെട്ടി. പിന്നീട് പ്രഹ്ലാദനെ മുറിച്ചിടാമെന്നായിരുന്നു ഹിരണ്യകശിപു വിചാരിച്ചത്. എന്നാൽ അതിന്നു മുൻപായി വെട്ടേററ തൂണു മുറിഞ്ഞുവീഴുകയും അതിൽനിന്നും 'ഈശ്വരൻ നരസിംഹമായി പ്രത്യക്ഷപ്പെടുകയുംചെയ്തു. മനുഷ്യന്റെ ശരീരവും സിംഹത്തിന്റെ മുഖവും ഉള്ള ആ ഘോരമൂർത്തിയെ കണ്ടു എല്ലാവരും പേടിച്ചു വിറച്ചു. നരസിംഹം ഹിരണ്യകശിപുവിനെക്കൊല്ലുകയും പ്രഹ്ലാദനെ അനുഗ്രഹിക്കുകയും ചെയ്തു. പ്രഹ്ലാദൻ ധർമ്മനീതിയോടെ വളരെക്കാലം രാജ്യം ഭരിച്ചു.

# സത്യം.

SREE KRISHNA VILASOM GRANDHASALA
TRIVANDRUM

## സത്യകാമജാബാലൻ.

സത്യകാമൻ ജാബാല എന്ന ഒരു സ്ത്രീയുടെ മകനായിരുന്നു. ആ ബാലനു് പ്രായം ആയപ്പോൾ അമ്മയുടെ അടുത്തുചെന്നു് "അമ്മേ! എനിക്കു വിദ്യാഭ്യാസംചെയ്യണം. എൻെറ വംശം ഏതാണു്" എന്നു ചോദിച്ചു. ജാബാല പറഞ്ഞു:—"മകനേ നീ ഏതു ഗോത്രത്തിൽ ജനിച്ചുവെന്നു് എനിക്കു നിശ്ചയമില്ല. ഞാൻ വേലചെയ്തു് അങ്ങുമിങ്ങുംനടക്കുന്ന കാലത്താണു് നീ ഉണ്ടായതു്. നിൻെറ പേർ സത്യകാമനെന്നാണു്. എൻെറ നാമധേയം ജാബാലയെന്നുമാകുന്നു. നീ സത്യകാമജ്ജാബാലനെന്നു പറഞ്ഞുകൊള്ളൂ." ബാലകൻ വേഗം ഗൌതമൻ എന്ന ഉപാദ്ധ്യായൻെറ അടുത്തെത്തി.

അക്കാലത്തു വിദ്യാൎത്ഥികളുടെ വംശം അറിയണമെന്നു് ഉപാദ്ധ്യായന്മാക്കു നിർബ്ബന്ധമുണ്ടായിരുന്നു. ഗോത്രവും ജാതിയും അറിയാതെ അവയ്ക്കു യോജിച്ച വിദ്യാഭ്യാസം നല്കുവാൻ സാധിക്കയില്ല. വംശത്തിനും ജാതിക്കും ചേരാത്ത വിദ്യ പഠിക്കുന്നതു പാപമായി കരുതിവന്നു. ഒരാൾക്കു് അയാളുടെ ഗോത്രം അറിയാൻ പാടില്ലെന്നു വന്നാൽ അതൊരു വലിയ ആക്ഷേപവുമായിരുന്നു. ബ്രാഹ്മണശ്രേഷ്ഠനായ ഗൌതമനോടുതന്നെ വിദ്യാഭ്യാസം ചെയ്യിക്കണമെന്നു് സത്യകാമൻ വിനയപൂർവ്വം അപേക്ഷിച്ചു. ബാലകൻ ഏതു ഗോത്രത്തിലുൾപ്പെട്ടവനെന്നു് ഗൌതമൻ ചോദിച്ചു. സത്യകാമൻ പറഞ്ഞു:—ഞാൻ അമ്മയോടു് എൻെറ ഗോത്രമേതെന്നു ചോദിച്ചു. അപ്പോൾ അമ്മ പറഞ്ഞതു് അവർ വേലക്കാരിയായി അങ്ങുമിങ്ങും സഞ്ചരിക്കു

ന്ന കാലത്താണ് എന്നെ പ്രസവിച്ചതെന്നും, എന്റെ ഗോത്രം നല്ല നിശ്ചയമില്ലെന്നും ആയിരുന്നു. എന്റെ പേർ സത്യകാമൻ എന്നാണ്. എന്റെ അമ്മയുടെ പേർ ജാബാലയെന്നാകുന്നു. അതുകൊണ്ട് ഞാൻ സത്യകാമജാബാലനാണ്.”

സത്യകാമന് ഗോത്രം ഇല്ലെന്ന് അവൻതന്നെ പറയുന്നതുകേട്ട് അവിടെ ഉണ്ടായിരുന്ന വിദ്യാർത്ഥികൾ പരിഹസിക്കാൻ തുടങ്ങി. ഗൌതമൻ അവരെ തടഞ്ഞുകൊണ്ട് സത്യകാമനോടു പറഞ്ഞു:—“കുഞ്ഞേ! നീ സത്യം പറഞ്ഞു. ഉത്തമവംശത്തിൽ ജനിച്ചവർ മാത്രമേ സത്യവാന്മാരായിരിക്കയുള്ളു. നിന്റെ വംശം ശ്രേഷ്ഠംതന്നെയെന്നു ഞാൻ അനുമാനിക്കുന്നു. ആകയാൽ ബ്രാഹ്മണക്കു യോജിച്ച വിദ്യാഭ്യാസം ഞാൻ നിനക്കു നൽകുന്നുണ്ട്.” ഗൌതമൻ സന്തോഷത്തോടെ സത്യകാമജാബാലനെ തന്റെ ശിഷ്യനായി സ്വീകരിച്ചു. അയാൾ വലിയ വിജ്ഞാനിയായിത്തീർന്നു. സത്യം പറയുന്നവരാണ് ശ്രേഷ്ഠന്മാർ.

---

# ധൎമ്മം.

---

## ധർമ്മപുത്രർ.

കൌരവ്യനായ പാണ്ഡു, കുന്തി എന്നും മാദ്രി എന്നും രണ്ടു രാജകുമാരികളെ വിവാഹം ചെയ്തു. ധൎമ്മപുത്രൻ, ഭീമൻ, അൎജ്ജുനൻ എന്നു മൂന്നു പുത്രന്മാർ കുന്തിയിലും, നകുലൻ, സഹദേവൻ എന്നു രണ്ടുപുത്രന്മാർ മാദ്രിയിലും ഉണ്ടായി. പാണ്ഡുവാണ് രാജ്യം ഭരിച്ചിരുന്നതെങ്കിലും അദ്ദേഹം മരിച്ചതിന്റെ ശേഷം രാജ്യാവകാശം ധൎമ്മപുത്രനു ലഭിച്ചില്ല. പാണ്ഡുവിന്റെ ജ്യേഷ്ഠൻ ധൃതരാഷ്ട്രൻ എന്ന കുരുടനായിരുന്നു. അയാൾക്കു ഗാന്ധാരി എന്ന ഭാൎയ്യയിൽ നൂറുപുത്രന്മാർ ഉണ്ടായി. അവർ രാജ്യത്തെ ബലംപ്രയോഗിച്ച് പിടിച്ചെടുക്കുകയും, അവകാശികളായ ധൎമ്മപുത്രനേയും അനുജന്മാരെയും ചൂതിൽ തോല്പിച്ച് അന്യായമായി കാട്ടിലയയ്ക്കുകയും ചെയ്തു. പന്ത്രണ്ടുകൊല്ലം കഴിഞ്ഞാൽ പാണ്ഡവന്മാൎക്കു നാട്ടിൽ പ്രവേശിക്കാമെന്ന് ഉടമ്പടി ഉണ്ടായിരിക്കയാൽ ആ കാലാവധി തീരുമ്പോൾ അവർ തിരികെ വരുമല്ലോ എന്ന് ദുൎയ്യോധനൻ ഭയപ്പെട്ടു. പാണ്ഡവന്മാർ സഞ്ചരിച്ച വനത്തിലുണ്ടായിരുന്ന പൊയ്കയിൽ ദുൎയ്യോധനൻ ആളെ അയച്ചു വിഷം കലൎത്തിച്ചു. അതിൽ നിന്നും ജലപാനംചെയ്തു് പാണ്ഡവന്മാർ ഒടുങ്ങിക്കൊള്ളട്ടെ എന്നായിരുന്നു ദുൎയ്യോധനൻ വിചാരിച്ചതു്.

ആ കൊടുംകാട്ടിൽ നടന്നലഞ്ഞു് പാണ്ഡവന്മാർ ക്ഷീണിച്ചു. ദാഹം തീൎക്കുവാൻ അവർ ജലമന്വേഷിച്ചു. ഭീമൻ ഒരു വലിയ വൃക്ഷത്തിൽ കയറി നാലുപാടും നോക്കി; അപ്പോൾ ദൂരെ ഒരു പൊയ്ക കണ്ടു. ഭീമൻ ഇറങ്ങി

വന്നു ജ്യേഷ്ഠനെ വിവരം ധരിപ്പിച്ചു. ആദ്യം സഹദേവനെ വെള്ളം കൊണ്ടുവരുവാനായി ധർമ്മപുത്രൻ നിയോഗിച്ചു. പൊയ്കയിൽ വിഷം കലത്തിയിട്ടുള്ള സംഗതി അവർ അറിഞ്ഞില്ല. സഹദേവൻ തടാകത്തിലിറങ്ങി വെള്ളംകോരുവാൻ ഭാവിച്ചപ്പോൾ, "അരുത് ജലം കുടിച്ചുകൂടാ" എന്നൊരുശബ്ദം കേട്ടു. സഹദേവൻ ചുററും നോക്കി. ആരെയും കണ്ടില്ല അയാൾ വേണ്ടടത്തോളം ജലം പാനംചെയ്തിട്ട് കുറെ ഒരു താമരയിലയിൽ കോരിക്കൊണ്ടു കരയ്ക്കുകയറി. സഹദേവൻ അവിടെ മരിച്ചുവീണു. സഹദേവൻ മടങ്ങിയെത്തുവാൻ വൈകിയതുകണ്ടു് നകുലൻവന്നു. നകുലനും അതുപോലെ വെള്ളം കുടിച്ചു മരിച്ചു. അനന്തരം അർജ്ജുനനും പിന്നീടു ഭീമനും പോന്നു. അവരും മടങ്ങിയെത്തുന്നില്ലെന്നുകണ്ടു് ധർമ്മപുത്രൻതന്നെ പുറപ്പെട്ടു. തടാകത്തിൻെറ കരയിൽ വന്നപ്പോൾ അനുജന്മാർ നാലുപേരും മരിച്ചുകിടക്കുന്നതു് അദ്ദേഹം ദർശിച്ചു. ദാഹം അധികം ഉണ്ടായിരുന്നതിനാൽ അതു ശമിപ്പിച്ചതിൻെറശേഷം സഹോദരന്മാരുടെ മരണകാരണം അന്വേഷിക്കാമെന്ന് അദ്ദേഹം നിശ്ചയിച്ചു. ധർമ്മപുത്രർ പൊയ്കയിലിറങ്ങി ഒരുകൈ വെള്ളം കോരിക്കുടിക്കുവാൻ തുടങ്ങിയപ്പോൾ ജലം കുടിക്കരുതെന്ന് പഴയപടി ശബ്ദം ഉണ്ടായി. അദ്ദേഹം കോരിയവെള്ളം പൊയ്കയിൽതന്നെ ഒഴിച്ചു. നോക്കിയപ്പോൾ തടാകവക്കിൽ ഇരുന്ന ഒരു പക്ഷിയാണു് തന്നോടങ്ങിനെ പറഞ്ഞതെന്ന് അദ്ദേഹം മനസ്സിലാക്കി. ജലം കുടിക്കരുതെന്നു പറഞ്ഞതിൻെറ കാരണമെന്തെന്ന് ധർമ്മപുത്രൻ പക്ഷിയോടു ചോദിച്ചു. ദുര്യോധനൻ അവരെ കൊല്ലുന്നതിനായി അതിൽ വിഷം കലത്തിയിട്ടുണ്ടെന്നും, ഭീമാദികൾ ആ വെള്ളം കുടിച്ചാണു് മരിച്ചതെന്നും പക്ഷി ധർമ്മപുത്രനോടു പറഞ്ഞു. അവരിൽ ആരെയെങ്കിലും ഒരാളെ ജീവിപ്പിച്ചുകൊടുക്കാമെന്നും പക്ഷി തുട

ൻ പറഞ്ഞു. ജീവിക്കേണ്ട ആൾ ഏതെന്ന് പക്ഷി ധർമ്മപുത്രനോടു ചോദിച്ചു.

ധർമ്മപുത്രൻ:—"നകുലനെ ജീവിപ്പിച്ചു തന്നാൽ മതി."

പക്ഷി:—"വില്ലാളിയായ അർജ്ജുനനും, ബലവാനായ ഭീമനുമുള്ളപ്പോൾ, നിങ്ങൾ നകുലനെ ജീവിപ്പിച്ചാൽ മതി എന്നു പറഞ്ഞതെന്തു്? ഭീമാർജ്ജുനന്മാർ നിങ്ങളുടെ സ്വന്തം അനുജന്മാരുമാണല്ലോ?"

ധർമ്മ:—"എന്റെ അമ്മയുടെ പുത്രന്മാരിൽ ഞാൻ ജീവിച്ചിരിപ്പുണ്ടല്ലോ. മാതാവിന്റെ ശേഷക്രിയാദികൾ ചെയ്യാൻ ഞാൻ മതിയാകും. മാദ്രിയുടെ മക്കളിൽ ഒരാളുണ്ടായാൽ മാതൃകർമ്മത്തിനു അയാളും മതിയാകും."

പക്ഷി യമധർമ്മരാജനായിരുന്നു. അദ്ദേഹം ധർമ്മപുത്രരുടെ ധർമ്മനിഷ്ഠയും, ന്യായബുദ്ധിയും, സ്വാത്മപരിത്യാഗശീലവും കണ്ടു് അഭിനന്ദിച്ചു. യമൻ ധർമ്മപുത്രർക്ക് അനുജന്മാർ നാലുപേരെയും ജീവിപ്പിച്ചുകൊടുത്തു; അവരെ അദ്ദേഹം അനുഗ്രഹിക്കയും ചെയ്തു.

---

# സൽസ്വഭാവം.

## സുമിത്ര.

ദശരഥമഹാരാജാവിന്റെ മൂന്നു ഭാര്യമാരിൽ വച്ചു ഇളയവൾ സുമിത്രയായിരുന്നു. സുമിത്രയ്ക്കു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. അവരിൽ മൂത്തവന്റെ പേർ ലക്ഷ്മണൻ എന്നും ഇളയ ആളിന്റെ നാമധേയം ശത്രുഘ്നൻ എന്നും ആയിരുന്നു. ചെറുപ്പത്തിലേ ലക്ഷ്മണൻ രാമന്റെയും ശത്രുഘ്നൻ ഭരതന്റെയും സഹചാരികളായി വർത്തിച്ചു. രാമലക്ഷ്മണന്മാരെ പിരിഞ്ഞു കണ്ടിട്ടില്ല. അതുപോലെ ഭരതശത്രുഘ്നന്മാരേയും വേർപെട്ടു കാണ്മാൻ പ്രയാസം. അവർ തമ്മിൽ അത്രയ്ക്കു സ്നേഹമായിരുന്നു. ദശരഥന്റെ സത്യത്തെ പരിപാലിക്കാൻ രാമൻ കാട്ടിലേക്കുപോയ സമയം ലക്ഷ്മണൻ അദ്ദേഹത്തെ അനുഗമിക്കുവാൻ നിശ്ചയിച്ചു. അയാൾ സുമിത്രയോടു് അനുവാദം ചോദിച്ചു. സുമിത്ര ഭരതന്റെ മാതാവായ കൈകേയിയെപ്പോലെ ദുഃസ്വഭാവ ആയിരുന്നില്ല. അവൾ മകനോടു് ഇപ്രകാരം പറഞ്ഞു. "ഇത്രയുംകാലം രാജധാനിയിൽ സുഖമായി വസിച്ചിരുന്ന രാമൻ ഇന്നു കാട്ടിലേക്കുപോകുന്നതോർത്തിട്ടു് ഞാൻ വളരെ വ്യസനിക്കുന്നു. അദ്ദേഹത്തെ തനിച്ചയയ്ക്കാതെ നീകൂടി സഹായത്തിനു ചെല്ലാമെന്നു നിശ്ചയിച്ചിരിക്കുന്നതറിഞ്ഞു് ഞാൻ സന്തോഷിക്കുന്നു. നിന്റെ ഭ്രാതൃഭക്തിയെ ഞാൻ ഹൃദയപൂർവ്വം ആദരിക്കയും അഭിനന്ദിക്കയും ചെയ്യുന്നു. മകൻ എന്റെ അരികിൽ പാർക്കുന്നതിനേക്കാൾ രാമന്റെ സമീപത്തു വസിക്കുന്നതാണു് എനിക്കു് ആശ്വാസകരമായിട്ടുള്ളതു്; നിന്റെ അമ്മയേയും രാജ്യത്തേയും വിട്ടുപോകുന്നതിൽ നീ ഒട്ടും ഖേദിക്കരുതു്. ജ്യേഷ്ഠനെ യഥാശ-

ക്തി യഥാവസരം സഹായിക്കുന്നതു നിൻെറ കടമകളിൽ ഒന്നാകുന്നു. അതുകയാൽ എൻെറ ഈ വാക്കു ശ്രദ്ധിക്കുക. രാമനെ അച്ഛനെപ്പോലെയും, സീതയെ എന്നെപ്പോലെയും, കാനനപ്രദേശത്തെ അയോദ്ധ്യാപുരിയെന്നവണ്ണവും നീ വിചാരിക്കണം. രാമൻ ഏതെതെല്ലാം പറയുന്നുവോ അതതു് അച്ഛൻെറ ആജ്ഞയായി ഗണിച്ചുകൊള്ളണം. ഭക്തിയോടെ രാമനുമൊത്തുസഹവസിക്ക; എന്നാൽ പോയിവരു. നിങ്ങൾക്കു സർവമംഗളങ്ങളും ഉണ്ടാകട്ടെ." അമ്മയുടെ ഈ ഉപദേശം കേട്ടു താണുതൊഴുതു. ലക്ഷ്മണൻ പോയി. സുമിത്രയുടെ സത്സ്വഭാവം നോക്കുവിൻ. ആ മഹതിയുടെ സ്വാത്മപരിത്യാഗശീലം അഭിനന്ദനീയംതന്നെ.

---

## സ്വാത്മപരിത്യാഗം.

---

### ഭീഷ്മർ.

ഭീഷ്മരെപ്പോലെ ഇത്ര ഗംഭീരനായ ഒരു കഥാപുരുഷൻ ഇതിഹാസങ്ങളിലെങ്ങുംതന്നെയില്ല ഭീഷ്മർ ചെറുപ്പത്തിൽ തൻെറ സ്വാത്മപരിത്യാഗശീലം തെളിയിച്ചതു് ഇപ്രകാരമാണ്.

പ്രതീപൻ എന്ന രാജാവിൽനിന്നും പുത്രനായ ശന്തനുവിനു് രാജ്യഭാരം ലഭിച്ചു. ശന്തനു രാജാവായതിൻെറ ശേഷം ഗംഗയെ ഭാര്യയായി സ്വീകരിച്ചു. തമ്മിൽ യോജിച്ചുള്ള ഒരു ഉടമ്പടിയോടുകൂടിയാണ് ഗംഗ ശന്തനുവിൻെറപത്നിയായതു്. കരാറനുസരിച്ചു് എപ്പോഴെങ്കിലും രാജാവു ഗംഗയ്ക്കു് അഹിതം പറയുന്നു, അപ്പോൾ അവർക്കു പൊ

യ്യൊള്ളുവാൻ സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ഗംഗയിൽ ശന്തനുവിന് എട്ടുപുത്രന്മാർ ഉത്ഭവിച്ചു. ഏഴുപുത്രന്മാരെയും ജനനസമയം അവൾ കൊന്നുകളഞ്ഞു. ഈ ഘോരകർമ്മം ഭാര്യചെയ്തിട്ടും അവൾ പോകുമെന്ന ഭയന്ന് ശന്തനു ഒരക്ഷരം ഉരിയാടാതെ ഇരുന്നതേ ഉള്ളു. എട്ടാമത്തെ പുത്രനായ ഗാംഗേയനെ കൊല്ലാൻ ഭാവിച്ചപ്പോൾ ശന്തനു തടുത്തു. "തേജോരൂപനായ ആ പുത്രനെയെങ്കിലും കൊല്ലരുതെ"ന്ന് അയാൾ അഭ്യർത്ഥിച്ചു. പുത്രനെ കൊന്നില്ല; എങ്കിലും രാജാവ് അഹിതം പറയുകയാൽ ഗംഗ അദ്ദേഹത്തെ ഉപേക്ഷിച്ചു. പോയ സമയം മകന്റെ വിദ്യാഭ്യാസകാര്യം അവൾ തന്നെ ഏൽക്കയും ചെയ്തു. യൌവനമായതോടുകൂടി ഗംഗാദത്തൻ അത്യന്തം സമർത്ഥനും ആയുധാഭ്യാസത്തിൽ അതുലനും, നീതിശാസ്ത്രജ്ഞനുമായിത്തീർന്നു.

ഗംഗ പൊയ്ക്കഴിഞ്ഞ് കുറേനാളത്തേക്ക ശന്തനുവിന് ഭാര്യ ഉണ്ടായിരുന്നില്ല. ഒരിക്കൽ വനത്തിൽ വേട്ടയാടിനടക്കുമ്പോൾ രാജാവ് കസ്തൂരിഗന്ധമുള്ള ഒരു ദാശസ്ത്രീയെക്കണ്ടു. അവളോടു ഭാര്യയായിരിക്കണമെന്ന് ശന്തനു അപേക്ഷിച്ചപ്പോൾ അച്ഛന്റെ അനുമതി വേണമെന്ന് ആ സ്ത്രീ പറഞ്ഞു. രാജാവ് സ്ത്രീയുടെ അച്ഛനോടു വിവരം പറഞ്ഞു. തന്റെ മകളിൽ ജാതനാകുന്നവന് രാജ്യാവകാശം കൊടുക്കാമെന്ന വ്യവസ്ഥചെയ്യുന്നെങ്കിൽ മാത്രമേ അവളെ രാജാവിനു വിവാഹം ചെയ്തുകൊടുക്കാൻ സാധിക്കയുള്ളു എന്ന് കാളിയുടെ അച്ഛൻ പറഞ്ഞു. അതിസമർത്ഥനായ തന്റെ ഗാംഗേയൻ ജീവനോടിരിക്കെ വേറെ ആൾക്കു തന്നെ രാജ്യാവകാശം നൽകാൻ ശന്തനുവിന്റെ മനസ്സനുവദിച്ചില്ല. ആകയാൽ തുടർന്നൊന്നും പറയാതെ രാജാവ് ഭഗ്നോത്സാഹനായി മടങ്ങി.

ശന്തനുവിന് കസ്തൂരിഗന്ധിയെ മറക്കുവാൻ സാധിച്ചില്ല. വിചാരംകൊണ്ടു അദ്ദേഹം ദൈനംദിനം ക്ഷീണിച്ചുവന്നു. രാജ്യകാൎയ്യങ്ങളിൽ രാജാവിൻെറ ശ്രദ്ധ പതിയാതായി. അച്ഛൻെറ പ്രകൃതവ്യത്യാസത്തിനുള്ള കാരണം എന്തെന്നു ഗാംഗേയൻ അന്വേഷിച്ചു. രാജാവിൻെറ സൂതനിൽനിന്നും വിവരങ്ങൾ എല്ലാം ഗ്രഹിച്ചു. അദ്ദേഹം നേരെ കാളിയുടെ പിതാവിനെച്ചെന്നുകണ്ടു. അവളിൽ ജനിക്കുന്ന പുത്രന് അച്ഛൻെറ രാജ്യം വിട്ടുകൊടുക്കാമെന്നും, അതിനു പ്രതിബന്ധമായി നിൽക്കാതെ താൻ സന്യസിച്ചുകൊള്ളാമെന്നും അയാളോടു വാഗ്ദാനംചെയ്തു. അങ്ങിനെ ഗാംഗേയൻ കാളിയെക്കൊണ്ടു ചെന്ന് പിതാവിനു കൊടുത്തു. ഗാംഗേയൻെറ ഈ പ്രവൃത്തികണ്ടു് ദേവന്മാർ അദ്ദേഹത്തിനു ഭീഷ്മർ എന്ന പേർ കൊടുത്തു. ഭീഷ്മർ പിതാവിൻെറ കൃതജ്ഞതയ്ക്കും അനുഗ്രഹത്തിനും പാത്രമായി. അന്നുമുതൽ അദ്ദേഹം നിത്യബ്രഹ്മചാരിയായി കാലം കഴിച്ചുകൂട്ടി. അച്ഛൻെറ ഹിതം അരാഞ്ഞറിഞ്ഞു് അപേക്ഷകൂടാതെതന്നെ അതു സാധിക്കുകയും പിതാവിൻെറ സുഖത്തിനുവേണ്ടി തൻെറ സുഖത്തെ ഭീഷ്മർ ഉപേക്ഷിക്കയുംചെയ്തു. അദ്ദേഹത്തിൻെറ സ്വാൎത്ഥപരിത്യാഗം സ്തുത്യൎഹംതന്നെ.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# അനുസരണം.

## പൂരു.

യയാതി എന്ന രാജാവിന് ദേവയാനി എന്നും ശർമ്മിഷ്ഠയെന്നും രണ്ടു ഭാൎയ്യമാരുണ്ടായിരുന്നു. ദേവയാനിയുടെ അച്ഛൻ അസുരന്മാരുടെ ഗുരുവായ ശുക്രനും ശർമ്മിഷ്ഠയുടെ പിതാവു് അസുരരാജാവായ വൃഷപൎവ്വാവുമായിരുന്നു. ആദ്യത്തെ ഭാൎയ്യയിൽ രാജാവിന് യദുവെന്നും തുൎവ്വശുവെന്നും രണ്ടു മക്കളും, രണ്ടാമത്തെ ഭാൎയ്യയായ ശർമ്മിഷ്ഠയിൽ ദ്രുഹ്യു, അനുദ്രുഹ്യു, പൂരു എന്നു മൂന്നു പുത്രന്മാരും ഉണ്ടായി.

ഒരിക്കൽ യയാതിയും ദേവയാനിയും തമ്മിൽ ശർമ്മിഷ്ഠ കാരണമായി കലഹിക്കാൻ ഇടയായി. ദേവയാനി ചെന്നു് അച്ഛനോടു സങ്കടംപറഞ്ഞു. ശുക്രൻ കോപിച്ചു യയാതി അന്നുതൊട്ടു വൃദ്ധനായി ഭവിക്കട്ടെ എന്നു ശപിച്ചു. ശാപസമയം രാജാവും അടുത്തുണ്ടായിരുന്നു. അദ്ദേഹം വളരെ വിനയത്തോടെ ശാപമോക്ഷം യാചിച്ചു. പുരാണങ്ങളിലുള്ള മുനിമാർ ആദ്യം ഒന്നും ഓൎക്കാതെ ശപിക്കയും അനന്തരം പശ്ചാത്തപിച്ചു് ശാപമോക്ഷം കൊടുക്കുകയും പതിവാണ്. ശുക്രനും യയാതിക്കു ശാപമോക്ഷം കൊടുത്തു. തന്മൂലം തന്റെ വാൎദ്ധക്യം മററാൎക്കെങ്കിലും കൊടുക്കാനും അവരുടെ യൌവനം തനിക്കു വാങ്ങാനും രാജാവിനു കഴിയുമായിരുന്നു. എന്നാൽ ആരാണു് ആരോഗ്യദശയായ യൌവനം കൊടുത്തു പകരം രോഗബഹുലമായ വയസ്സുകാലം വാങ്ങുന്നതു്!

യയാതി നരച്ചുകുരയ്ക്കുന്ന തന്നെ നോക്കി വളരെ വ്യസനിച്ചു. അദ്ദേഹത്തിനു കുറേക്കാലംകൂടി യൌവനസു

ഖം അനുഭവിച്ചാൽ കൊള്ളാമെന്ന് അത്യാശ ഉണ്ടായിരുന്നു. രാജാവു് കൊട്ടാരത്തിൽചെന്നു തന്റെ പുത്രന്മാർ അഞ്ചുപേരെയും വിളിച്ചുവരുത്തി ഓരോരുത്തനോടും തന്റെ വാൎദ്ധക്യത്തെ വാങ്ങിക്കൊണ്ടു് അയാളുടെ യൌവനത്തെ നല്കാമോ എന്നു ചോദിച്ചു. യദു, തുർവ്വസു, ദ്രുഹ്യു, അനുദ്രുഹ്യു എന്ന നാൽവരും പിതാവിന്റെ അപേക്ഷയെ സ്വീകരിച്ചില്ല. തങ്ങൾക്കു വളരെ ചെറുപ്പംമുതൽ വൃദ്ധരായിരിക്കാൻ കഴികയില്ലെന്നുതന്നെ തുറന്നുപറഞ്ഞു. അതുമല്ല, അവർ അച്ഛന്റെ അത്യാശയെ പഴിക്കുകയും പരിഹസിക്കയുംചെയ്തു.

എല്ലാവരിലും ഇളയവനായ പൂരു അച്ഛന്റെ വാൎദ്ധക്യം താൻ വാങ്ങിക്കൊള്ളാമെന്നും തന്റെ യൌവനം അച്ഛൻ എടുത്തുകൊള്ളണമെന്നും പറഞ്ഞു. യയാതിക്കു സന്തോഷമായി. അദ്ദേഹം തന്റെ വാൎദ്ധക്യത്തെ പൂരുവിനു കൊടുക്കയും പൂരുവിന്റെ യൌവനംവാങ്ങി അയിരംകൊല്ലം സുഖിച്ചുവാഴുകയും ചെയ്തു. അതിന്റെശേഷം യയാതി വാൎദ്ധക്യം വാങ്ങിക്കൊണ്ടു പൂരുവിന്റെ യൌവനം മടക്കിക്കൊടുത്തു. സ്വഹിതം അനുസരിക്കുകനിമിത്തം അദ്ദേഹം രാജ്യത്തിന്റെ അവകാശം മുഴുവൻ പൂരുവിനു നൽകി. തന്റെ അപേക്ഷ നിരസിക്കുകയാൽ മറ്റു നാലു പുത്രന്മാരേയും രാജ്യാവകാശമില്ലാത്തവരാക്കിത്തീൎത്തു. അവരും അവരുടെ സന്താനങ്ങളും തന്മൂലം വളരെ ദുഃഖിച്ചു. ഇതുകൊണ്ടു പഠിക്കേണ്ടതെന്തെന്നാൽ പിതാവിന്റെ കല്പന അനുസരിക്കുന്നതു് പുത്രധർമ്മമാണെന്നും അപ്രകാരം ചെയ്യുന്നവൎക്കുമാത്രമേ ഐശ്വൎയ്യം ഉണ്ടാകയുള്ളു എന്നുമാകുന്നു.

# നന്ദി.

## കൎണ്ണൻ.

പാണ്ഡുവെന്ന രാജാവിന്നു കുന്തിയിൽ ആകെ നാലു പുത്രന്മാരാണുണ്ടായതു്. അവരിൽ സീമന്തപുത്രൻ കൎണ്ണനായിരുന്നു. കൎണ്ണൻ ജനിച്ചു ഉടനെതന്നെ കുന്തി കുട്ടിയെ നദിയിൽ ഒഴുക്കിക്കളഞ്ഞു. താഴെ കുളിച്ചുകൊണ്ടു നിന്ന ദുൎയ്യോധനന്റെ സൂതൻ കുട്ടിയെ എടുത്തു വളൎത്തി. കൎണ്ണൻ ആയുധാഭ്യാസത്തിൽ അതിസമൎത്ഥനായി വളൎന്നു വന്നു. പ്രായപൂൎത്തിവന്നപ്പോൾ കൎണ്ണൻ ദുൎയ്യോധനന്റെ കൂട്ടത്തിൽ ചേൎന്നു. അൎജ്ജുനനോടു് എതിരിട്ടുനില്പാൻ ആരെങ്കിലും അക്കാലത്തുണ്ടായിരുന്നെങ്കിൽ അതു കൎണ്ണനായിരുന്നു. പാണ്ഡവന്മാരുടെ വിരോധിയായ ദുൎയ്യോധനൻ കൎണ്ണനെ ഒരു ദേശത്തെ രാജാവായി വാഴിക്കുകയും അദ്ദേഹത്തിന്നു വളരെ സ്ഥാനമാനങ്ങൾ നല്കി തന്റെ സഖാവായി പരിഗണിക്കയും ചെയ്തു. പാണ്ഡവന്മാൎക്കും ദുൎയ്യോധനനും തമ്മിൽ രാജ്യാവകാശത്തൎക്കം ഉണ്ടായി. അന്നു കൎണ്ണൻ ദുൎയ്യോധനപക്ഷത്തിൽ മുഖ്യനായിരുന്നു. യുദ്ധം ഉണ്ടാകുന്നപക്ഷം വില്ലാളിവീരനായ അൎജ്ജുനനെ താൻ കൊല്ലുന്നതാണെന്നു് കൎണ്ണൻ വീരശപഥം ചെയ്തു. ഭീഷ്മർ മുതലായ മഹാരഥന്മാരുടെ കൂട്ടത്തിൽ കൎണ്ണനേയും ഉൾപ്പെടുത്തിയിരുന്നു.

ഊഹിച്ചവണ്ണം പാണ്ഡവന്മാരും കൌരവന്മാരും തമ്മിൽ യുദ്ധം ആരംഭിച്ചു. കൎണ്ണനില്ലെങ്കിൽ കൌരവന്മാരുടെ വീൎയ്യം പകുതി കുറയും എന്നുള്ളതിന്നു തൎക്കമില്ല. ചിലർ കൎണ്ണനെ പാണ്ഡവന്മാരുടെ പക്ഷത്തു കൊണ്ടുവരുവാൻ അയാൾ കുന്തിയുടെ പുത്രനാണെന്ന വിവരം ധ

രിപ്പിച്ചു. കണ്ണൻ മിണ്ടിയില്ല. കുന്തിതന്നെ കണ്ണൻെറ അടുത്തുചെന്നു് മററു മക്കളുമൊത്തു ചേൎന്നുകൊള്ളുവാൻ അയാളെ നിർബന്ധിച്ചു. താൻ ഇത്രനാളും ദുര്യോധനനെ സേവിച്ചു ജീവിക്കയായിരുന്നെന്നും വളരെ സഹായങ്ങൾ അദ്ദേഹത്തിൽനിന്നും സ്വീകരിച്ചിട്ടുണ്ടെന്നും, അതുകൊണ്ടു് ഉണ്ടചോറിനു നന്ദി കാണിക്കുവാൻ അർജ്ജുനനെ യുദ്ധത്തിൽ വധിക്കുമെന്നുമാണ് കണ്ണൻ അമ്മയോടു മറുപടിപറഞ്ഞതു്. താൻ അർജ്ജുനൻെറ അമ്പേററു മരിക്കുന്നതുവരെ കണ്ണൻ ഉത്സാഹമായി ദുര്യോധനപക്ഷത്തിൽനിന്നു യുദ്ധംചെയ്തു. കണ്ണനു രണ്ടു ദോഷങ്ങൾ ഉണ്ടായിരുന്നു. അവ, ആത്മപ്രശംസയും അതിദാനവും ആയിരുന്നു. എന്നാൽ അദ്ദേഹത്തിനു നന്ദിയെന്ന ഒരു ഗുണം തികച്ചും ഉണ്ടായിരിക്കയാൽ സർവ്വരും ഇന്നും ബഹുമാനിക്കുന്നു.

---

## ജീവകാരുണ്യം.

---

### ജീമൂതവാഹനൻ.

ജീമൂതകേതു എന്ന വിദ്യാധരചക്രവത്തിയുടെ മകനായിരുന്നു ജീമൂതവാഹനൻ. അദ്ദേഹം ജനനാൽതന്നെ ശാന്തനും ജീവികളോടു കരുണയുള്ളവനും ആയിരുന്നു. ജീമൂതവാഹനൻ മാതാപിതാക്കന്മാരൊന്നിച്ചു് മലയപവ്വതത്തിൽ വന്നു. മലയരാജ്യത്തിലെ രാജാവിൻെറ മകൾ മലയവതിയെ വിവാഹംചെയ്തു് അദ്ദേഹം കുറേനാൾ അവിടെ താമസിച്ചു.

ഒരുദിവസം ജീമൂതവാഹനൻ കടൽപ്പുറത്തു നടക്കാൻ പോയി. അവിടെ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ

വൃദ്ധയായ ഒരു നാഗസ്ത്രീ കരഞ്ഞുകൊണ്ട് തന്റെ പുത്രനായ ശംഖചൂഡനുമൊത്തു വരുന്നതുകണ്ട് നാഗസ്ത്രീയുടെ സങ്കടഹേതുവെന്തെന്നു വിദ്യാധരയുവാവ് ചോദിച്ചു. ആ സ്ത്രീ പറഞ്ഞു:—"ഗരുഡൻ നാഗങ്ങളെ എല്ലാം കൊല്ലുന്നതുകണ്ട് വാസുകി മുതലായവർ ചെന്ന് ആ ദുഷ്ടനുമായി ഒരു വ്യവസ്ഥചെയ്തു. അതനുസരിച്ച് ഓരോദിവസം ഓരോ നാഗം അതാ അവിടെയുള്ള ഒരു കല്ലിന്മേൽചെന്നു നില്ക്കണം. ഗരുഡൻ മറ്റു നാഗങ്ങളെ ഉപദ്രവിക്കാതെ അതിനെ മാത്രം ഭക്ഷിച്ചുകൊള്ളും. ഇന്ന് എന്റെ മകന്റെ മുറയാണ്. ഇവൻ അങ്ങോട്ടു പോകുന്നു. ഞാനും അവനോടൊത്തു മരിക്കുന്നുണ്ട്. എനിക്ക് ഈ ഒരു പുത്രനേ ഉള്ളു." നാഗസ്ത്രീ കരഞ്ഞുതുടങ്ങി.

ജീമൂതവാഹനൻ നാഗസ്ത്രീ ചൂണ്ടിക്കാട്ടിയ ദിക്കിലേയ്ക്കു നോക്കി. ആ ഭാഗത്തു വെളുത്ത ഒരു കുന്നുകണ്ട് അതെന്താണെന്ന് അദ്ദേഹം അവരോടു ചോദിച്ചു. ഗരുഡൻ കൊത്തിത്തിന്ന നാഗങ്ങളുടെ അസ്ഥിഖണ്ഡങ്ങൾ കൂടിക്കിടക്കുന്നതാണെന്നു നാഗസ്ത്രീ പറഞ്ഞു. ഇതുകേട്ടപ്പോൾ വിദ്യാധരകുമാരന്റെ മനസ്സു തളർന്നു. ഗരുഡന്റെ നിഷ്കരുണതയെ ചിന്തിച്ച് അദ്ദേഹം ദുഃഖിച്ചു. ഒരു ജീവിയെ എങ്കിലും ഗരുഡനിൽനിന്നും രക്ഷിക്കണമെന്നു ജീമൂതവാഹനൻ നിശ്ചയിച്ചു. ശംഖചൂഡന്റെ മാതാവിനോടു കരയരുതെന്നും താൻ അവരുടെ മകനെ രക്ഷിക്കുന്നുണ്ടെന്നും ആശ്വസിപ്പിച്ചിട്ട്, അദ്ദേഹം വേഗം നടന്നു.

ജീമൂതവാഹനൻ ശംഖചൂഡനുപകരം താൻതന്നെ ഗരുഡനു ആഹാരമായിരിക്കുന്നുണ്ടെന്നു നിശ്ചയിച്ചു. ഒരു രക്താംശുകത്താൽ ശരീരംമുഴുവൻ മൂടിക്കൊണ്ട് അദ്ദേഹം നാഗങ്ങൾ ചെന്നുനില്ക്കാറുള്ള കല്ലിന്മേൽ കയറി, ഗരു

ഡന്റെ വരവും പ്രതീക്ഷിച്ചുനിന്നു. കുറെ കഴിഞ്ഞപ്പോൾ ഗരുഡൻ ഭയങ്കരമായിപ്പറന്നു താഴ്ന്ന് ജീമൂതവാഹനനെയും റാഞ്ചിക്കൊണ്ടു കിളന്നു. പക്ഷീന്ദ്രൻ ഒരു മലയുടെ മുകളിൽ പറന്നിരുന്ന് ഭക്ഷണം കഴിക്കുവാൻ തുടങ്ങി. ഗരുഡൻ ജീമൂതവാഹനനെ കൊത്തി അടത്തി. അദ്ദേഹത്തിന്റെ ശരീരത്തിൽനിന്നും ചോര ഒലിച്ചുതുടങ്ങി.

കൃപാലുവും മഹാമനസ്കനുമായ വിദ്യാധരന്റെ ജീവകാരുണ്യം കണ്ടു് സന്തോഷിച്ചു് അദ്ദേഹത്തെ രക്ഷിക്കുന്നതിനായി ദേവി അവിടെ പ്രത്യക്ഷയായി. ഗരുഡനോടു ഭഗവതി പരമാൎത്ഥംപറഞ്ഞു. താൻ തെററു ചെയ്തുപോയല്ലോ എന്നു് ഗരുഡൻ സന്തപിച്ചു. വിദ്യാധരനെ ഹിംസിച്ച പാപം തീരുവാൻ എന്താണു് മേൽ മാൎഗ്ഗം എന്നു ഗരുഡൻ ഭഗവതിയെ കൂപ്പിച്ചോദിച്ചു. അമൃതം കൊണ്ടുവന്നു തളിക്കണമെന്നു് ദേവി ഉൽബോധിപ്പിച്ചു. ഗരുഡൻ ഉടൻതന്നെ പറന്നുപോയി; കുറെ പാൎത്തപ്പോൾ അമൃതവുംകൊണ്ടു മടങ്ങി. അതു് ജീമൂതവാഹനന്റെ ശരീരത്തിൽ തളിച്ചു. അദ്ദേഹം പഴയപടി സമ്പൂൎണ്ണഗാത്രനായി. അമൃതത്തിന്റെ തുള്ളികളിൽ ചിലവ താഴെയുണ്ടായിരുന്ന അസ്ഥിക്കൂമ്പാരത്തിൽ വീണു. അതുവരെ ഗരുഡൻ കൊന്നിട്ടുള്ള എല്ലാ നാഗങ്ങളും പുനർജീവിച്ചു. ചെയ്തുപോയ, അപരാധത്തിനു മാപ്പുനല്കണമെന്നു് വൈനതേയൻ ജീമൂതവാഹനനോടു പ്രാൎത്ഥിച്ചു. അദ്ദേഹം ദയയോടെ അപ്രകാരം ചെയ്കയും മേലാൽ സാധുപ്രാണികളെ ഹിംസിക്കരുതെന്നു ഗരുഡനെ ഉപദേശിക്കയും ചെയ്തു. പക്ഷീന്ദ്രൻ ആ ഉപദേശത്തെ ഭക്തിയോടെ കൈക്കൊണ്ടു. നാഗങ്ങൾ എല്ലാം സംഘംചേൎന്നു് ആനന്ദഭരിതരായി ജീമൂതവാഹനനു് മംഗളാശംസകൾ ചെയ്തു. ഈ ശുഭമുഹൂൎത്തത്തിൽ ദേവഗണത്തിന്റെ പുഷ്പ

പ്രീതിയും ഉണ്ടായി. ദേവിയും ജീമൂതവാഹനനെ അനുഗ്രഹിച്ചു. തന്റെ ജീവനെ ഉപേക്ഷിച്ചും അന്യജീവനെ രക്ഷിക്കാൻ മുതിൎന്ന അദ്ദേഹത്തിന്റെ ജീവകാരുണ്യംകൊണ്ടു് ഇന്നും ജീമൂതവാഹനനെ ബുദ്ധന്റെ ഒരു അദ്യാവതാരമായി വിശ്വസിച്ചുപോരുന്നു.

---

## ആത്മരക്ഷ.

---

### വിശ്വാമിത്രൻ.

"സൎവ്വവും കളഞ്ഞിട്ടും ആത്മാവെ രക്ഷിക്കണം" എന്നൊരു മഹദ്വചനമുണ്ടു്. ആപത്തുകാലത്തു് ഏതുവിധത്തിലും അവനവന്റെ ജീവനെ രക്ഷിക്കണം. താൻ ഉണ്ടെങ്കിൽ മാത്രമേ മറ്റുള്ളവയെല്ലാം ആവശ്യമുള്ളല്ലോ. ഈ സംഗതി വിശ്വാമിത്രൻ എന്ന രാജൎഷി തെളിയിച്ചതായി മഹാഭാരതത്തിൽ ഒരു കഥയുണ്ടു്.

ഒരിക്കൽ ഇൻഡ്യയിൽ പന്ത്രണ്ടുസംവത്സരം അടുപ്പിച്ചു മഴപെയ്തില്ല. ആറുകളും തോടുകളും കുളങ്ങളും കിണറുകളും എല്ലാം വററി പൊടിപറന്നു. സസ്യാദികൾ എല്ലാം കരിഞ്ഞു. വിശന്നും ദാഹിച്ചും അനവധി ജന്തുക്കൾ മനുഷ്യരുൾപ്പെടെ മരിച്ചു. ഇക്കാലത്തു വിശ്വാമിത്രൻ നാടുചുററി സഞ്ചരിക്കയായിരുന്നു. ആഹാരം കിട്ടാതെ രാജൎഷി വളരെ വലഞ്ഞു. മരിച്ചുപോമെന്ന മട്ടായി. വല്ലവിധവും ജീവനെ രക്ഷിക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചു.

രാത്രിയായി. വിശ്വാമിത്രൻ ഒരു പറച്ചാളയിൽ കയറിച്ചെന്നു. പട്ടി, കാള, കഴുത മുതലായവയുടെ എല്ലും

തലയും അവിടെയെങ്ങും ചിതറിക്കിടന്നു. മൂങ്ങാ മുതലായ പക്ഷികൾ അവിടവിടെ മരക്കൊമ്പുകളിൽ ഇരുന്നു കരയുന്നുണ്ടായിരുന്നു. ഇറച്ചിയുംതിന്ന് കള്ളുംകുടിച്ച കറുത്ത പറയന്മാരുടെ നീചഭാഷയിലുള്ള സംസാരം ഉച്ചത്തിൽ കേൾക്കാമായിരുന്നു. വിശപ്പ് അതികലശലായിരിക്കയാൽ വല്ലതും തിന്മാനുണ്ടോ എന്ന് വിശ്വാമിത്രൻ അവിടെയെല്ലാം നോക്കി പരിശോധിച്ചു.

ഒരു മൂലയിൽ നായുടെ തുട അറുത്തുകെട്ടി തൂക്കിയിരുന്നതു വിശ്വാമിത്രൻ കണ്ടു. പറയന്മാർ ഉറങ്ങിയാൽ ഉടൻ അതു മോഷ്ടിച്ചു ഭക്ഷിക്കണം എന്നാച്ച് അദ്ദേഹം കാത്തിരുന്നു. ചാള നിശ്ശബ്ദമായപ്പോൾ വിശ്വാമിത്രൻ ചെന്ന് മാംസം എടുത്തു. അടുത്തുകിടന്ന പറയൻ ഉറങ്ങിയില്ലായിരുന്നു. നായുടെ തുട മോഷ്ടിക്കുന്നതു ആരെന്നു പറയൻ ചോദിച്ചു. വിശപ്പു സഹിക്കാൻ കഴിയാതെ വിശ്വാമിത്രനാണ് അപ്രകാരം ചെയ്യുന്നതെന്ന് ഋഷി മറുപടിപറഞ്ഞു. മഹാനായ അദ്ദേഹത്തിൻെറ നാമം കേട്ട് പറയൻ എഴുനേററു ബഹുമാനത്തോടെ തടഞ്ഞു. "അടിയൻ ഇതു സമ്മതിക്കുകയില്ല. ഉത്തമന്മാരായ നിങ്ങൾ മരിച്ചാൽകൂടി നായുടെ മാംസം തിന്നുന്നതു വിഹിതമല്ല. മാംസങ്ങളിൽവച്ച് നായുടേതു നിഷിദ്ധമാണ്. ഇതു് അതിൻെറ പിൻഭാഗവുമാകുന്നു. അതും അങ്ങു മോഷ്ടിക്കുകയാണ് ചെയ്യുന്നതു്. മഹാനെന്നു സുപ്രസിദ്ധനായ അങ്ങയുടെ പ്രവൃത്തി അധർമ്മം തന്നെ."

വിധിപ്രകാരം പറയൻ പറഞ്ഞതു ശരിയായിരുന്നു. അവനും വിശ്വാമിത്രനുംകൂടി ഒരു വലിയ വാദം നടന്നു. മഹർഷിമാർ കാലാനുസരണം വിധിയുണ്ടാക്കുന്നവരാണല്ലോ. വിശ്വാമിത്രൻ ഒടുവിൽ ഇപ്രകാരം പറഞ്ഞു: "നിനക്കു എന്തോളം പഠിപ്പില്ല. നീ ധർമ്മത്തിൻെറ ഒരംശം

കേട്ടിട്ടുള്ളതു പറയുകയാണ്. എന്നാൽ ഞാൻ എല്ലാപ്രവൃത്തികളുടേയും വിലയും നിലവും അറിയുന്നുണ്ട്. നായുടെ തുട അപഹരിച്ചു ഭക്ഷിക്കുന്നതു് അധമ്മം തന്നെ. എന്നാൽ ഈ അപത്തുകാലത്തു ജീവനെ എങ്ങിനെയെങ്കിലും രക്ഷിക്കുന്നതാണ് പരമധമ്മം. ഞാൻ ജീവിച്ചിരുന്നാൽ വേണ്ട ധമ്മം ചെയ്തു് ഈ അധമ്മം ചെയ്ത ദോഷം തീൎത്തുകൊള്ളാം. ഇക്കാൎയ്യത്തിൽ തീൎപ്പുകല്പിക്കാനുള്ള അവകാശം എനിക്കാണ്; നിനക്കല്ലതാനും" വിശ്വാമിത്രൻ നായുടെ തുട പചിച്ചു ഭക്ഷിച്ചു് ആത്മാവിനെ രക്ഷിച്ചു.

---

## ഉപായം.

### ഒരു കഥ.

ആത്മരക്ഷയ്ക്കു് ഉപായം അത്യാവശ്യമാണ്. ഉപായജ്ഞന്മാരല്ലാത്തവൎക്ക് ആപൽക്കാലങ്ങളിൽ ആപത്തുനേരിടുന്നു. ദുഷ്കാലം സംഭവിച്ചപ്പോൾ ഉപായത്താൽ പലിതൻ എന്ന എലി സ്വജീവനെ രക്ഷിച്ച ഒരു നല്ല കഥ മഹാഭാരതം ശാന്തിപൎവ്വത്തിൽ ഉണ്ടു്.

ഒരു കാട്ടിൽ വലിയ ഒരു അരയാൽ വൃക്ഷം ഉണ്ടായിരുന്നു. വൃക്ഷത്തിൻെറ ചുവട്ടിൽ വളരെ മടകളോടുകൂടിയ തൻെറ ഭവനത്തിൽ പലിതൻ എന്നു പേരുള്ള ഒരു മൂഷികൻ സകുടുംബം പാൎത്തുവന്നു. ആലിൻെറ കോടരത്തിൽ എലികളെ കണ്ടാൽ ഉടൻ ശാപ്പിടുന്ന ഒരു പൂച്ചയും പാൎക്കുന്നുണ്ടായിരുന്നു. പൂച്ചയുടെ പേർ ലോമശൻ എന്നത്രേ.

അരയാലിൻെറ അരികിൽ സമീപവാസിയായ ഒരു കാട്ടാളൻ അവൻെറ വലവച്ചു. ലോമശൻ ഇരതേടി നടക്കുന്ന കൂട്ടത്തിൽ രാത്രി ആ വലയിൽ പെട്ടു. അയാൾ ദുഃഖിച്ചു് അവിടെ ഇരുന്നു. പലിതൻ ഇതുകണ്ടു് സധൈര്യം വെളിക്കുവന്നു് കായും കിഴങ്ങും എല്ലാം ശേഖരിച്ചു തുടങ്ങി. ഉടൻതന്നെ പവിഴംപോലെ ചെമന്ന കണ്ണുള്ള ഒരു കീരി പലിതനെ ഭക്ഷിക്കുവാനായി അടുത്തു. അപ്പോൾ മരക്കൊമ്പിൽ വട്ടക്കണ്ണും, വട്ടമുഖവും, കൂർത്തുവളഞ്ഞ ചുണ്ടും ഉള്ള ഒരു മലമൂങ്ങയും വന്നിരുന്നു. അയാളുടെ കണ്ണും തൻെറ നേക്കുതന്നെയെന്നു പലിതനു മനസ്സിലായി. മുകളിൽ മൂങ്ങയും താഴെ കീരിയും തന്നെ തിന്മാൻ വന്നിരിക്കുന്ന ഈ ദുർദ്ദശയിൽ അടുത്തു കുരുക്കിൽപെട്ടു വലയുന്ന മാർജ്ജാരനോടു ചേരുന്നതാണു് ഭേദമെന്നു പലിതൻ ആലോചിച്ചു. തന്നെ അരികിൽ ഇരുത്തി ശത്രുക്കളിൽനിന്നു രക്ഷിച്ചുകൊള്ളാമെങ്കിൽ താൻ വലയറുത്തു ലോമശനെ സ്വതന്ത്രനാക്കുന്നുണ്ടെന്നു പലിതൻ വാഗ്ദാനം ചെയ്തു. പലിതൻ വലയറുക്കാൻ സമർത്ഥനാണെന്നും, ലോമശൻ മലമൂങ്ങയേയും കീരിയേയും ഭയപ്പെടുത്താൻ മതിയെന്നും അന്യോന്യം ബോദ്ധ്യമുണ്ടായിരുന്നതിനാൽ രണ്ടുപേരും ആ കരാറിൽ ഉൾപ്പെട്ടു.

അടുത്തിരുന്ന പലിതനോടു് ലോമശൻ വലയറുക്കണമെന്നു് നിർബന്ധം തുടങ്ങി. സമയം ഉദയത്തോടു സമീപിക്കുംതോറും ലോമശൻ പരിഭ്രമിച്ചു വശമായി. കാട്ടാളൻ വന്നാൽ കൊന്നുപോകുമെന്നു പറഞ്ഞു് പലിതനോടുതന്നെ വിട്ടുതരൽ ചെയ്യണേ എന്നു യാചിച്ചു. പലിതൻ ആലോചിച്ചിട്ടു്, ഭയപ്പെടേണ്ടെന്നും താൻ വേണ്ട അവസരത്തിൽ അതു ചെയ്യാമെന്നും ആശ്വസിപ്പിച്ചു.

മാൎജ്ജാരനെ പേടിച്ചു കീരിയും മലമൂങ്ങയും മൂഷികനോ ടടുക്കുന്നില്ല; തന്നെ സ്വതന്ത്രനാക്കുമെന്നു കരുതി എലിയെ പൂച്ചയും തിന്നുന്നില്ല.

ഇങ്ങിനെ ഇരുന്നപ്പോൾ നേരവും കുറേശ്ശ വെളുത്തു തുടങ്ങി. കാട്ടാളനെ ദൂരെക്കണ്ടിട്ട് കെട്ടറുക്കുവാൻ ലോമ ശൻ പലിതനോടു പ്രാൎത്ഥിച്ചു. പലിതൻ അല്പംകൂടി താ മസിച്ചു. കാട്ടാളൻ ഒട്ടടുത്തപ്പോൾ അയാൾ വലയറുത്തു. ലോമശൻ കാട്ടാളനെ ഭയന്ന് അവിടെ നില്ക്കാതെ കുതി ച്ചു മരത്തിൽ ഒളിച്ചു; അല്ലെങ്കിൽ അയാൾ പലിതനെ ഭക്ഷിക്കുമായിരുന്നു. അപ്രകാരം തന്നെ നകുലനും, മല മൂങ്ങായും ക്ഷണംതന്നെ അപ്രത്യക്ഷരായി. പലിതൻ നിർബാധം സ്വഭവനത്തിൽ കടന്ന് ആശ്വസിച്ചു. പ ലിതൻ തന്റെ ഉപായത്താൽ ആപൽക്കാലത്തു ദുഷ്ടന്മാ രായ മൂന്നു ശത്രുക്കളിൽനിന്നും ആത്മാവെ രക്ഷിച്ചു.

## അപവാദം പോക്കണം.

### സ്യമന്തകം.

സത്രാജിത്ത് സൂൎയ്യനെ സേവിച്ചതിന്റെ ഫലമായി അയാൾക്ക് ആ ദൈവത്തിൽനിന്നും സ്യമന്തകം എന്ന പേരോടുകൂടിയ ഒരു മണി കിട്ടി. ആ മണി എവിടെ ഇരി ക്കുന്നുവോ അവിടെ ദിവസം എട്ടുഭാരം കനകം വീതം വി ളയും. ഇതായിരുന്നു ആ മണിക്കുള്ള വിശേഷം. സ്യമന്ത കത്തെ കഴുത്തിൽ കെട്ടിത്തൂക്കിയുംകൊണ്ട് സത്രാജിത്ത് പരസ്യമായി സഞ്ചരിച്ചു തുടങ്ങി. കൃഷ്ണൻ ഈ വിവരം അറിഞ്ഞപ്പോൾ വളരെ വിലയുള്ള ആ രത്നത്തെ ഗ്രഹമാ

യി സൂക്ഷിക്കാനുള്ള ശക്തി സത്രാജിത്തിനില്ലെന്നും തന്മൂലം പല അനൎത്ഥങ്ങളും സംഭവിക്കുമെന്നും രീച്ച്യയാക്കി. എന്നാൽ അതിനിടയാക്കാതെ യദുരാജധാനിയിൽ സ്യമന്തകം സൂക്ഷിച്ചുകൊള്ളാമെന്നുറച്ച് കൃഷ്ണൻ സത്രാജിത്തിനോട്ട് മണി ചോദിച്ചു. സത്രാജിത്ത് സ്യമന്തകം കൊടുക്കയില്ലെന്നു പറഞ്ഞു. സ്യമന്തകംമൂലം സത്രാജിത്തിൻെറ അനുജൻ ഒടുവിൽ മരിച്ചു. എങ്കിലും മണി അവശ്യപ്പെട്ടുകയാൽ കൃഷ്ണൻെറ പേരിൽ അപവാദമുണ്ടായി.

ഒരുദിവസം നായാട്ടിനു പോയപ്പോൾ സത്രാജിത്തിൻെറ അനുജനായ പ്രസേനൻ സ്യമന്തകം കണ്ഠത്തിൽ അണിഞ്ഞിട്ടുണ്ടായിരുന്നു. അനുയായികളെ വിട്ട് അയാൾ അകന്നു. തത്സമയം മണിയുടെ ശോഭകണ്ടു് എന്തോ ഭക്ഷണപദാൎത്ഥമെന്നു കരുതി ഒരു സിംഹം പ്രസേനനെ കൊന്നു് സ്യമന്തകവും ഗ്രഹിച്ചുകൊണ്ടു കുതിച്ചു. മാൎഗ്ഗമദ്ധ്യേ ജാംബവാൻ എന്ന വാനരൻ സിംഹത്തെ വധിച്ചു് സ്യമന്തകം തൻെറ പുത്രനു കളിക്കാൻ കൊണ്ടുകൊടുത്തു.

പ്രസേനൻ മടങ്ങി എത്താരിരുന്നതിനാൽ സത്രാജിത്ത് അന്വേഷിച്ചു. പക്ഷേ ഒരു വിവരവും കിട്ടിയില്ല. കൃഷ്ണൻ സ്യമന്തകത്തിലുള്ള അത്യാശമൂലം അനുജനെക്കൊന്നു് മണി അപഹരിച്ചിരിക്കണം എന്നു് അയാൾ ഊഹിച്ചു. കൃഷ്ണൻ ആദ്യംതന്നെ സ്യമന്തകം തനിക്കു വേണമെന്നാവശ്യപ്പെട്ട സംഗതി ഈ ഊഹത്തെ ബലപ്പെടുത്തി. കൃഷ്ണൻെറ കുട്ടിക്കാലത്തെ കഥകളിൽ വിവരിക്കാറുള്ള അദ്ദേഹത്തിൻെറ മോഷണസാമൎത്ഥ്യം ഇതിനനുകൂലവുമായിന്നു. സത്രാജിത്ത് ഒരാളോടു പറഞ്ഞു, രണ്ടാളോടു പറഞ്ഞു; എന്തിനു്! കൃഷ്ണൻ പ്രസേനനെക്കൊന്നു സ്യമന്തകം മോഷ്ടിച്ചു എന്ന വാൎത്ത നാടെങ്ങും പരന്നു.

"എന്നാലമ്മണിപോയതുകാരണം-
മൊന്നു തിരഞ്ഞേ മതിയാകുള്ളൂ"

എന്നുപറഞ്ഞു് തന്റെ അപരാധം പോക്കാൻ കൃഷ്ണൻ പുറപ്പെട്ടു. കാട്ടിൽചെന്നു തിരഞ്ഞപ്പോൾ പ്രസേനന്റെ ശവം കണ്ടു; അവിടെനിന്നും ഒരു സിംഹം കുതിച്ചിരുന്നതിന്റെ ചുവടടയാളം നോക്കി, ആ മൃഗം അതപഹരിച്ചിരിക്കാമെന്നു കരുതിപ്പോയി. കുറേ ചെന്നപ്പോൾ സിംഹം മരിച്ചുകിടക്കുന്നു, സിംഹത്തെ കൊന്ന വാനരന്റെ ചുവടുംനോക്കി, കൃഷ്ണൻ നടന്നു് ജാംബവാൻ പാൎക്കുന്ന ഗുഹയിൽ കയറി. അവിടെ ജാംബവാന്റെ പുത്രൻ മണികൊണ്ടു ക്രീഡിക്കുന്നതായി കണ്ടു, ജാംബവാനുമായി അദ്ദേഹം ആദ്യം യുദ്ധം ചെയ്യേണ്ടിവന്നു. ആഗതൻ ആരാണെന്നറിഞ്ഞപ്പോൾ ജാംബവാൻ നമസ്കരിച്ചു. സ്യമന്തകംമണിയും തന്റെ മകളായ ജാംബവതിയേയും കൃഷ്ണനു നല്കി ദ്വാരകയിലേക്കു് അയച്ചു. കൃഷ്ണൻ ദ്വാരകയിൽ എത്തിയതിന്റെശേഷം സത്രാജിത്തിനെ വിളിച്ചുവരുത്തി വിവരങ്ങൾ പറഞ്ഞു് സ്യമന്തകം അയാൾക്കു കൊടുത്തു. വൃഥാ കൃഷ്ണന്റെമേൽ താൻ അപരാധം ചുമത്തിയല്ലോ എന്നു പശ്ചാത്തപിച്ചും ലജ്ജിച്ചും സത്രാജിത്തു് ഒരു പരിഹാരമായി സ്വപുത്രിയേയും സ്യമന്തകത്തേയും കൃഷ്ണനു ദാനംചെയ്തു. സത്യഭാമയെ അദ്ദേഹം സ്വീകരിച്ചു എങ്കിലും അപരാധകാരണമായ മണി അംഗീകരിച്ചില്ല. സ്യമന്തകം അതിന്റെ ഉടമസ്ഥനു മടക്കിക്കൊടുത്തു; ഇതുകൊണ്ടു് പഠിക്കേണ്ടതെന്തെന്നാൽ മഹാത്മാക്കൾക്കുപോലും അപരാധങ്ങൾ വന്നുചേരാമെന്നും, എന്നാൽ അവയെ അവർ കഴിയുംവേഗം മാറേറണ്ടതു് ആവശ്യമാണെന്നുമാകുന്നു.

---

# ലുബ്ധ്.

## ദുൎയ്യോധനൻ.

കൌരവ്യന്മാരായ ധൃതരാഷ്ട്രരും പാണ്ഡുവും ഭ്രാതാക്കന്മാരായിരുന്നു. അവരിൽ ധൃതരാഷ്ട്രൻ ജ്യേഷ്ഠനും പാണ്ഡു കനിഷ്ഠനുമായിരുന്നു. ധൃതരാഷ്ട്രൻ ജന്മനാ അന്ധനായിരുന്നതിനാൽ പാണ്ഡു രാജ്യം ഭരിച്ചു. പാണ്ഡുവിന്ന് അഞ്ചു പുത്രന്മാരുണ്ടായി. അവരെ പഞ്ചപാണ്ഡവന്മാർ എന്നു പറയുന്നു. ധൃതരാഷ്ട്രൎക്കു ഗാന്ധാരിയിൽ നൂറു പുത്രന്മാരും ദുശ്ശള എന്നൊരു പുത്രിയും ഉണ്ടായി. അവൎക്കു കൌരവന്മാരെന്നു പേർ പറയുന്നു. ആ കൂട്ടത്തിൽ പ്രമാണി ദുൎയ്യോധനനത്രേ. പാണ്ഡവന്മാരിലും കൌരവന്മാരിലുംവെച്ചു വയസ്സുമൂപ്പു കൂടുതൽ പാണ്ഡുരാജാവിന്റെ മകനായ ധൎമ്മപുത്രനായിരുന്നു.

പ്രായപൂൎത്തി വന്നതോടെ തനിക്കു കുരുരാജ്യത്തിലെ രാജാവാകണമെന്ന ദുരാശ ദുൎയ്യോധനന്നുണ്ടായി. അച്ഛന്റെ ആനുകൂല്യത്തോടെ ദുൎയ്യോധനൻ ബലാൽക്കാരമായി രാജ്യം കൈവശപ്പെടുത്തി പാണ്ഡു മരിച്ചുപോയതുകൊണ്ടു് പാണ്ഡവന്മാർ നിസ്സഹായരായിരുന്നു. അവർ ജീവനോടെ ഇരിക്കുന്ന പക്ഷം തന്റെ സ്ഥാനം സുരക്ഷിതമല്ലെന്നു മനസ്സിലാക്കി ദുൎയ്യോധനൻ നാനാതരത്തിൽ പാണ്ഡവന്മാരെ നശിപ്പിക്കാൻ നോക്കി. ഭീമന്നു വിഷം കൊടുത്തു; അരക്കില്ലത്തിൽ ഇട്ടു് അവരെ ചുടാൻ ശ്രമിച്ചു; പക്ഷെ ഈ അപകടങ്ങളിൽ നിന്നെല്ലാം അവരുടെ നന്മകൊണ്ടു് പാണ്ഡവന്മാർ രക്ഷപെട്ടു. ഈ കാലത്തെല്ലാം അവൎക്ക് ഒരു വലിയ സഹായി ഉണ്ടായിരുന്നു; അതു

മഹാബുദ്ധിമാനായ കൃഷ്ണൻതന്നെ. കൃഷ്ണൻ കുന്തിയുടെ സഹോദരന്റെ മകനാണ്.

ദുര്യോധനൻ, ശകുനി, കർണ്ണൻ ഇവർകൂടി ആലോചിച്ച്, ധർമ്മപുത്രനെ വരുത്തി ചൂതുകളിച്ചു. ചൂതിൽ ധർമ്മപുത്രൻ സർവ്വസ്വവും തോറ്റ് കാട്ടിൽ പോകേണ്ടതായി വന്നുകൂടി. വനവാസം പന്തീരാണ്ടു അനുഷ്ഠിക്കണമെന്നായിരുന്നു കരാറ്. പന്ത്രണ്ടാമത്തെ കൊല്ലത്തിന്റെ അവസാനത്തിൽ ധർമ്മപുത്രൻ രാജ്യം ആവശ്യപ്പെട്ടു. സന്ധി പറയുന്നതിനായി അദ്ദേഹം കൃഷ്ണനെ ഹസ്തിനപുരത്തിലേക്കയച്ചു. ന്യായമായി പാണ്ഡവന്മാർക്കു ചെല്ലേണ്ട രാജ്യം മുഴുവനുമോ, അതല്ലെങ്കിൽ പകുതിയോ, പക്ഷെ അതിനും സമ്മതമില്ലെങ്കിൽ, അഞ്ചുദേശമോ അവർക്കുകൊടുത്തു സന്ധിപ്പെടണമെന്നു കൃഷ്ണൻ സഭയിൽ വാദിച്ചു. ദുര്യോധനൻ യോഗ്യമല്ലാത്തവിധം കൃഷ്ണനെ അപമാനിക്കയാണുണ്ടായത്. അദ്ദേഹം മടങ്ങിപ്പോന്നു. ധർമ്മപുത്രൻ ശാന്തനും, ദയാലുവും, വിജ്ഞാനിയും, ധാർമ്മികനും, ആയതിനാൽ അഖിലരും അദ്ദേഹത്തെ സ്നേഹിച്ചുവന്നു. ഭീഷ്മർ, വിദുരൻ മുതലായ മഹാന്മാർ സന്ധിക്കാര്യത്തിൽ ദുര്യോധനനെ ഗുണദോഷിച്ചുനോക്കി. മുഴുവൻ രാജ്യവും തനിക്കു വേണമെന്നുള്ള ലുബ്ധുമൂലം ദുര്യോധനൻ അതിനു വഴിപ്പെട്ടില്ല. പാണ്ഡവന്മാരുടേയും കൗരവന്മാരുടേയും അവകാശത്തർക്കം യുദ്ധംകൊണ്ടുതന്നെ സമാപ്തി വരുത്താൻ നിശ്ചയിച്ചു.

പതിനെട്ടുദിവസം ഘോരമായ പോരു നടന്നു. കൗരവന്മാർക്കു സഹായികൾ ധാരാളമുണ്ടായിരുന്നെങ്കിലും അവർ എല്ലാവരും പോരിൽ മരിച്ചു. ഭീമൻ കൗരവന്മാരെ ഒന്നില്ലാതെ അടിച്ചുകൊന്നു. സത്യവും ന്യായവുംതന്നെ ജയിക്കും. എന്തെന്നാൽ പാണ്ഡവന്മാർ യുദ്ധത്തിൽ

വിജയികളായി. ദുര്യോധനൻെറ ലുബ്ധുമൂലം അയാൾ, മാത്രമല്ല മററനേകം സമത്ഥന്മാരായ പുരുഷന്മാരും മരിച്ചു. വിധവകളും രക്ഷാകർത്താക്കന്മാരില്ലാത്ത കുട്ടികളും കൊണ്ടു രാജ്യംനിറഞ്ഞു. വളരെ സങ്കടവും നഷ്ടവും നാട്ടിനുണ്ടായി. ലുബ്ധു വദ്ധിച്ചാലുള്ള ഫലം ഇതുതന്നെയാണ്.

—:o:—

## അതിമോഹം.

---

### രാവണൻ.

രാവണൻ ലങ്കയിലെ രാജാവായിരുന്നു. അദ്ദേഹം രാക്ഷസവംശത്തിൽ ജനിച്ചു. അക്കാലങ്ങളിൽ രാവണനോളം പ്രബലനായ ഒരു രാജാവു് ഉണ്ടായിരുന്നില്ല. തൻെറ അതിമോഹംമൂലം രാവണൻ സകുടുംബം നശിച്ചു. അതു് എപ്രകാരം സംഭവിച്ചു എന്നു് എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്.

രാവണൻെറ സോദരിയായ ശൂപ്പണഖ പഞ്ചവടിയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നകാലത്തായിരുന്നു ശ്രീരാമൻ സീതയോടും ലക്ഷ്മണനോടുംകൂടി അവിടെ പാപ്പുറപ്പിച്ചതു്. ഒരുദിവസം ശൂപ്പണഖ ശ്രീരാമനെക്കണ്ടു. രാക്ഷസി, അദ്ദേഹത്തോടു് അവളെ വിവാഹംചെയ്യണമെന്നു നിർബന്ധിച്ചു. താൻ ഒരു വിവാഹം ചെയ്തിട്ടുണ്ടെന്നും ആകയാൽ അധർമ്മം പറയാതെ പൊയ്ക്കൊള്ളണമെന്നും ശ്രീരാമൻ ആജ്ഞാപിച്ചു. ശൂപ്പണഖ കോപിച്ചു സീതയെ കൊല്ലുവാൻ ഭാവിച്ചു. ഇതു കണ്ടുനിന്ന ലക്ഷ്മണൻ വാളൂരി രാക്ഷസിയുടെ മൂക്കും മുലയും ഛേദിച്ചു.

ശൂർപ്പണഖ ചോരയും ഒലിപ്പിച്ചു കരഞ്ഞുകൊണ്ടു് മിത്രങ്ങളായ ഖരൻ മുതൽപേരുടെ അടുക്കൽ വിവരം പറഞ്ഞു. ഖരാദികൾ ഉടൻതന്നെ ശ്രീരാമനോടു യുദ്ധത്തിന്നെത്തി. അദ്ദേഹം മൂന്നേമുക്കാൽ നാഴികകൊണ്ടു് അവരെയും അവരുടെ സൈന്യത്തേയും നശിപ്പിച്ചു. ശൂർപ്പണഖ ഉടൻതന്നെ ലങ്കയിലെത്തി. ദശരഥൻെറ മക്കളായ ശ്രീരാമനും ലക്ഷ്മണനും, ശ്രീരാമപത്നിയായ സീതയോടുകൂടി പഞ്ചവടിയിൽ താമസിക്കുന്നു എന്നും അവർമൂലം തനിക്കു് അംഗഭംഗം സംഭവിച്ചു എന്നും രാക്ഷസി സഹോദരനോടു പറഞ്ഞു. എന്നാൽ അതിൻെറ ഹേതു ധരിപ്പിച്ചതു പരമാർത്ഥമല്ലായിരുന്നു. താൻ സുന്ദരിയായ സീതയെ രാവണനു കൊണ്ടുക്കൊടുക്കുവാൻ ശ്രമിച്ചപ്പോളായിരുന്നു കൃത്യം ഉണ്ടായതെന്നത്രേ ശൂർപ്പണഖ പറഞ്ഞതു.

സീതയെ ഭാര്യയാക്കണമെന്നും അങ്ങിനെ ശ്രീരാമനെ സോദരനോടുകൂടെ ശിക്ഷിക്കണമെന്നും നിശ്ചയിച്ചു് രാവണൻ പഞ്ചവടിയിൽ എത്തി. കൂടെ അമ്മാവനായ മാരീചനെക്കൂടി രാവണൻ കൊണ്ടുപോന്നിരുന്നു. സീതയിലുള്ള അതിമോഹം ആപത്തിനിടയാക്കുമെന്നു മാരീചൻ പറഞ്ഞതു രാവണൻ വകവച്ചില്ല. അവർ ഒരു ഉപായം ആലോചിച്ചു. മാരീചൻ ഒരു പൊന്മാനായിച്ചെന്നു് സീതയുടെ മുൻപിൽ തുള്ളിച്ചാടണമെന്നും, അപ്പോൾ സീത കളിക്കാൻ സുവർണ്ണഹരിണത്തെ പിടിച്ചുതരണമെന്നു നിർബന്ധിക്കുമെന്നും, മാനിനെ പിടിക്കുവാൻ ശ്രീരാമനും ലക്ഷ്മണനും പോകുന്ന തക്കംനോക്കി രാവണൻ വേഷപ്രച്ഛന്നനായി സീതയെ കൊണ്ടുപൊയ്ക്കൊള്ളണമെന്നുമായിരുന്നു അവരുടെ ആലോചന. കാര്യം അങ്ങിനെതന്നെ സംഭവിച്ചു; പക്ഷെ മാരീചൻ ശ്രീരാമ

ന്റെ കയ്യാൽ മരണം പ്രാപിച്ചു. രാവണൻ ഭിക്ഷുരൂപിയായിച്ചെന്നു സീതയെ കൊണ്ടുപോകയും ചെയ്തു.

രാവണൻ സീതയെ ലങ്കയിൽ താമസിപ്പിച്ചു. തന്റെ പട്ടമഹിഷിയായിരിക്കണമെന്നു സീതയോട് അദ്ദേഹം പലവുരു ആവശ്യപ്പെട്ടു. പതിവ്രതയായ സീത രാവണന്റെ അപേക്ഷയെ നിരാകരിച്ചു. മണ്ഡോദരി, വിഭീഷണൻ മുതലായവർ, സീതയിലുള്ള അതിമോഹം അന്യായമാണെന്നും, ആപൽക്കാരണമാണെന്നും രാവണനെ ഗുണദോഷിച്ചു. സീതയെ ശ്രീരാമനു തിരിച്ചുനല്കുന്നതാണു നല്ലതെന്ന് അവർ പലതവണ രാക്ഷസചക്രവർത്തിയോടു പറഞ്ഞു. സീതയെ ഭാര്യയാക്കണമെന്നുള്ള അതിമോഹത്താൽ രാവണൻ അതൊന്നും വകവച്ചില്ല.

Le. 1164

ശ്രീരാമൻ വ്യസനിച്ച് ഭാര്യയെ അന്വേഷിച്ചു നടന്നു. ഒടുവിൽ രാവണൻ ലങ്കയിൽ കൊണ്ടുചെന്നു പാർപ്പിച്ചിരിക്കയാണെന്ന് അറിവുകിട്ടി. അന്യന്റെ ഭാര്യയെ അപഹരിക്കാനുദ്ദേശിച്ച അധർമ്മിയായ രാവണനെ ഹിംസിച്ച് സീതയെ വീണ്ടെടുക്കാൻ ശ്രീരാമൻ നിശ്ചയിച്ചു. സുഗ്രീവൻ എന്ന വാനരരാജാവിന്റെ സഹായത്തോടെ ഒരു വാനരസൈന്യത്തേയും ശേഖരിച്ച് അദ്ദേഹം ലങ്കയിലെത്തി. രാക്ഷസന്മാരും വാനരന്മാരും തമ്മിൽ ഘോരമായ യുദ്ധം നടന്നു. ശ്രീരാമൻ രാവണനെ കൊന്നു. യുദ്ധത്തിൽ അദ്ദേഹത്തിന്റെ മക്കളും ബന്ധുക്കളും മന്ത്രികളും എല്ലാം മരിച്ചു. ശ്രീരാമൻ അഗ്നിപരിശുദ്ധയായ സീതയെ അയോദ്ധ്യയിലേയ്ക്കു കൊണ്ടുപോരുകയും ചെയ്തു. അതിമോഹംമൂലം രാവണൻ നശിച്ചുപോയി.

# കോപം.

---

## ദുർവ്വാസസ്സ്.

പുരാണം വായിച്ചിട്ടുള്ളവർ ആരും ദുർവ്വാസസ്സെന്ന മഹർഷിയെ ഒരിക്കലും മറക്കയില്ല. ഇത്ര കോപിഷ്ഠനായ ഒരാൾ ഭൂമിയിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. ആളുകളുടെ അവസ്ഥാവസ്ഥകൾ അരശേഷം ഗണിക്കാതെ അവരെ നിർദ്ദയം ശപിക്കുന്നതിനു ദുർവ്വാസസ്സിനു ഒട്ടും മടിയില്ല. ഇദ്ദേഹത്തിന്റെ സ്വഭാവദൂഷ്യംകൊണ്ടു പല സാധുക്കളും സങ്കടം അനുഭവിച്ചിട്ടുണ്ടു.

ഒരിക്കൽ ശകുന്തള തന്റെ ഭർത്താവായ ദുഷ്ഷന്തനെ ഓർത്തു വിചാരമഗ്നയായി ഇരുന്ന അവസരത്തിൽ ദുർവ്വാസസ്സ് അവിടെ ചെല്ലുവാൻ ഇടയായി. ഭർത്താവിനെക്കുറിച്ചുള്ള ചിന്തയിൽ ഏകാഗ്രയായി ലയിച്ചിരുന്ന ശകുന്തള മുനിയെ സല്ക്കരിച്ചില്ല. പരമാർത്ഥത്തിൽ അതു അവളുടെ കുറ്റമല്ലായിരുന്നു. പക്ഷെ ശകുന്തള ധിക്കാരം പ്രവർത്തിക്കുകയാണെന്നു തെറ്റിദ്ധരിച്ചു കോപിച്ചു അദ്ദേഹം അവളെ ശപിച്ചു. അവിവേകിയായ ദുർവ്വാസസ്സിന്റെ ശാപംമൂലം ശകുന്തള അനുഭവിച്ച സങ്കടത്തിനു അതിരില്ല. ഉത്തമയായ ആ സ്ത്രീയെ ദുഷ്ഷന്തൻ പരിത്യജിച്ചു. എങ്കിലും ഒടുവിൽ അവൾക്കു ഭർത്താവുമൊത്തു സുഖിച്ചു വസിക്കുവാൻ ഇടയായി.

ദുർവ്വാസസ്സ് ഒരിക്കൽ ഒരു വിശേഷപ്പെട്ട മാല ദേവേന്ദ്രനു സമ്മാനിച്ചു. കാലദോഷത്തിനു ഐരാവതം ആ മാല ചവുട്ടി പതുക്കിക്കളഞ്ഞു. ഇക്കഥയറിഞ്ഞ ദുർവ്വാസസ്സ് കോപിഷ്ഠനായി ദേവേന്ദ്രനും ദേവന്മാർക്കും ജ

രാനാ ഭവിക്കട്ടെ എന്നു ശപിച്ചു. ദേവഗണം തന്മൂലം വളരെ സങ്കടപ്പെട്ടു. ഒടുവിൽ വളരെ ബുദ്ധിമുട്ടുകൾ അനുഭവിച്ച് പാലാഴിയിൽ നിന്നും അമൃതെടുത്തു സേവിച്ചതിൽപിന്നീടാണ് അവർ ശാപത്തിൽനിന്നും രക്ഷപെട്ടത്. ഇതുപോലെതന്നെ ദുര്യോധനൻെറ ദുർബ്ബോധനയാൽ ധർമ്മപുത്രനെ ശപിക്കാൻവേണ്ടി ദുർവ്വാസസ്സ് ശിഷ്യന്മാരുമൊത്തു കാട്ടിൽ എത്തി. പക്ഷെ ശ്രീകൃഷ്ണൻെറ സഹായംകൊണ്ടു പരമധർമ്മിഷ്ഠനായ ധർമ്മപുത്രർക്കു മഹർഷിയിൽനിന്നും ശാപം കിട്ടിയില്ല.

കോപം അധികമായാൽ ആർക്കും അപകടം പറ്റുന്നതു സാധാരണമാണല്ലോ. ദുർവ്വാസസ്സിനു തൻെറ ശാപം മൂലം ഒരിക്കൽ ഒരാപത്തു സംഭവിച്ചു. നാഭാഗൻെറ പുത്രനായി അംബരീഷൻ എന്നൊരു ചക്രവർത്തിയുണ്ടായിരുന്നു. പരമഭക്തനായ അദ്ദേഹം ഏകാദശീവ്രതം ദീക്ഷിച്ചു ലോകമെല്ലാം ജയിച്ചു. ചക്രവർത്തിയുടെ പുണ്യകർമ്മങ്ങളുടെ വർദ്ധനകൊണ്ടു സ്വർഗ്ഗവും അദ്ദേഹത്തിനായി തീരുമെന്നു ദേവേന്ദ്രൻ ശങ്കിച്ചു. ഇന്ദ്രൻ അംബരീഷനെ നശിപ്പിക്കുന്നതിനായി ദുർവ്വാസസ്സിനെ പറഞ്ഞയച്ചു. നമ്മുടെ കോപശീലൻ അംബരീഷൻെറ രാജധാനിയിലേക്കു യാത്രയായി. ദ്വാദശിദിവസം ആയിരുന്നു ദുർവ്വാസസ്സ് അവിടെ ചെന്നതു്. മഹർഷിയെ കണ്ട ഉടൻതന്നെ അംബരീഷൻ എതിരേററു സൽകരിച്ചു. തന്നോടൊന്നിച്ച് ഊണു കഴിക്കാൻ ചക്രവർത്തി അദ്ദേഹത്തെ ക്ഷണിക്കയും ദ്വാദശി കഴിയുന്നതിനുമുൻപായി കുളികഴിഞ്ഞുവരുന്നതിനു യാത്രയയയ്ക്കുകയും ചെയ്തു.

ദുർവ്വാസസ്സ് യമുനാനദിയിൽ സ്നാനം കഴിച്ചതിൻെറശേഷം, താമസിച്ചേ എത്താവൂ എന്നു മനഃപൂർവ്വം നിശ്ചയിച്ചുകൊണ്ട് അവിടെ ഇരുന്ന് ദ്വാദശി കഴിവോ

ളം ജപിച്ചു. അനന്തരം അദ്ദേഹം പതുക്കെ അംബരീഷ ൻെറ കൊട്ടാരത്തിലെത്തി. അംബരീഷൻ വളരെനേരം സഹഭോജനത്തിന് മഹർഷിയെ കാത്തിരുന്നു. സമയം അതിക്രമിക്കുന്നു എന്നു കണ്ടു് കൃത്യനിഷ്ഠയില്ലാത്ത ദുർവ്വാസ സ്സിൻെറ പരിഭവത്തെപ്പററി യാതൊന്നും ഗണിക്കാതെ അ ദ്ദേഹം പോയി ഊണുകഴിച്ചു. ദുർവ്വാസസ്സുവന്ന് അംബ രീഷൻ തന്നെക്കൂടാതെ കണ്ടു് ഊണുകഴിച്ചതു അപമാനി ക്കയായിരുന്നു എന്നു പറഞ്ഞു് കോപിച്ചു. അദ്ദേഹം ദേഷ്യം സഹിക്കവയ്യാതെ തലയിൽനിന്നും ജടപറിച്ചു നിലത്തടിച്ചു. തൽക്ഷണം അവിടെ അത്യുഗ്രരൂപിണി യായ ഒരു കൃത്യ ഉൽഭവിച്ചു. കൃത്യ അംബരീഷനെ ദഹി പ്പിക്കാൻ സമീപിച്ചു. ചക്രവർത്തി ഉടൻതന്നെ വിഷ്ണുവി നെ സ്മരിച്ചു. അദ്ദേഹത്തിൻെറ നെററിയിൽനിന്നും വി ഷ്ണുവിൻെറ സുദർശനചക്രം പുറപ്പെട്ടു. ചക്രം ആദ്യം കൃ ത്യയുടെ കഴുത്തറുത്തു; പിന്നീട്ടു് ദുർവ്വാസസ്സിൻെറ നേക്ക ടുത്തു.

എറിഞ്ഞടുക്കുന്ന ചക്രത്തോടുനേക്കാൻ കഴിയാതെ പരിഭ്രാന്തചിത്തനായ മഹർഷി ഓടിത്തുടങ്ങി. പ്രാണ ഹാനി വരുത്തുവാൻ വിഷ്ണുചക്രം പിന്നാലെ കുതിച്ചു. ദുർവ്വാസസ്സ് ബ്രഹ്മാവ്, ശിവൻ, വിഷ്ണു ഇവരുടെയെല്ലാ മരികിൽ അഭയം പ്രാപിച്ചു. അവർ എല്ലാവരും രക്ഷി ക്കാൻ ശക്തരല്ലെന്നൊഴിഞ്ഞു. അംബരീഷൻ വിചാരി ച്ചെങ്കിൽ മാത്രമേ മഹർഷിയെ ആ അത്യാപത്തിൽനിന്നും രക്ഷിക്കുവാൻ സാധിക്കയുള്ളുവെന്ന് വിഷ്ണു അവസാനമാ യി അദ്ദേഹത്തോടു പറഞ്ഞു. മുൻപേ ദുർവ്വാസസ്സും പി ന്നാലെ ചക്രവും ഓട്ടംതുടങ്ങി. മഹർഷി അംബരീഷൻെറ അഗ്രഭൂമിയിൽ പതിച്ചു്, രക്ഷിക്കണമെന്നപേക്ഷിച്ചു. താൻ ഭോഷനാകയാൽ തന്നെ ഇന്ദ്രൻെറ വാക്കുകേട്ടു രാ ജാവിനെ ശപിക്കാൻ വന്നു എന്നും, ചെയ്ത അപരാധം

പൊറുക്കണമെന്നും മഹൎഷി ക്ഷമായാചനം ചെയ്തു. അംബരീഷൻ വിഷ്ണുവിനെ സ്മരിക്കയും ചക്രം ഉണ്ടായതുപോലെ നെററിയിൽ ലയിക്കയും ചെയ്തു. ദുൎവ്വാസസ്സ് ഇളിഭ്യനായി മടങ്ങി. കോപിഷ്ഠന്മാൎക്ക ചിലപ്പോൾ ഇപ്രകാരമുള്ള നല്ല അനുഭവങ്ങൾ ഉണ്ടാകും.

---

## ചൂതുകളി ദോഷമാണ്.

---

### നളൻ.

ദുസ്തൎക്കം, വിരോധം, പരാജയം ഇവയെല്ലാം ചൂതുകളിയിൽനിന്നുണ്ടാകുന്നതു സ്വാഭാവികമാണ്. സന്മാൎഗ്ഗികൾക്ക് മദ്യപാനം മുതലായവയോടൊപ്പംതന്നെ ചൂതുകളിയും വൎജ്ജ്യമാകുന്നു. ധൎമ്മപുത്രനു രാജ്യം നഷ്ടമായതും അദ്ദേഹം അനുജന്മാരുമൊത്തു പന്ത്രണ്ടു സംവത്സരക്കാലം വനവാസം ചെയ്യേണ്ടിവന്നതും ദുൎയ്യോധനനുമായി ചൂതുകളിച്ചതിനാലായിരുന്നു. വനവാസത്തിനുപോയതിൽ പിന്നീട്ടും ദേവനംവഴിയായി അദ്ദേഹത്തിനു മറെറാരപകടം പററി. വിരാടരാജധാനിയിൽ കങ്കൻ എന്ന സന്യാസിയായി ധൎമ്മപുത്രൻ അജ്ഞാതവാസം അനുഷ്ഠിച്ച കാലത്തു്, ആ രാജ്യത്തെ രാജാവുമായി അദ്ദേഹം ചൂതുകളിച്ചു. തൽഫലമായി ധൎമ്മപുത്രനും വിരാടരാജാവും തമ്മിൽ തൎക്കിച്ചു. രാജാവു കോപിച്ച് പകടയെടുത്തു് അദ്ദേഹത്തെ എറിഞ്ഞു. അതു ധൎമ്മപുത്രൻെറ നെററിയിൽ ക്ഷതം ഉണ്ടാക്കി. സത്യസന്ധന്മാരും ശാന്തരുമായ ധൎമ്മപുത്രനെപ്പോലുള്ള മഹാത്മാക്കൾക്കുകൂടി ദേവനംമൂലം ദോഷാനുഭവം ഉണ്ടായിട്ടുള്ളപ്പോൾ അതു വൎജ്ജിക്കേണ്ടതാണെന്നു പ്രത്യേകിച്ചു പറ

യണമെന്നില്ല. ചൂതുകളിയുടെ ദോഷത്തെ വിളിച്ചു പറയുന്ന മറെറാരു കഥയുണ്ട്. ആയതു നളമഹാരാജാവിനെ സംബന്ധിച്ചതാണ്.

നളൻ കീൎത്തികേട്ട ഒരു രാജാവായിരുന്നു. അദ്ദേഹം നിഷധരാജ്യത്തെ ഭരിച്ചുവന്നു. നളൻ പ്രകൃത്യാ സുന്ദരനും, സുശീലനും കോമളചിത്തനും ആയിരുന്നു. യൌവ്വനത്തിൽ നളനു തനിക്കനുരൂപയായ വിദൎഭ്ഭൂപാലൻെറ പുത്രിയെ ഭാൎയ്യയായി കിട്ടി. ആ ഉത്തമസ്ത്രീയുടെ പേർ ദമയന്തിയെന്നാണ്. നളനും ദമയന്തിയും സുഖമായി നിഷധരാജ്യത്തിൽ വസിച്ചു. നളനു പുഷ്കരൻ എന്നു പേരോടുകൂടിയ ഒരു സഹോദരനുണ്ടായിരുന്നു. നിഷധരാജ്യം തനിക്കു കിട്ടിയാൽ കൊള്ളാമെന്ന് അയാൾക്ക് ആഗ്രഹമുണ്ടായിരുന്നു. അങ്ങിനെ ഇരിക്കുമ്പോൾ പുഷ്കരന്, കലിയെന്നും ദ്വാപരനെന്നും രണ്ടു കൂട്ടുകാരെ കിട്ടി. അവരുടെ ആലോചനയോടെ അയാൾ നളനെ ചൂതുകളിക്കാൻ വിളിച്ചു. ദമയന്തിയും മററും മഹാരാജാവിനെ തടഞ്ഞു; എങ്കിലും അദ്ദേഹം അതു വിഗണിച്ച് പുഷ്കരനുമായി കളിച്ചു. കളിയിൽ നളൻ സൎവ്വസ്വവും ഉപേക്ഷിച്ച് കാട്ടിൽ പോകേണ്ടതായിവന്നു. അതുയുമല്ല, അദ്ദേഹം ദമയന്തിയോടു വേർപെടുകയും, വളരെ സങ്കടങ്ങൾ അനുഭവിച്ചശേഷം ഋതുപൎണ്ണൻ എന്ന രാജാവിൻെറ അരിവയ്പുകാരനായി തീരുകയുംചെയ്തു. ഒരു രാജാവിന് ഇതിൽ കൂടുതലായി എന്തു ദുഃഖമാണ് വരാനുള്ളത്? ഇവയെല്ലാം കാരണം അദ്ദേഹത്തിൻെറ ചൂതുകളി ഒന്നുമാത്രമായിരുന്നു. തന്മൂലം ചൂതുകളിയേ സപ്തവ്യസനങ്ങളുടെ കൂട്ടത്തിൽ ഒന്നായി ഉൾപ്പെടുത്തിയിരിക്കുന്നു.

# ഉദാരമതിയായ ഉദയനൻ.

## ഒരു കഥ.

വത്സരാജ്യത്തിന്റെ തലസ്ഥാനം കൌശാംബീനഗരമായിരുന്നു. അവിടെ പാണ്ഡവവംശജാതനായ ശതാനീകൻ രാജ്യം ഭരിച്ചുവന്നു. അദ്ദേഹത്തിന്റെ ഭാൎയ്യയുടെപേർ വിഷ്ണുമതി എന്നായിരുന്നു. ശാണ്ഡില്യമുനിയുടെ സഹായത്തോടെ ശതാനീകൻ പുത്രകാമേഷ്ടിചെയ്തു. അദ്ദേഹത്തിനു സഹസ്രാനീകൻ എന്നൊരു പുത്രനും ഉണ്ടായി. ശതാനീകൻ ദേവാസുരയുദ്ധത്തിൽ ഹതനായി. അനന്തരം പിതാവിന്റെ സിംഹാസനത്തിൽ സഹസ്രാനീകൻ പ്രവേശിച്ചു. ദേവാസുരയുദ്ധത്തിന്റെ അവസാനം ദേവേന്ദ്രനു വിജയകരമായിരുന്നു. ഇന്ദ്രൻ ശതാനീകന്റെ സഹായത്തെ സ്മരിച്ചു് തൽപുത്രനായ സഹസ്രാനീകനെ ക്ഷണിച്ചു വരുത്തി ഉപചരിച്ചു. ഓരോന്നു പറഞ്ഞുകൊണ്ടിരുന്ന കൂട്ടത്തിൽ അയോദ്ധ്യയിലെ രാജാവിന്റെ മകളായി സുശീലയായ ഒരു രാജകുമാരിയുണ്ടെന്നും അവളുടെപേർ മൃഗാവതിയെന്നാണെന്നും മൃഗാവതിയെ സഹസ്രാനീകൻ വിവാഹം ചെയ്യുമെന്നും പറഞ്ഞു. നാമധേയം കേട്ടപ്പോൾതന്നെ സഹസ്രാനീകന്നു് മൃഗാവതിയോടു വളരെ സ്നേഹംതോന്നി. അദ്ദേഹം കൌശാംബിയിലേക്കു തിരിച്ചു. ഇന്ദ്രൻ സൂചിപ്പിച്ച വിവാഹകാൎയ്യത്തെപ്പററി പലതും വിചാരിച്ചുകൊണ്ടാണു് അദ്ദേഹം പോന്നതു്. ആകയാൽ മാർഗ്ഗമദ്ധ്യേ തിലോത്തമ 'നില്ക്കണം' എന്നുപറഞ്ഞതു സഹസ്രാനീകൻ കേട്ടില്ല. രാജാവേ അങ്ങു് ഏതൊരു സ്ത്രീയെപ്പററി വിചാരിച്ചുകൊണ്ടു പോകുന്നോ, ആ സ്ത്രീയുമായി പതിനാലുവൎഷം

അങ്ങേയ്ക്കു വിരഹയോഗമുണ്ടാകട്ടേ' എന്നു തിലോത്തമ അദ്ദേഹത്തെ ശപിച്ചു. ഇന്ദ്രസാരഥിയായ മാതലി ഇതുകേട്ടു.

സഹസ്രാനീകൻ കൌശാംബിയിൽ എത്തിയ ഉടൻ വിവാഹസംഗതി ആലോചിക്കയും മൃഗാവതിയെ പാണിഗ്രഹണം ചെയ്കയും ചെയ്തു. കാലക്രമേണ മൃഗാവതി ഗർഭംധരിച്ചു. ഗർഭകാലത്തു സ്ത്രീകളുടെ ആഗ്രഹങ്ങൾ എന്തുണ്ടോ അവയെല്ലാം സാധിക്കേണ്ടതാണ്. മൃഗാവതി ഭർത്താവിനോടു രുധിരപൂർണ്ണമായ കുളത്തിൽ കുളിക്കാൻ കൊതിയുണ്ടെന്നു പറഞ്ഞു. പരമധാർമ്മികനായ സഹസ്രാനീകൻ പ്രാണികളുടെ രക്തം ചിന്താൻ മടിച്ചു്, രക്തനിറമായ കോലരക്കുചാർ നിറഞ്ഞ കുളം ഉണ്ടാക്കിച്ചു്, അതിൽ സ്നാനം ചെയ്യുവാൻ ഭാര്യയോടു പറഞ്ഞു. മൃഗാവതി അതിൽ മുങ്ങിക്കയറിയ സമയം ആകാശത്തു പറന്നു സഞ്ചരിച്ച ഗരുഡൻ അതൊരു മാംസപിണ്ഡമെന്നു കരുതി, അവളെ റാഞ്ചിക്കൊണ്ടുപോയി. ഇതുകണ്ടു രാജാവു മോഹിച്ചു് നിലംപതിച്ചു. അദ്ദേഹം ദുഃഖനിമഗ്നനായി. അക്കാലം മാലതിയെന്ന അപ്സരസ്ത്രീ കൌശാംബിയിൽ വരികയും ശാപകഥ രാജാവിനെ അറിയിക്കയും ചെയ്തു. പതിന്നാലുവർഷം കഴിയുന്നതും പ്രതീക്ഷിച്ചുകൊണ്ടു് രാജാവും പാർത്തു. മൃഗാവതിയേയും എടുത്തുകൊണ്ടു് ഉല്പതിച്ച ഗരുഡൻ, താൻ ചെയ്ത അബദ്ധം മനസ്സിലാക്കി, രാജദാരങ്ങളെ ഉദയപർവ്വതത്തിന്റെ ഉന്നതതടത്തിൽ വച്ചുപോയി. ഗർഭഭാരത്താൽ ശ്രാന്തയായ മൃഗാവതിയ്ക്കു പല ആപത്തുകളും നേരിട്ടു. ഭാഗ്യംകൊണ്ടു് അവൾ അതിൽനിന്നെല്ലാം രക്ഷപെടുകയും, ഒരു താപസകുമാരൻ മൃഗാവതിയെ ജമദഗ്നിമഹർഷിയുടെ ആശ്രമത്തിൽ നയിക്കയും ഉണ്ടായി. മൃഗാവതി ഭക്തിയോടെ മഹർഷിയുടെ പാദങ്ങളിൽ നമസ്കരിച്ചു. സർവ്വലക്ഷണസംപന്നനായ കുമാരൻ ഉണ്ടാകുമെന്നും, താമസിയാതെ

ഭർത്താവിനോട്ടു ചേരുമെന്നും മഹർഷി അവളെ അനുഗ്രഹിച്ചു. ജമദഗ്നിയുടെ ആശ്രമത്തിൽവച്ചു സർവ്വലോകവിഖ്യാതനായ ഉദയനനെ മൃഗാവതി പ്രസവിച്ചു.

ജമദഗ്നി കുമാരൻെറ, ജാതകർമ്മാദികൾ എല്ലാം ചെയ്തു. ഉദയനൻ മുനികുമാരന്മാരുമൊത്തു കളിച്ചു് ശൈശവപ്രായം കടന്നു. മഹർഷി അദ്ദേഹത്തെ സർവ്വവിദ്യകളും പഠിപ്പിച്ചു. ധനുർവ്വിദ്യയിൽ ഉദയനൻ അതിസമർത്ഥനായി. ഒരുദിവസം, പുത്രനെ കണ്ടു സന്തോഷിച്ചു, തൻെറ കയ്യിൽ കിടന്ന സഹസ്രാനീകൻെറ പേരു കൊത്തിയിട്ടുള്ള വള മൃഗാവതി ഉദയനൻെറ കൈക്കിട്ടു. ഒരിക്കൽ നായാട്ടുചെയ്തു വിഹരിക്കുമ്പോൾ ഒരു പാമ്പിനെ കാട്ടാളന്മാരിലൊരുവൻ പിടിക്കുന്നതു ഉദയനൻ കണ്ടു. സർപ്പത്തിൻെറ കഷ്ടകാലംകണ്ടു് ദയാലുവായ അദ്ദേഹം അതിനെ വിടണം എന്നു് കാട്ടാളനോടു പറഞ്ഞു. സർപ്പത്തെ പിടിക്കുന്നതാണു് തൻെറ കാലക്ഷേപമാർഗ്ഗമെന്നും യദൃച്ഛയാ കിട്ടിയ ആ പാമ്പിനെ വിട്ടാൽ താൻ പട്ടിണികിടക്കേണ്ടി വരുമെന്നും അവൻ അറിയിച്ചു. അതു ശരിയാണെന്നറിഞ്ഞു് ഉദയനൻ സ്വഹസ്തത്തിൽ നിന്നും വളയൂരി വ്യാധനു കൊടുത്തിട്ടു്, അതുകൊണ്ടു് അവൻെറ നിത്യവൃത്തി കഴിച്ചുകൊള്ളുവാൻ പറഞ്ഞു. ഉദയനാൻെറ ഔദാര്യം കണ്ടു വ്യാധൻ വിസ്മയിച്ചു. അവൻ സർപ്പത്തെ കാട്ടിൽവിട്ടു്, പോവുകയും ചെയ്തു. സർപ്പം ഉദയനൻെറ അടുത്തുവന്നു്, താൻ വാസുകിയുടെ ഭ്രാതാവായ വസുനേമിയാണെന്നും, തൻെറ ജീവനെ രക്ഷിച്ചതിനു പ്രത്യുപകാരമായി ഘോഷവതിയെന്നു് വിശേഷപ്പെട്ട ഒരു വീണ കൈവശമുള്ളതു് രാജകുമാരനു് നല്കാമെന്നും ധരിപ്പിച്ചു. അങ്ങിനെതന്നെയെന്നു ഉദയനാൻ സമ്മതിച്ചു. സർപ്പം വീണയെ അദ്ദേഹത്തിനു കൊടുത്തിട്ടു് പോകയുംചെയ്തു. ഉദയനാൻ അമ്മയോടു് ഈ വൃ

ത്താന്തം പറഞ്ഞു. അദ്ദേഹത്തിൽ ബാല്യകാലംമുതൽക്കേ കണ്ടുതുടങ്ങിയ സഹജമായ ഔദാൎയ്യത്തെ മൃഗാവതി അഭിനന്ദിച്ചു. കാട്ടാളൻ വളവില്ക്കാനായി കൌശാംബിയിൽ ചെന്നു. രാജനാമാങ്കിതമായ കടകം കണ്ടു് രാജപുരുഷന്മാർ അവനെ സഹസ്രാനീകന്റെ മുൻപിൽ ഹാജരാക്കി. അവന്റെപക്കൽനിന്നും തന്റെ ഭാൎയ്യ, ഉദയഗിരികാനനത്തിൽ ഉണ്ടെന്നറിഞ്ഞു് രാജാവു് അങ്ങോട്ടു പുറപ്പെട്ടു. വ്യാധൻ മാൎഗ്ഗദർശിയായിത്തീൎന്നു. ജമദഗ്നിയുടെ ആശ്രമത്തിൽ ചെന്നു് സഹസ്രാനീകൻ വളരെക്കാലമായി പിരിഞ്ഞിരുന്ന തന്റെ ഭാൎയ്യയേയും പുത്രനേയും കണ്ടു സന്തോഷിച്ചു. എല്ലാവരുംകൂടി കൌശാംബിയിലേക്കു തിരിച്ചു. സ്വദേശത്തെത്തി വളരെനാൾ സുഖിച്ചുതാമസിക്കയും ചെയ്തു. ഔദാൎയ്യം മൂലം ഗുണം അല്ലാതെ ദോഷം ഉണ്ടാകയില്ല.

---

## ഏഷണി.

---

### മന്ഥര.

ഏഷണി എന്നു പറഞ്ഞാൽ, രണ്ടുകൂട്ടരെ പറഞ്ഞിളക്കി, തമ്മിൽ കടിപിടികൂട്ടുകയും, കാൎയ്യഹാനിവരുത്തുകയും ചെയ്യുന്ന പ്രവൃത്തിയാകുന്നു. ഇതു് അസൂയകൊണ്ടും വിനോദംകൊണ്ടും രണ്ടുതരത്തിലുണ്ടു്. സാക്ഷാൽ നാരദന്റെ പ്രവൃത്തി വിനോദത്തിനുവേണ്ടി മാത്രമാകുന്നു. എങ്കിലും ഏഷണിവിദ്യയ്ക്കു് പൊതുവേ "നാരദക്രിയ" എന്നു പറഞ്ഞുവരുന്നു. ഏഷണി പറഞ്ഞു് കുറിക്കുകൊള്ളിക്കുവാൻ മിടുക്കുള്ളവർ വളരെ പേരുണ്ടു്. ഈ ഒരു വിദ്യയില്ലായിരുന്നു എങ്കിൽ, ലോകം മിക്കവാറും ശാന്ത

മായി ഇരിക്കുമായിരുന്നു. കൂട്ടവും കുത്തും കൊലയും കോലാഹലവുമെല്ലാം ഇതിന്റെ പ്രയോഗഭേദംകൊണ്ടുണ്ടാകുന്ന ഫലങ്ങളാകുന്നു. ഒരു കാൎയ്യം നടത്തുന്നതിലും മുടക്കുന്നതിലും ഇതിന്റെ കുറിക്കു കൊള്ളിക്കുന്ന പ്രയോഗശക്തി പ്രവൎത്തിക്കുന്നതു് പരിശോധിച്ചാൽ രസകരമായിരിക്കും.

രാമനെ യുവരാജാവാക്കി അഭിഷേകം നടത്തുവാൻ ഒരുക്കങ്ങളെല്ലാം പൂൎത്തിയായി. ഈ സംഗതി മന്ഥരയ്ക്കറിവുകിട്ടി. മന്ഥര, കൈകേയിയുടെ ഒരുററതോഴിയാകുന്നു. മന്ഥരയ്ക്കു് ഏതു കാൎയ്യവും പറഞ്ഞു ഫലിപ്പിക്കുവാൻ സാമൎത്ഥ്യമുള്ളതു നിമിത്തം കൈകേയി അവൾക്കധീനയായിരുന്നു. അഭിഷേകം നടത്തുവാൻ വിചാരിച്ചിരുന്നതിന്റെ തലേനാൾ മന്ഥര കൈകേയിയെ കാണുവാൻ പോയി. കൈകേയി അവളെ അവസ്ഥയനുസരിച്ചു് സല്ക്കരിച്ചു. കുലവാഴ, തോരണങ്ങൾ, ആശംസാവാക്യങ്ങൾ മുതലായി പല സമ്പ്രദായങ്ങൾകൊണ്ടു് രാജ്യം മുഴുവൻ സന്തോഷസൂചകമായ ഒരാഘോഷത്തെ പ്രതീക്ഷിക്കുന്നതായി കാണുന്നതു് രാമാഭിഷേകമാണെന്നു് മന്ഥര മനസ്സിലാക്കി. ഇതുകണ്ടു് മന്ഥരയ്ക്കല്പം അസൂയയുണ്ടായി. ഏതുചെയ്തും ഇതിനെ മുടക്കണമെന്നു മന്ഥര വിചാരിച്ചു.

കൈകേയി—ഹേ! തോഴി! രാജ്യം മുഴുവൻ കാണുന്ന കോലാഹലത്തിനു കാരണം എന്താണെന്നു മനസ്സിലായോ?

മന്ഥര—മനസ്സിലായി. നാളെ രാമാഭിഷേകമുണ്ടെന്നുള്ള അറിയിപ്പാകുന്നു. നീ എന്തിനാണു് ഇതിൽ സന്തോഷിക്കുന്നതു്?

കൈ—രാമൻ എൻെറ വാത്സല്യഭാജനമായിരിക്കെ എനിക്ക് സന്തോഷിപ്പാൻ അവകാശമില്ലേ? അവന് കൌസല്യയേക്കാഠം എന്നിലാണ് അധികമായി അ ദാവുള്ളത്. നീ എന്താണിതിൽ ഭയപ്പെടുന്നത്?

മന്ഥ.—മായീ! എനിക്കിതിൽ ഭയമില്ല. ഭയപ്പെടേണ്ടതു നീയാണ്. രാമനു രാജ്യം ലഭിച്ചാൽ അതിൻെറ കൈ കാര്യകർത്തൃത്വം ലക്ഷ്മണനു ലഭിക്കും. അതുമൂലം കൌസല്യയ്ക്കും സുമിത്രയ്ക്കും ഭാഗ്യംതന്നെ. നിൻെറ മകന് അതുകൊണ്ടെന്തുഫലം? അവരെ ശുശ്രൂഷിച്ചു നടക്കണം. ദശരഥൻെറ കാലം കഴിഞ്ഞാൽ അവ കാശവാദം പുറപ്പെട്ടുവിച്ചെങ്കിലോ എന്നു വിചാ രിച്ച് ചിലപ്പോഠം നിൻെറ പുത്രനേയും നിന്നെയും നാട്ടിൽനിന്നു ബഹിഷ്കരിക്കാനും മതി. തൻെറ അവകാശത്തെ വാദിച്ചെടുക്കാൻ കഴിയാത്തവർ കഥയില്ലാത്ത പശുക്കഠംതന്നെ. നിനക്കു കിട്ടുവാൻ അവകാശപ്പെട്ട രാജ്യം കൌസല്യയ്ക്കു കിട്ടുവാൻ സംഗതിയാകുന്നത് നിൻെറ കൊള്ളരുതായ്മകൊണ്ടാകുന്നു.

കൈകേയി—ശരിതന്നെ. ഞാൻ ഇതത്ര വിചാരിച്ചില്ല. എൻെറ മകനും രാജകുമാരൻതന്നെ. ഈ രാജ്യത്തിന് അവനും ന്യായമായ അവകാശമുണ്ട്. ഇനി എന്തുചെയ്യും. രാജ്യം നാളെത്തന്നെ രാമനു ലഭിക്കു മല്ലോ.

മന്ഥര—അതിനു ഭയം വേണ്ടാ. നിനക്കു സാമർത്ഥ്യമുണ്ടെങ്കിൽ രാജ്യം നിനക്കുതന്നെ കിട്ടും. അതിനു ശരിയായ കൌശലമുണ്ട്. പണ്ടു രാജാവു നിന ക്കു രണ്ടു വരങ്ങഠം തന്നിട്ടുണ്ടല്ലോ. അതിപ്പോഠം

ആവശ്യപ്പെടണം. അവയിൽ ഒന്ന് രാജ്യം ഭരതനതന്നെ കൊടുക്കണമെന്നും, മറേറത്ത് രാമൻ പതിന്നാലുകൊല്ലം കാട്ടിൽ പാൎക്കണമെന്നും ആയിരിക്കണം. ഇപ്പോൾതന്നെ ആവശ്യപ്പെട്ടുകൊള്ളുക. രാജാവു് നിന്നെ വല്ലവിധവും സമാധാനപ്പെടുത്തീട്ട്, രാജ്യം രാമനു കൊടുക്കാൻ ശ്രമിക്കും. ആ മിരട്ടിൽ നീ അകപ്പെടരുത്. നീ കോപത്തോടും വാശിയോടുംകൂടി ഇതിൽ പ്രവൎത്തിക്കണം. എന്നാൽ നിന്റെ ഹിതം സാധിക്കും. ഇപ്പോൾ ഞാൻ പോകുന്നു. അടുത്തുതന്നെ വന്നു കണ്ടുകൊള്ളാം.

കൈകേയി—സമയത്ത് എന്നെ മറന്നുപോകാതെ, നീ വന്ന് ഓൎമ്മപ്പെടുത്തിയരിന്നെ ഞാൻ നന്ദിയോടുകൂടി വിചാരിച്ചുകൊള്ളാം.

ഇങ്ങനെ പറഞ്ഞു് അവർ തമ്മിൽ പിരിഞ്ഞു. കൈകേയി നിർബന്ധമായി രാജാവിനോടു വാഗ്ദാനങ്ങൾ ആവശ്യപ്പെടുകയും സത്യവ്രതനായ രാജാവു് കുഴങ്ങുകയുംചെയ്തു. മന്ഥരയുടെ ഏഷണിയുടെ ഫലമായി രാമൻ കാട്ടിൽ പോവുകയും ഭരതൻ ക്ലേശത്തോടുകൂടി പതിന്നാലുകൊല്ലം ഭരിക്കുകയും, രാജ്യത്തിന്റെ ഉത്സാഹശ്രീ പെട്ടെന്നു മങ്ങുകയും ചെയ്തു.

# രാജദ്രോഹിയായ വിഭീഷണൻ.

---

ഒരു രാജാവിന്റെ ജീവനെയോ, അദ്ദേഹത്തെക്കുറിച്ചു് പ്രജകൾക്കുള്ള വിശ്വാസത്തെയോ ധ്വംസിക്കുവാൻ ചെയ്യുന്ന എല്ലാ പ്രവൃത്തികളും രാജദ്രോഹമാകുന്നു. ഇതു് കുററങ്ങളിൽവച്ചു് വളരെ വലുപ്പമുള്ളതാണെന്നു് ഇതിനു നിശ്ചയിച്ചിട്ടുള്ള ശിക്ഷകൊണ്ടുനാമാനിക്കാവുന്നതാകുന്നു രാജദ്രോഹിയെ നാടുകടത്തുകയും വെടിവെച്ചുകൊല്ലുകയും ചെയ്യാം.

ഒരിക്കൽ ലങ്കാരാജ്യം അടക്കി ഭരിച്ചിരുന്ന രാവണൻ എന്ന രാക്ഷസരാജാവിനു് വിഭീഷണൻ എന്ന ഒരനുജനുണ്ടായിരുന്നു. രാവണൻ തന്റെ കൈയ്യൂക്കുകൊണ്ടു് ലങ്കാരാജ്യത്തിന്റെ ഐശ്വര്യത്തെ വൎദ്ധിപ്പിച്ചു. അയാളെ അക്കാലത്തു് ഭയപ്പെടാത്തവർ ഇല്ല. അയാൾ അതിസമൎത്ഥനായ യോദ്ധാവും ഈശ്വരഭക്തനും പണ്ഡിതനും ആയിരുന്നു. അയാൾ ഉണ്ടാക്കീട്ടുള്ള താണ്ഡവസ്തോത്രം മുതലായ കവിതകൾ, അൎത്ഥപുഷ്ടികൊണ്ടു് ഗഹനങ്ങളാകുന്നു. അയാൾ ഒരിക്കൽ ശ്രീരാമന്റെ ഭാൎയ്യയെ മോഷ്ടിച്ചുകൊണ്ടുപോയി ലങ്കയിൽ പാൎപ്പിച്ചു. ശ്രീരാമൻ വാനരസൈന്യവുമായി ലങ്കയെ ആക്രമിക്കാൻ ഒരുമ്പെട്ടു. അക്കാലത്തു് വിഭീഷണൻ ശത്രുപക്ഷത്തിൽ ചേൎന്നു രാവണനെ ദ്രോഹിക്കുവാൻ തുടങ്ങി. രാവണനെ കൊല്ലുന്നതിനുള്ള കൌശലങ്ങളെല്ലാം വിഭീഷണന്റേതായിരുന്നു. ചെറുപ്പംമുതല്ക്കുതന്നെ വിഭീഷണൻ രാവണനെ സ്നേഹിച്ചിരുന്നില്ല. ചിലർ വിഭീഷണൻ സാത്വികനാണെന്നു പറയുന്നതു് തെററാകുന്നു. സഹോദരസ്നേഹമില്ലാത്തവൻ ലോകത്തിൽ ആരെയും സ്നേഹിക്കുവാൻ യോഗ്യനല്ല. അവനോടു് കാൎയ്യം കാണ്മാനല്ലാതെ, സത്യമായ

സ്നേഹത്തോടെ വൎത്തിക്കുവാൻ ആരും തയ്യാറാവുകയില്ല. വിഭീഷണൻ രാമനോടു ചേൎന്നുനിന്നുകൊണ്ടു് രാവണനെ കൊലപ്പെടുത്തുകയും, രാജ്യത്തിനു പൊതുവെ നാശമുണ്ടാക്കുകയും ചെയ്തു. ഭ്രാതൃസ്നേഹംകൊണ്ടു് പിതാവിനെപ്പോലെ വിചാരിക്കയും ആചരിക്കയും ചെയ്വാൻ കടപ്പെട്ടിട്ടുള്ള ജ്യേഷ്ഠനെ (രാവണനെ) ശത്രുപക്ഷത്തിൽ ചേൎന്നുനിന്നു കൊല്ലിച്ചതുനിമിത്തം അറിവുള്ളവർ വിഭീഷണനെ രാജ്യദ്രോഹിയായി വിചാരിച്ചുവരുന്നു.

SREE KRISHNA VILASOM GRANDHASALA MALAYINGIL

## രാമന്റെ അധൎമ്മപ്രവൃത്തികൾ.

### ൧. ബാലിവധം.

കിഷ്കിന്ധാരാജ്യത്തിൽ ബാലി എന്നും സുഗ്രീവനെന്നും രണ്ടു വാനരരാജാക്കന്മാരുണ്ടായിരുന്നു. എതിൎത്താൽ ആരെയും തോല്പിക്കത്തക്ക ശരീരബലം ബാലിക്കുണ്ടായിരുന്നതിനാൽ, അക്കാലത്തു് ബാലിയോടു നേൎത്തു് യുദ്ധം ചെയ്വാൻ അധികം ആരും തുനിഞ്ഞിരുന്നില്ല. സുഗ്രീവനും ബലവാൻതന്നെയായിരുന്നു. എന്നാൽ ശരീരശക്തി അയാൾക്കു് ബാലിയോളമുണ്ടായിരുന്നില്ല. ഇവർ തമ്മിൽ ഒരമ്മയിൽനിന്നു ജനിച്ച സഹോദരന്മാരാകുന്നു. ഇവർ പരസ്പരം സ്നേഹത്തോടുകൂടിയല്ലാ വളൎന്നതു്. ഒരിക്കൽ കാരണവശാൽ ബാലിയും സുഗ്രീവനും തമ്മിൽ പിണങ്ങി. സുഗ്രീവൻ തോറേറാടി ഋശ്യമൂകപൎവ്വതത്തിൽ ചെന്നു പാൎത്തു. രാമന്റെ ഭാൎയ്യയെ രാവണൻ മോഷ്ടിച്ചുകൊണ്ടുപോകയാൽ, രാവണനേയും സീതയേയും അന്വേഷിച്ചു നടന്നിരുന്ന രാമൻ സുഗ്രീവനുമായി കണ്ടുമുട്ടി ഒരു കരാറു ചെയ്തു.

ബാലിയെക്കൊന്നു് രാജ്യം സുഗ്രീവനു കൊടുക്കാമെന്നു് രാമനും, രാവണനെയും സീതയേയും തെരഞ്ഞുപിടിച്ചുകൊടുക്കയും, രാവണനെ കൊല്ലുവാൻ സഹായിക്കയും ചെയ്യാമെന്നു് സുഗ്രീവനും അന്യോന്യം പ്രതിജ്ഞാപൂർവ്വം സത്യംചെയ്തു. ഈ കരാറനുസരിച്ചു് സുഗ്രീവൻ ബാലിയുമായി യുദ്ധംചെയ്തു. രാമൻ ഒളിച്ചുനിന്നു ബാണമെയ്തു് ബാലിയെ കൊന്നു. രാമന്റെ പ്രവൃത്തി വീരധർമ്മമല്ല. രാജാക്കന്മാരോ നല്ല യോധന്മാരോ മനഃപൂർവ്വം ആരെയും ചതിച്ചു കൊല്ലുകയില്ല. ചതിച്ചുകൊല്ലുന്നവർ ഭീരുക്കളാകുന്നു. ഒരുവനോടു് നേരിട്ടുനിന്നു യുദ്ധംചെയ്കയും കൊല്ലുകയും ചെയ്യുന്നതു മാത്രമെ വീരധർമ്മമായിരിക്കയുള്ളു. ചതി നീചകർമ്മമാകുന്നു. അതിനെ ബലവാന്മാർ അംഗീകരിക്കയില്ല. നീതി എന്നതു് മററു വിഷയങ്ങളിൽ എന്നപോലെ, യുദ്ധത്തിലും അംഗീകരിക്കുക നിയമസിദ്ധമാകുന്നു. രാമന്റെ യശസ്സിനു് ഇതുമൂലം സാരമായ ആക്ഷേപമുണ്ടായിട്ടുണ്ടു്. തന്മൂലം രാമൻ നീതിമാനെന്നു് ആരും പറകയില്ല. രാമന്റെ പ്രവൃത്തി അനുകരണയോഗ്യവുമല്ല.

---

## ൨. സീതാപരിത്യാഗം.

---

രാമൻ തന്റെ ഭാർയ്യയായ സീതയെ, ഗർഭിണിയായിരിക്കുന്ന കാലത്തു് കാട്ടിൽ ഉപേക്ഷിച്ചു. സീത, രാവണഗൃഹത്തിൽ നാലുമാസം താമസിച്ചിരുന്നതുനിമിത്തം, പാതിവ്രത്യഭംഗമുണ്ടായിരിക്കാമെന്നുള്ള സംഗതിയാണു് സീതാപരിത്യാഗത്തിനു കാരണം. ഇതു ശരിയല്ല. രാവണനെ കൊന്നശേഷം, രാമൻ പരസ്യമായി പറഞ്ഞു

പരീക്ഷകൊണ്ട്, പാതിവ്രത്യഭംഗമില്ലെന്നു ബോധം വന്നതിൽപിന്നെയാണ് സീതയെ വീണ്ടും സ്വീകരിച്ചത്. രാമന് സീതയെക്കുറിച്ച് സംശയമുണ്ടായിരുന്നു എങ്കിൽ അവളെ വീണ്ടും അംഗീകരിക്കേണ്ടതില്ലായിരുന്നു. എപ്പോൾ വീണ്ടും അംഗീകരിച്ചുവോ അപ്പോൾ അവൾ പരിശുദ്ധയെന്നു് ബോദ്ധ്യമുണ്ടായിരിക്കുന്നു. ആ നിലയിൽ അവളെ അംഗീകരിക്കയും, ഭാര്യയായി പാലിക്കയും ചെയ്തിരിക്കേ, ഗർഭമുണ്ടായകാലത്തു് ദോഷശങ്കയെന്നു പറഞ്ഞു് അവളെക്കാട്ടിൽ തള്ളിക്കളഞ്ഞതു് ഭയങ്കരമായ അനീതിയാകുന്നു. ബുദ്ധിഹീനന്മാർപോലും ഇങ്ങനെ ചെയ്യാറില്ല. രാജധർമ്മത്തിന് ഏററവും വിരുദ്ധമായ ഒരു പ്രവൃത്തിയാകുന്നു ഇതു്. അതിനാൽ രാമൻ നീതിമാനായിരുന്നില്ലെന്ന് അറിവുള്ളവർ വാദിക്കുന്നു.

---

## സത്യം

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

---

### ഹരിശ്ചന്ദ്രൻ.

ഒരിക്കൽ ഹരിശ്ചന്ദ്രൻ എന്ന രാജാവു്, വിശ്വാമിത്രൻ എന്ന രാജർഷിക്ക്, കുറെ അധികം ധനം ദാനം ചെയ്തു. വിശ്വാമിത്രൻ ആ ധനം അപ്പോൾ കൊണ്ടുപോയില്ല. ആവശ്യപ്പെടുമ്പോൾ മടക്കി കൊടുക്കണമെന്നു പറഞ്ഞു് ആ ധനം ഹരിശ്ചന്ദ്രനെത്തന്നെ ഏൽപ്പിച്ചിരുന്നു. അദ്ദേഹത്തിൻെറ സത്യവ്രതം പരീക്ഷിക്കാനായി വിശ്വാമിത്രൻ കുറെ കള്ളന്മാരെ വിട്ടു് ആ ധനം മുഴുവൻ കൊള്ളചെയ്യിച്ചു. ധനം നശിച്ചുപോയതറിഞ്ഞു് വിശ്വാമിത്രൻ ആവശ്യപ്പെട്ടു. തന്നെ ഏല്പിച്ചിരുന്ന ധനം പൊയ്പോയതിനാൽ, തൻെറ രാജ്യവും മററു സ്വത്തുക്കളും

വിററുകൊടുത്തു. അതുകൊണ്ടു് കടം മുഴുവൻ അടയാതെ ബാക്കി വന്നു. പിന്നീടു വില്ക്കുവാൻ താനും ഭാൎയ്യയും മാത്രമേ ഉണ്ടായിരുന്നുള്ളു. വിശ്വാമിത്രൻ ബാക്കി ധനം വേണമെന്നു ഞെരുക്കി. അതു് ദുസ്സഹമായിത്തീൎന്നു. അദ്യം അയാൾ തന്റെ ഭാൎയ്യയെ പണയംവെച്ചു കിട്ടിയ ധനം കൊടുത്തു. അതും മതിയായില്ല. കടംപിന്നെയും ശേഷിച്ചു. സകല ഐശ്വൎയ്യശക്തികളോടു കൂടിയിരുന്ന ഒരു രാജാവായ തനിക്കു് ഇത്ര ഭയങ്കരമായ ഒരു താഴ്ന്ന സ്ഥിതി ദയനീയം എന്നു് ഹരിശ്ചന്ദ്രൻ വിചാരിച്ചു ദുഃഖിച്ചു. അദ്ദേഹത്തിന്റെ ഈ പരിതാപകരമായ സ്ഥിതിയിൽ പോലും, വിശ്വാമിത്രനു ദയയുണ്ടായില്ല. തന്റെ ബാക്കി തുക ഉടൻ തരണമെന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം ഹരിശ്ചന്ദ്രന്റെ പുറകെ നടന്നു. എന്നാൽ അതു കൊടുത്തുതീൎക്കാൻ മാൎഗ്ഗമില്ലാതായി. ആ അവസരം കണ്ടു "ഇല്ല" എന്നു പറഞ്ഞാൽ പൊയ്യുളയാമെന്നു് ആ മുനി പറഞ്ഞു. അങ്ങനെ താൻ ഒരിക്കലും പറകയില്ലെന്നും, തന്റെ ദേഹംകൂടി പണയപ്പെടുത്തിയും കൊടുത്തുതീൎക്കുന്നതാണെന്നും ധീരതയോടെ സിദ്ധാന്തിച്ചു. അതിന്മണ്ണം ഒരു പറയനു് ഹരിശ്ചന്ദ്രൻ തന്റെ ദേഹം പണയപ്പെടുത്തി ബാക്കി തുകകൂടി കൊടുത്തു തീൎത്തു. സത്യം തന്നെ പറകയുള്ളു എന്നു് സിദ്ധാന്തമുള്ള സത്യവ്രതന്മാർ, എത്ര താഴ്ന്ന സ്ഥിതിയിലായാലും ആ ദിവ്യവ്രതത്തെ മുടക്കുകയില്ലെന്നുള്ളതു് അവിതൎക്കിതമാകുന്നു.

ശുഭം.

# വിജ്ഞാപനം.

| | രൂ. | ണ. | സ. |
|---|---|---|---|
| കേരളഭാഷാസാഹിത്യചരിത്രം 1-ാംഭാഗം | 2 | 0 | 0 |
| ടി 2-ാംഭാഗം | 2 | 8 | 0 |
| ശ്രീരാമാനുജൻ എഴു[illegible] | 1 | 0 | 0 |
| അ[illegible]ചല്ലി നോ[illegible] | 1 | 0 | 0 |
| [illegible]ംശുമതി ടി | 1 | 0 | 0 |
| ര[illegible]ാമണി 1-[illegible] ടി | [illegible] | 0 | 0 |
| 2-ാംഭാഗം ടി | 1 | 4 | 0 |
| ശ്രീ. അംബാദേവി ടി | 1 | 0 | 0 |
| സാഹിത്യപ്രവേശിക | 1 | 0 | 0 |
| കഥകളിപ്രദീപിക | 0 | 12 | 0 |
| സുകേശിനി ടി | 0 | 12 | 0 |
| ദൈവവിവാസം ടി | 0 | 12 | 0 |
| ആദികേരളീയചരിത്രം | 0 | 10 | 0 |
| പ്രാചീനകേരളം | 0 | 8 | 0 |
| തുളസീദാസചരിത്രം | 0 | 8 | 0 |
| അനുരാഗോൽക്കർഷം ടി | 0 | 8 | 0 |
| ചന്ദ്രലേഖ ടി | 0 | 8 | 0 |
| സാഹിത്യഭൂഷണം | 1 | [illegible] | 0 |
| ക[illegible]ള്യാണസൌ[illegible]ധം | [illegible] | 0 | 0 |
| സ[illegible]ന്ദ്രദീപം | 0 | 4 | 0 |
| [illegible]ജ്യോതിഷസാരസംഗ്രഹം 1-ം 2-ം ഭാഗങ്ങൾ | 2 | 0 | 0 |
| [illegible]വിതാംകൂർചരിത്രം | 1 | 0 | 0 |
| [illegible]നാട്യശാസ്ത്രം | 0 | 6 | 0 |

അപേക്ഷിക്കേണ്ട [illegible] —

[illegible]ാവിന്ദപിള്ള,
വിദ്യാവില[illegible]സിനി [illegible]ക്കഡിപ്പോ,
ചാല—തിരുവനന്തപുരം.

Q. 1164

# പുരാണകഥകൾ.

P. G. PILLAI,
TRIVANDRUM.

[വില അണ 6.

Indic Digital Archive Foundation
gpura.org